# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 1, 2015 പുസ്തകം 1 ലക്കം 7
March 1, 2015 Volume1 Issue 7
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസിസ്റ്റന്റ് എഡിറ്റേഴ്സ്
**അരുൺ എസ്.എസ്.**
**രാജേഷ് സി.**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **നാഫിഹ് എം.,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** *സമകാലിക ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2517036**


മുഖക്കുറിപ്പ്

# ദിശാബോധമുള്ള ബജറ്റ്

സംസ്ഥാനത്തിന്റെ വികസനത്തിനും ജനക്ഷേമത്തിനും ഊന്നൽ നൽകുന്ന സുചിന്തിത മാർഗ്ഗ രേഖയാണ് ധനമന്ത്രി കെ.എം.മാണി അവതരിപ്പിച്ച ബജറ്റ്. സംസ്ഥാനം നേരിടുന്ന സാമ്പത്തികാവസ്ഥയെ പ്രായോഗികവും ദിശാബോധവുമുള്ള കാഴ്ചപ്പാടോടെ അഭിമുഖീകരിക്കാൻ ധനമന്ത്രിക്ക് കഴിഞ്ഞു.

ബജറ്റിൽ മുഖ്യപരിഗണന കൊടുക്കുന്ന ഏഴ് മേഖലകൾ നിലവിലെ സാമ്പത്തികാവസ്ഥയെ ദീർഘവീക്ഷണത്തോടെ വിഭാവനം ചെയ്യുന്നു.

അടിസ്ഥാന സൗകര്യ വികസനത്തിനും കാർഷിക മേഖലയുടെ ഉണർവിനും പ്രാധാന്യം നൽകിയതിനു പുറമേ മികച്ച ആരോഗ്യം, തൊഴിൽ സംരംഭകർക്ക് ഉത്തേജനം, എല്ലാവർക്കും പാർപ്പിടം, ക്ഷേമ പ്രവർത്തനങ്ങൾ, ഡിജിറ്റൽ ഇന്ത്യ മാതൃകയിൽ തയ്യാറാക്കിയ ഡിജിറ്റൽ കേരള പദ്ധതി എന്നിവ ബജറ്റിലെ മുഖ്യ പരിപാടികളായി.

തൊഴിൽ സംരംഭകർക്കായി ഇത്തവണയും വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിലെ മാറ്റം ലക്ഷ്യമിട്ട് ഹൈടെക്, ഓർഗാനിക് കൃഷി പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു. റബ്ബറിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് വലിയ ചുവടുവയ്പാണ് ബജറ്റിലൂടെ ധനമന്ത്രി നടത്തിയിട്ടുള്ളത്. കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകി 20,000 മെട്രിക് ടൺ റബ്ബർ വാങ്ങാനുള്ള പ്രഖ്യാപനം 12 ലക്ഷത്തോളം വരുന്ന ചെറുകിട റബ്ബർ കർഷകർക്ക് ആശ്വാസമാകും. നെല്ല് സംഭരണത്തിനും നാളികേര വികസനത്തിനും സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷിക്കുമായി വിവിധങ്ങളായ പദ്ധതികളും കർഷകരെ പലിശബാധ്യതയിൽ നിന്ന് ഒഴിവാക്കുന്നതിന് ഉതകുന്ന പ്രഖ്യാപനങ്ങളും കാർഷിക മേഖലയ്ക്ക് ഉത്തേജനമാകും.

ബജറ്റ് നിർദ്ദേശങ്ങളുടെ സംക്ഷിപ്ത വിവരം പ്രിയ വായനക്കാർക്കായി സമകാലിക ജനപഥത്തിന്റെ ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

# സമകാലിക ജനപഥം

മാർച്ച് 1, 2015






**6**
ജി. കാർത്തികേയൻ
സമാനതകളില്ലാത്ത വ്യക്തിത്വം

**8**
ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം

**21**
2015-16 ബജറ്റ് ഒറ്റനോട്ടത്തിൽ
അജിത് വെണ്ണിയൂർ

48 ജാലകം

50 ജില്ലകളിലൂടെ

53 പദപാഠം

54 കാലത്തിനൊപ്പം

30
**സ്ത്രീകളോടുള്ള അനീതി കുറച്ചത് സ്ത്രീമുന്നേറ്റം**
മന്ത്രി പി.കെ. ജയലക്ഷ്മി/അരുൺ എസ്.എസ്.

34
**ആത്മാഭിമാനം കൈവിടരുത്**
നളിനി നെറ്റോ ഐ.എ.എസ്./രാജേഷ് സി. ബോസ്

36
**സ്ത്രീ സമത്വം കുടുംബത്തിൽ തുടങ്ങണം**
ബി. സന്ധ്യ ഐ.പി.എസ്./രാജേഷ് സി. ബോസ്

38
**തളരാത്ത പോരാട്ടവീര്യം**
മേരി റോയ്/സിനി കെ. തോമസ്

28
**ആയിരങ്ങൾക്ക് സാന്ത്വനമേകിയ റവന്യൂ അദാലത്ത്**
അടൂർപ്രകാശ് (റവന്യൂ സർവ്വേ മന്ത്രി)





45
**ചരിത്രത്തിനൊപ്പം ചില മായാചിത്രങ്ങൾ**
ഇ. കെ. പത്മനാഭൻ

46
**ഇതിഹാസ വഴിയിൽ**
ഗോപി നാരായണൻ





41
**അരങ്ങിനെ നെഞ്ചേറ്റി ഒരു നാട് ഒഴുകിയെത്തി**
ഇ. കെ. പത്മനാഭൻ

43
**സാംസ്കാരിക പ്രതിഫലനം**
എം.കെ. മുനീർ
(പഞ്ചായത്ത് സാമൂഹികനീതി മന്ത്രി)






ജി.കാർത്തികേയൻ

# ജി. കാർത്തികേയൻ
## സമാനതകളില്ലാത്ത വ്യക്തിത്വം

**കുലീനമായ പെരുമാറ്റത്തിലൂടെ രാഷ്ട്രീയ പ്രതിയോഗികളുടെ പോലും ആദരവ് നേടിയ വ്യക്തിത്വമായിരുന്നു ജി. കാർത്തികേയന്റേത്**

കേരള രാഷ്ട്രീയത്തിലും സാംസ്കാരിക ലോകത്തും നിറദീപമായി ജ്വലിച്ചു നിന്ന നേതാവായിരുന്നു ജി. കാർത്തികേയൻ. ജനപ്രതിനിധികൾക്ക് പ്രിയങ്കരനായ സ്പീക്കറായും മന്ത്രിയായും അദ്ദേഹം തിളങ്ങി.

തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ കണ്ണംബയിലാണ് കാർത്തികേയന്റെ ജനനം. അച്ഛൻ എൻ.പി. ഗോപാലപിള്ളയ്ക്കൊപ്പം ഒൻപതു വയസ്സുവരെ ബ്രൂണോയിലായിരുന്നു. നാട്ടിലെത്തിയശേഷം അമ്മ വനജാക്ഷിയമ്മയുടെ സ്നേഹംകലർന്ന കരുതലുണ്ടായിരുന്നു. ആ സ്നേഹകരുതലാണ് വീടിനടുത്തുള്ള സന്മാർഗപ്രദായനി വായനശാലയിലേക്ക് കാർത്തികേയനെ നയിച്ചത്. ഇടവ മുസ്ലീം ഹൈസ്കൂളിൽ പഠിക്കുന്ന കാലം മുതൽ കെ.എസ്.യുവിൽ ആകൃഷ്ടനായി തുടർന്ന് കൊല്ലം എസ്.എൻ. കോളേജിൽ നിന്നും പ്രീഡിഗ്രിയും വർക്കല എ. എൻ. കോളേജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും കരസ്ഥമാക്കി. നിയമത്തിൽ ബിരുദവും നേടി. കെ.എസ്. യുവിലൂടെ രാഷ്ട്രീയത്തിൽ വന്ന കാർത്തികേയൻ പിന്നെ കേരളത്തിലെ അറിയപ്പെടുന്ന കോൺഗ്രസ് നേതാക്കളിൽ ഒരാളായി. കേരള സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി, സെനറ്റ് മെമ്പർ, കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

സ്വാതന്ത്ര്യാനന്തര കോൺഗ്രസിന്റെ വളർച്ചയ്ക്കും വീഴ്ചയ്ക്കും സാക്ഷിയായിരുന്നു അദ്ദേഹം. 1980 ൽ വർക്കല നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് മത്സരിച്ചു. ഇടതുപക്ഷത്തെ കരുത്തനായ വർക്കല രാധാകൃഷ്ണനോട് പരാജയപ്പെട്ട കാർത്തികേയൻ 82 ൽ തിരുവനന്തപുരം നോർത്തിൽ നിന്നും നിയമസഭയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു.

1991 മുതൽ ആര്യനാട് മണ്ഡലം കാർത്തികേയനെ സ്വന്തമാക്കി. 2011 ൽ മണ്ഡലത്തിന്റെ പേര് അരുവിക്കര എന്നായപ്പോഴും ജനമനസ്സുകൾ കാർത്തികേയനെ കൈവിട്ടില്ല. ജി.കെ. എന്ന് പ്രിയപ്പെട്ടവർ വിളിക്കുന്ന കാർത്തികേയൻ രണ്ടു തവണ മന്ത്രിയായി. 1995 ൽ എ.കെ. ആന്റണി മന്ത്രിസഭയിൽ വൈദ്യുതിമന്ത്രിയായിരുന്ന അദ്ദേഹം 2001 ലെ ആന്റണി മന്ത്രിസഭയിൽ ഭക്ഷ്യ-സിവിൽസപ്ലൈസ്, സാംസ്കാരിക, ദേവസ്വം വകുപ്പുകൾ കൈകാര്യം ചെയ്തു. പ്രതിപക്ഷ ഉപനേതാവ്, പാർട്ടി ചീഫ് വിപ്പ്, നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി ചെയർമാൻ എന്നീ പദവികളിലും തിളങ്ങിനിന്നു.

ജീവിതത്തിൽ പദവികൾ കാർത്തികേയൻ ആഗ്രഹിച്ചിരുന്നില്ല എന്നു പറഞ്ഞാൽ അതിശയോക്തിയായി തോന്നാമെങ്കിലും അതായിരുന്നു സത്യം. ലളിതജീവിതവും ഉന്നത ചിന്തകളും ജീവിതത്തിൽ പകർത്തിയ ആദർശധീരനായിരുന്നു അദ്ദേഹം. നിയമസഭാ ഹാളിനുള്ളിലെ ശീതളിമയിൽ ഒതുങ്ങിക്കൂടാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല.

ഓരോ സ്ഥാനത്തിരിക്കുമ്പോഴും ആ സ്ഥാനത്തിന്റെ ഉത്തരവാദിത്വംകൂടി മനസ്സിലാക്കി ആ സ്ഥാനമഹിമയ്ക്ക് കോട്ടം തട്ടാതിരിക്കുവാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. സ്പീക്കർ സ്ഥാനത്തിന് തന്റേതായ സംഭാവന നൽകാൻ ജി.കെയ്ക്ക് കഴിഞ്ഞു. സർക്കാരിന്റെ താത്പര്യങ്ങൾ അനുവദിച്ചും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിച്ചും അദ്ദേഹം എല്ലാ പ്രതിനിധികൾക്കും പ്രിയപ്പെട്ട സഭാനാഥനായി.

സ്പീക്കറുടെ ഡയസിന് വാച്ച് ആന്റ് വാർഡിന്റെ സംരക്ഷണം നിർത്തലാക്കിയത് കാർത്തികേയനാണ്. അംഗങ്ങൾ പക്വതയുള്ളവരായിരിക്കണമെന്നും ഒരു ജനാധിപത്യ സംവിധാനത്തിൽ അവർ എങ്ങനെ പെരുമാറണമെന്നുമുള്ളത് സ്വയം മനസ്സിലാക്കേണ്ട ഒരു പ്രക്രിയയാണെന്ന് അദ്ദേഹം വിശദീകരിച്ചു.

പരന്ന വായനയും നല്ല സിനിമകളോടുള്ള പ്രതിപത്തിയും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്ന മറ്റൊരു ഘടകമാണ്.

ഏതു വിഷയത്തിലും തന്റേതായ അഭിപ്രായം പറയാൻ കഴിവുണ്ടായിരുന്ന അപൂർവ വ്യക്തിത്വം. രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിന് അടിത്തറ പാകിയത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണമാണ്.

കരളിലെ അർബുദത്തെത്തുടർന്ന് 66ാം വയസ്സിൽ മാർച്ച് ഏഴിന് വിടവാങ്ങിയ പ്രിയപ്പെട്ട സ്പീക്കർ കേരള മനസ്സുകളിൽ എന്നും ജീവിക്കുകതന്നെ ചെയ്യും. രോഗവും അതിനെത്തുടർന്നുള്ള തീവ്ര ചികിത്സയും അദ്ദേഹത്തെ ആകെ തളർത്തിയിരുന്നുവെങ്കിലും ആ ആത്മവിശ്വാസത്തിന് അവസാനം വരെ തെല്ലും കോട്ടം സംഭവിച്ചിരുന്നില്ല. ■




ഗവർണർ പി.സദാശിവം നയപ്രഖ്യാപന പ്രസംഗം നടത്തുന്നു

# ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ, എല്ലാവർക്കും എന്റെ നമസ്കാരം.

1. കേരള നിയമസഭയുടെ 2015 ലെ പ്രഥമ സമ്മേളനത്തിലേക്ക് നിങ്ങളേവരെയും ഞാൻ ഹാർദവമായി സ്വാഗതം ചെയ്യുന്നു. ഞാൻ നിങ്ങളെ ആദ്യമായി അഭിസംബോധന ചെയ്യുന്ന ഈ അവസരത്തിൽ നിങ്ങൾക്കെല്ലാവർക്കും ഹൃദയംഗമമായ ആശംസകൾ നേരുന്നു. എന്റെ സർക്കാർ ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ, രാജ്യത്തെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റിയിട്ടുണ്ടെന്ന് നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈയിടെ അവസാനിച്ച 35 ാം ദേശീയ ഗെയിംസിൽ ഓവറോൾ ചാമ്പ്യൻഷിപ്പിൽ സംസ്ഥാനങ്ങൾക്കിടയിൽ കേരളം പ്രഥമ സ്ഥാനത്തെത്തി. ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷനിൽ (ഐ.ഒ.എ.) നിന്നും സ്പോർട്സ് സമൂഹങ്ങളിൽ നിന്നും ലഭിച്ച പ്രതികരണങ്ങൾ അനുസരിച്ച് ഇതുവരെ സംഘടിപ്പിക്കപ്പെട്ടവയിൽ ഇതായിരുന്നു ഏറ്റവും മികച്ച ദേശീയ ഗെയിംസ്. ഈ ദേശീയ ഗെയിംസ് ഒരു വൻവിജയമാക്കിത്തീർത്ത കായികതാരങ്ങളെയും പരിശീലകരെയും ഉദ്യോഗസ്ഥരെയും എന്റെ സർക്കാർ അനുമോദിക്കുന്നു. കേരളത്തിൽ 35 ാം ദേശീയ ഗെയിംസ് സംഘടിപ്പിച്ചതിന്റെ പ്രതീകമായി കാര്യവട്ടത്ത് അന്താരാഷ്ട്ര നിലവാരത്തോടുകൂടിയ ഗ്രീൻഫീൽഡ് സ്റ്റേഡിയം സജ്ജീകരിക്കുകയും എന്റെ സർക്കാർ, 213 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒൻപത് പുതിയ സ്റ്റേഡിയങ്ങൾ നിർമിക്കുകയും നിലവിലുള്ള 16 സ്റ്റേഡിയങ്ങളെ നൂതന സൗകര്യങ്ങളോടുകൂടി നവീകരിക്കുകയും ചെയ്തു.

2. 2011 മേയ് 18 ാം തീയതി അധികാരത്തിൽ വന്ന എന്റെ സർക്കാർ 'വികസനവും കരുതലും' ആണ് അതിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ 45 മാസങ്ങളിലായി ഏറ്റെടുത്ത വികസനപ്രവർത്തനങ്ങൾ സംസ്ഥാനത്തെ യഥാർത്ഥത്തിൽ 'ദൈവത്തിന്റെ സ്വന്തം നാടായി' മാറ്റിയിട്ടുണ്ട്. എന്റെ സർക്കാരിന് നേടാൻകഴിഞ്ഞ ദ്രുതഗതിയിലുള്ള വളർച്ചാനിരക്കും ഒട്ടേറെ വാഴ്ത്തപ്പെട്ട കേരള മോഡൽ വികസനവും ഇപ്പോൾ ലോകത്തിന്റെ തന്നെ ശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്നു. സദ്ഭരണത്തിനായുള്ള എന്റെ സർക്കാരിന്റെ ഉദ്യമങ്ങളെ ഐക്യരാഷ്ട്രസംഘടനപോലും പ്രശംസിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്കപരിപാടി 2013 ലെ യു.എൻ. പബ്ലിക് സർവീസ് അവാർഡ് നേടിയിട്ടുണ്ട്. 2025 ലെ ഭാരതത്തിന്റെ സാമ്പത്തിക ഭൂമിശാസ്ത്രം സംബന്ധിച്ച അടുത്തകാലത്തെ മെക്കിൻസി റിപ്പോർട്ട് മൊത്തം ആഭ്യന്തര ഉത്പാദനം, ആളോഹരി വരുമാനം, തൊഴിലാളികളുടെ ഉത്പാദനക്ഷമത, സാക്ഷരത, വൈദ്യുതീകരിക്കപ്പെട്ട ഭവനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന പ്രമുഖമായ എട്ടു സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ചിത്രീകരിക്കുന്നു. വിദ്യാഭ്യാസം, പരിസ്ഥിതി, ആരോഗ്യം, ദാരിദ്ര്യനിർമാർജനം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് എന്റെ സർക്കാർ ഐ.ബി.എൻ. ഡയമണ്ട് സ്റ്റേറ്റ് അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ് മികച്ച പൊതുജനപങ്കാളിത്ത ഉദ്യമത്തിനുള്ള വെബ് രത്ന അവാർഡ് നേടിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് അവാർഡ് എന്റെ സർക്കാർ ഈയിടെ നേടിയിട്ടുണ്ട്. ഈ മാസം അവസാനം ദേശീയ ഓപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് പൂർത്തിയാകുന്നതോടെ വകുപ്പുകളിലുടനീളം ഇ-ഗവേണൻസ് വ്യാപിപ്പിക്കൽ, ഇ-സാക്ഷരത കൈവരിക്കൽ, ഉയർന്ന തോതിലുള്ള മൊബൈൽ ഉപയോഗം, അക്ഷയകേന്ദ്രങ്ങളിലൂടെ സേവനം പ്രദാനം ചെയ്യൽ എന്നിവ വഴി കേരളം രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായിത്തീരുന്നതാണ്.

3. സർവതോമുഖമായ വളർച്ച സംബന്ധിച്ച് എന്റെ സർക്കാർ പിൻതുടർന്നുവരുന്ന വിശാലമായ കാഴ്ചപ്പാട് നീതി പൂർവകമായ സാമ്പത്തികവളർച്ച കൊണ്ടുവന്നിട്ടുണ്ട്. എന്റെ സർക്കാർ സമാരംഭിച്ച 'ഭൂരഹിതരില്ലാത്ത കേരളം പരിപാടി' മുഖേന ഒരു ലക്ഷത്തിലേറെ ഭൂരഹിത കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. അഞ്ചു വർഷക്കാലമായി പ്രവർത്തനരഹിതമായിരുന്ന സ്മാർട്ട്സിറ്റി പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളതും ആദ്യഘട്ടം പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായിരിക്കുകയുമാണ്. കൊച്ചി മെട്രോയിൽ പദ്ധതി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കണ്ണൂർ വിമാനത്താവളം 2016 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കപ്പെടുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഭാരതസർക്കാരിൽ നിന്നും പാരിസ്ഥിതികാനുമതിയും വയബലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്.) അനുമതിയും ലഭിച്ചിട്ടുള്ളതും അതുസംബന്ധമായ ജോലികൾ ഉടനടി ആരംഭിക്കുന്നതുമാണ്. എന്റെ സർക്കാർ സമാരംഭിച്ച കൊച്ചിയിലെ സ്റ്റാർട്ട്അപ് വില്ലേജും വിദ്യാർഥി സംരംഭകത്വ പരിപാടിയും രാജ്യത്തെ മറ്റുഭാഗങ്ങൾക്ക് മാതൃകയാണ്.

4. ക്ഷേമരംഗത്തെ സംബന്ധിച്ചിടത്തോളം എന്റെ സർക്കാർ എല്ലാ ക്ഷേമപെൻഷനുകളും യഥാസമയം വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതുകൂടാതെ അവ 500 രൂപയായി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ക്ഷീരകർഷകർക്കും പെൻഷൻ അനുവദിക്കുകയും പെൻഷൻതുക വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യകിരണം പദ്ധതിയിലൂടെ സാധാരണ ജനങ്ങൾക്ക് സമഗ്ര ആരോഗ്യപരിരക്ഷ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാരുണ്യ ചികിത്സാസഹായനിധിയുടെ പ്രയോജനം 25,000 ൽപ്പരം രോഗികൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇറാക്കിൽ ഭീകരരുടെ പിടിയിലകപ്പെട്ട നേഴ്സുമാരെ വിട്ടുകിട്ടുന്നതിൽ എന്റെ സർക്കാരിന് വിജയകരമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്. എന്റെ സർക്കാരിന്റെ ഈ ഉദ്യമം കേന്ദ്ര സർക്കാരിന്റെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. നമ്മുടെ മാതൃഭാഷയായ മലയാളത്തിന് 'ശ്രേഷ്ഠഭാഷ' പദവി നേടിയെടുക്കുവാൻ എന്റെ സർക്കാരിന് കഴിഞ്ഞു. സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്നും ഒൻപതായി വർധിപ്പിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിർഭയ പദ്ധതിക്ക് തുടക്കംകുറിച്ചു. റാന്നി-പെരിനാട്, പീച്ചി എന്നീ വൈദ്യുതപദ്ധതികൾ കമ്മിഷൻ ചെയ്യുവാൻ എന്റെ സർക്കാരിന് കഴിഞ്ഞു.

5. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് പ്രതിഫലദായകമായി വില ലഭിക്കുവാൻ സഹായകമാകുംവിധം എന്റെ സർക്കാരിന് ഫലപ്രദമായി വിപണി ഇടപെടൽ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്ത് ഇദംപ്രഥമമായി പച്ചത്തേങ്ങാസംഭരണം കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും നേരിട്ട് നടത്തുകയുണ്ടായി. ഉത്പാദനക്ഷമതയും ഉത്പന്നങ്ങളുടെ ഗുണനിലവാരവും വർധിപ്പിക്കുന്നതുകൂടാതെ മൂല്യവർധനവിനും കാർഷികോത്പന്ന സംസ്കരണത്തിനും എന്റെ സർക്കാർ പുത്തൻ ഉണർവ് നൽകുകയുണ്ടായി. ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും കേരള കാർഷിക സർവകലാശാലയ്ക്കും കേരള സംസ്ഥാന നാളികേര വികസന കോർപറേഷനും തെങ്ങിൻ പൂങ്കുലയിൽ നിന്നും ലഭിക്കുന്ന ഒരു ലഹരിരഹിത പാനീയമായ നീര എടുക്കുന്നതിന് ഇതാദ്യമായി ലൈസൻസ് നൽകുകയുണ്ടായി.

6. 2016 ഓടെ കേരളത്തെ ജൈവസംസ്ഥാനമാക്കുമെന്ന പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ സംസ്ഥാനത്ത് ജൈവകൃഷി പ്രചരിപ്പിക്കുന്നതിനായി ഇതിനകം നിർദേശിക്കപ്പെട്ടിട്ടുള്ള വിവിധ സംസ്ഥാന-കേന്ദ്ര പദ്ധതികളെ സംയോജിപ്പിക്കുന്നതിനായി എന്റെ സർക്കാർ സാധ്യമായ എല്ലാ ശ്രമവും നടത്തുന്നതാണ്. ജൈവകൃഷിയിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുള്ള കർഷകരുടെ മക്കൾക്ക് കാർഷിക സർവകലാശാലയിലും വെറ്ററിനറിയും ജന്തുശാസ്ത്രവും സർവകലാശാലയിലും അണ്ടർഗ്രാജ്വേറ്റ് കോഴ്സുകൾക്ക് പ്രത്യേക ക്വാട്ട നീക്കിവെക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ കർഷകരുടെയും രജിസ്ട്രേഷൻ എന്റെ സർക്കാർ പൂർത്തിയാക്കിക്കഴിഞ്ഞു. കർഷക രജിസ്ട്രേഷൻ പദ്ധതിയിൻകീഴിൽ പേര് ചേർത്തിട്ടുള്ള 18.77 ലക്ഷം കർഷകർക്ക് സ്മാർട്ട് കാർഡുകൾ നൽകുന്നതാണ്.

7. രണ്ട് ജില്ലകളിൽ ദ്രുതഗതിയിൽ പടർന്നുപിടിച്ച പക്ഷിപ്പനി, കർഷകർക്ക് വൻപിച്ച നഷ്ടം വരുത്തുന്നതിനിടയാക്കി. എന്നിരുന്നാലും, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സമയോചിതമായ ഇടപെടൽമൂലം രോഗത്തെ സമയബന്ധിതമായി നിയന്ത്രണവിധേയമാക്കുവാൻ എന്റെ സർക്കാരിന് സാധിച്ചുവെന്നുമാത്രമല്ല, കർഷകർക്ക് മിതമായ നഷ്ടപരിഹാരം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. പക്ഷിപ്പനി വിനാശകരമായി പടർന്നുപിടിക്കുന്നതെങ്കിൽ വെളിച്ചത്തിൽ കുട്ടനാട് മേഖലയിലെ താറാവ് വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുവാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

8. എന്റെ സർക്കാർ കൊണ്ടുവന്ന 'ഗോവർധിനി പദ്ധതി', സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണത്തിൽ ഒരു ലക്ഷം കൂടി വർധനവ് വരുത്തുവാനും അവയ്ക്ക് ശാസ്ത്രീയപരിപാലനം നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ നൂതന പരിപാടികളിലൂടെയും പദ്ധതികളിലൂടെയും എന്റെ സർക്കാരിന് ഒരു പുതിയ കാർഷിക സംസ്കാരം വികസിപ്പിക്കുവാൻ കഴിഞ്ഞു.

9. കേരളത്തിലെ പാലിന്റെ ആവശ്യകതയുടെ 80 ശതമാനം ആഭ്യന്തര ക്ഷീരോത്പാദനത്തിലൂടെയാണ് ഇപ്പോൾ നിറവേറ്റിവരുന്നത്. 12 ാമത് പ്ലാനിന്റെ അവസാനത്തോടുകൂടി ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു. തീറ്റപ്പുൽകൃഷി ചെയ്യുന്ന പ്രദേശത്തിന്റെ

വിസ്തൃതി, നിലവിലുള്ള 18000 ഹെക്ടറിനോടൊപ്പം 3700 ഹെക്ടർ 2014-15 വർഷത്തിൽ, കൂടുതലായി ചേർക്കുവാൻ എന്റെ സർക്കാരിന് കഴിഞ്ഞു. സംസ്ഥാനത്തെ ഏകദേശം 2.37 ലക്ഷം ക്ഷീരകർഷകരെ കേരള ക്ഷീരകർഷക ക്ഷേമബോർഡിന്റെ ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരികയുണ്ടായി.

10. 2013-14 ൽ വന-മത്സ്യ മേഖലകൾ യഥാക്രമം 3.4 ശതമാനവും 5.43 ശതമാനവും പുരോഗമനാത്മകമായ വളർച്ചാനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. ഭവനരഹിതരായ 4000 മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടസൗകര്യം ലഭ്യമാക്കുന്നതിനായി സംയോജിത മത്സ്യഗ്രാമവികസന പദ്ധതിയിൻ കീഴിൽ, മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ഭവനനിർമാണ പാക്കേജ് നടപ്പിലാക്കുന്നതാണ്. മത്സ്യപ്രജനന മേഖലകൾ സംരക്ഷിക്കുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുന്നതിനും പ്രത്യേക യത്നം ഏറ്റെടുക്കുന്നതാണ്. മത്സ്യോത്പാദനം പരിപോഷിപ്പിക്കുന്നതിനുള്ള പുതിയ സംരംഭങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മത്സ്യസമൃദ്ധി പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതാണ്. തുറസ്സായ ജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യങ്ങളുടെ കൂടുകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്. എല്ലാ മത്സ്യബന്ധനതുറമുഖങ്ങളിലും ഏറ്റെടുത്തിട്ടുള്ള പണികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

11. ഇന്ദിര ആവാസ്‌യോജനയുടെ കീഴിൽ ഗുണഭോക്താക്കളായ പട്ടികജാതിക്കാർക്കും പൊതുവിഭാഗക്കാർക്കുമായി രണ്ടു ലക്ഷം രൂപയും പട്ടിക ഗോത്രവർഗക്കാർക്കായി 2.50 ലക്ഷം രൂപയും നൽകിവരുന്ന ഭാരതത്തിലെ ഏക സംസ്ഥാന സർക്കാർ എന്റെ സർക്കാർ മാത്രമാണ്. 'വീടില്ലാത്തവർക്ക് വീട്' എന്നതാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. എന്റെ സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും സാമൂഹ്യസംഘടനകളുടെയും സഹായത്തോടെ ഭവനനിർമാണ പദ്ധതികൾക്ക് മുൻഗണന നൽകുന്നതായിരിക്കും. എന്റെ സർക്കാർ, ജവഹർ ഭവനനിർമാണ പദ്ധതി നടപ്പിലാക്കുന്നതും അതിന്റെ കീഴിൽ തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ ഓരോ പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും കോർപറേഷനിലെയും ഓരോ വാർഡിലും ഒരു വീടു വീതം നിർമിക്കുന്നതുമാണ്.

ഇന്ദിര ആവാസ്‌യോജനയുടെ കീഴിൽ ഗുണഭോക്താക്കളായ പട്ടികജാതിക്കാർക്കും പൊതുവിഭാഗക്കാർക്കുമായി രണ്ടു ലക്ഷം രൂപയും പട്ടിക ഗോത്രവർഗക്കാർക്കായി 2.50 ലക്ഷം രൂപയും നൽകിവരുന്ന ഭാരതത്തിലെ ഏക സംസ്ഥാന സർക്കാർ എന്റെ സർക്കാർ മാത്രമാണ്. 'വീടില്ലാത്തവർക്ക് വീട്' എന്നതാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം.

12. പ്രൈം മിനിസ്റ്റർ ഗ്രാം സഡക് യോജന (പി.എം.ജി.എസ്.വൈ.) ഗ്രാമീണ റോഡ് പദ്ധതിയിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭിച്ചിട്ടില്ല. 2011 ൽ എന്റെ സർക്കാർ അധികാരമേറ്റപ്പോൾ, 715 കിലോമീറ്റർ ഉള്ള 303 റോഡുകളുടെ നിർമാണം ആരംഭിച്ചിട്ടുപോലുമില്ലായിരുന്നു. നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം റോഡുകളുടെ ടെൻഡർ സമർപ്പിക്കുവാൻ ആളില്ലാതിരുന്നതിനാൽ എസ്റ്റിമേറ്റിന്റെ 42 ശതമാനം വരെ വർധനവ് വരുത്തി ടെൻഡർ ചെയ്യുവാൻ തീരുമാനിക്കുകയും തത്ഫലമായി 352 കിലോമീറ്റർ റോഡ് പണി ആരംഭിക്കുകയും അതിൽ 125 കിലോമീറ്റർ ഇതിനകം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എട്ടാം ഘട്ടത്തിൽ നമുക്ക് ലഭിച്ച 1012 കിലോമീറ്റർ റോഡുകളിൽ 850 കിലോമീറ്റർ റോഡുകളുടെ പണി ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പി.എം.ജി.എസ്.വൈ. പ്രകാരമുള്ള സംസ്ഥാനവിഹിതത്തിൽ നിന്ന് എന്റെ സർക്കാർ ഇതുവരെ 124 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈയുടെ രണ്ടാം ഘട്ടത്തിൽ 500 കോടി രൂപ അടങ്കൽ തുകയിൽ 570 കിലോമീറ്റർ റോഡുകൾ മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തവും പി.എം.ജി.എസ്. വൈയിൽ 1000 കിലോമീറ്റർ റോഡുകൾ അധികമായി ലഭിക്കുന്നതിനുവേണ്ടി എന്റെ സർക്കാർ ഭാരതസർക്കാരിനെ സമീപിച്ചിട്ടുള്ളതുമാണ്.

13. സംസ്ഥാനത്തിന്റെ സാഹചര്യത്തിനും ആവശ്യകതകൾക്കും അനുസൃതമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗനിർദേശങ്ങൾ എന്റെ സർക്കാർ നിരവധി തവണ പരിഷ്കരിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ (എം.ജി.എൻ.ആർ.ഇ.ജി.എസ്.) 2010-11 വർഷത്തിൽ നമ്മൾ കേവലം 701 കോടി രൂപ മാത്രം ചെലവഴിച്ചപ്പോൾ 2013-14 വർഷത്തിൽ അത് 1700 കോടി രൂപയായിരുന്നു. എന്നാൽ, മരാമത്തുപണികളുടെ ഷെഡ്യൂളിൽ ഭാരതസർക്കാർ മാറ്റങ്ങൾ വരുത്തിയതിനാൽ, രജിസ്റ്റർ ചെയ്ത 29 ലക്ഷം കുടുംബങ്ങൾക്ക് ജോലി നൽകുന്നതിന് എന്റെ സർക്കാർ പ്രയാസം നേരിടുകയാണ്. എന്റെ സർക്കാർ ക്ഷീരോത്പാദനം, കയർ, ഖാദി, മറ്റു പരമ്പരാഗത വ്യവസായമേഖല എന്നിവയെ എൻ.ആർ.ഇ.ജി.എസ്സിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ അഭ്യർഥന പരിഗണിക്കുന്നതിനായി ഭാരതസർക്കാർ, ദക്ഷിണ സംസ്ഥാനങ്ങളിലെ ഗ്രാമവികസന വകുപ്പ് മന്ത്രിമാരുടെ ഒരു യോഗം വിഷയം ചർച്ച ചെയ്യുന്നതിന് വിളിച്ചുകൂട്ടിയിട്ടുണ്ട്.

14. എന്റെ സർക്കാർ, കേരളത്തിലെ മുന്നോക്ക സമുദായങ്ങൾക്കിടയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സമഗ്രവികസനവും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന മുന്നോക്കസമുദായക്ഷേമ കോർപറേഷൻ രൂപീകരിക്കുകയുണ്ടായി. പരീക്ഷണാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയെന്ന നിലയിൽ, കേരളത്തിലെ ആദിബ്രാഹ്മണ സമുദായങ്ങളുടെ പരമ്പരാഗത വാസസ്ഥലങ്ങളായ 200 അഗ്രഹാരങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കോർപറേഷൻ ഉദ്ദേശിക്കുന്നു.

15. കേരള സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപറേഷനും സംസ്ഥാന ന്യൂനപക്ഷ കമ്മിഷനും രൂപീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷസമുദായങ്ങളിലെ വിദ്യാർഥികൾക്ക് കേന്ദ്രസർക്കാരിൻ കീഴിൽ സംവരണം ലഭിക്കുന്നതിനുവേണ്ടി ന്യൂനപക്ഷ ഇ-സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം എന്റെ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

16. ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ചിന്റെ (എൻ.സി.എ.ഇ.ആർ.) സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാനത്തിനുവേണ്ടിയുള്ള ഒരു ദീർഘവീക്ഷണ പ്ലാൻ എന്റെ സർക്കാർ തയാറാക്കിയിട്ടുണ്ട്. ദീർഘവീക്ഷണ പ്ലാൻ 2030 ഡോക്യുമെന്റിന്റെ തുടർച്ചയായി, വികസനത്തിന്റെ തിരഞ്ഞെടുത്ത മേഖലകളിലുള്ള അടിസ്ഥാന സൗകര്യക്കുറവുകൾ കണ്ടെത്തുന്നതിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു പഠനം എന്ന നിലയിലും കണ്ടെത്തുന്ന കുറവുകൾ നികത്തുവാനുള്ള ഒരു കൂട്ടം പദ്ധതികൾ തയാറാക്കുന്നതിനും 'ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ലാൻ 2030' എന്ന ഒരു വീക്ഷണരേഖ തയാറാക്കുവാനും എന്റെ സർക്കാർ വിഭാവനം ചെയ്യുന്നു. വ്യത്യസ്ത ഏജൻസികൾ സമാനമായ പദ്ധതികൾ ആവർത്തിക്കുന്നത് ഒഴിവാക്കുവാനും വികസനാത്മക ഫലങ്ങൾ കൈവരിക്കുന്നതിന് അപര്യാപ്ത

മായ ബജറ്റ് നിധിയുടെ ഫലപ്രദമായ വിനിയോഗം സാധ്യമാക്കുവാനും വാർഷിക പ്ലാനുകളിൽ അവതരിപ്പിച്ചിട്ടുള്ള ആസ്തികളുടെ ഒരു ഡിജിറ്റൈസ്ഡ് ഡോക്യുമെന്റേഷൻ കൊണ്ടുവരുന്നതിനും അവതരിപ്പിച്ചിട്ടുള്ള മൂലധന ആസ്തികളുടെ ഫോട്ടോഗ്രാഫുകൾ അപ്‌ലോഡ് ചെയ്യുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

17. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 'സാംഖ്യ' എന്ന അക്രൂവൽ ബേസ്ഡ് ഡബിൾ എൻട്രി സോഫ്ടുവെയർ നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത വെബ് അടിസ്ഥാനമാക്കിയുള്ള 'സുലേഖ' സോഫ്ടുവെയർ, സസ്റ്റെനൻസ് വിഭാഗത്തിൻ കീഴിൽ 2013-14 ലെ സി.എസ്.ഐ. അവാർഡ് നേടിയിട്ടുണ്ട്. 1970 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്തുവരുന്ന ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ജനങ്ങൾക്കു ലഭ്യമാക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി ദായകർക്ക് 2015-16 മുതൽ ഓൺലൈനായി വസ്തുനികുതി നൽകുന്നതിനുള്ള സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

18. കുടുംബശ്രീ ഈ സാമ്പത്തികവർഷം 899 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് കേരളത്തിലെ ഇടുക്കി, പാലക്കാട്, വയനാട് എന്നീ മൂന്നു ജില്ലകളിൽ മനുഷ്യക്കടത്ത് വിരുദ്ധ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

19. പൊതു-സ്വകാര്യ-പങ്കാളിത്ത രീതിയിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുവാൻ 2014 ഫെബ്രുവരിയിൽ കൊച്ചിയിൽ ഒരു 'നിക്ഷേപക സംഗമം' നടത്തുകയുണ്ടായി. ആ സംഗമത്തിൽ വിവിധ നഗര തദ്ദേശ സ്ഥാപനങ്ങൾ അവതരിപ്പിച്ച 89 പദ്ധതികൾക്ക് താത്പര്യപ്രകടന പത്രികകൾ ലഭിക്കുകയുണ്ടായി. ഇതിനെ തുടർന്ന് പദ്ധതി സത്വരമായി നടപ്പാക്കുന്നത് സുഗഗമമാക്കുവാൻ സംസ്ഥാനതലത്തിൽ പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

20. നഗരപ്രദേശങ്ങളിൽ വനിതകൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. നഗരപ്രദേശങ്ങളിൽ ആധുനിക ബഹുനില പാർക്കിങ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഏഷ്യൻ വികസന ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടന്നുവരുന്ന എല്ലാ ജോലികളും കേരള സുസ്ഥിര നഗരവികസന പ്രോജക്ട് പൂർത്തിയാക്കുന്നതാണ്. ജവഹർലാൽ നെഹ്രു നാഷണൽ അർബൻ റിന്യൂവൽ മിഷന് കീഴിൽ പ്രതിദിനം 100 ദശലക്ഷം ലിറ്റർ ശേഷിയുള്ള കൊച്ചിയിലെ ജലവിതരണ പദ്ധതി കമ്മിഷൻ ചെയ്യുന്നതും കോർപറേഷന് അനുവദിച്ചിട്ടുള്ള 400 ബസ്സുകൾ വിവിധ മുനിസിപ്പൽ പ്രദേശങ്ങളിൽ സർവീസ് നടത്തുന്നതുമാണ്. കൊച്ചി കോർപറേഷനിലെ ഇ-ഗവേണൻസ് പ്രോജക്ടിന് തുടക്കം കുറിക്കുന്നതാണ്. നഗരജ്യോതി പദ്ധതിയുടെ കീഴിൽ എല്ലാ നഗരതദ്ദേശ സ്ഥാപനങ്ങളുടെയും നിലവിലുള്ള തെരുവുവിളക്കിനു പകരം എനർജി എഫിഷ്യന്റ് എൽ.ഇ.ഡി. ലൈറ്റിങ് സമ്പ്രദായം കൊണ്ടുവരുന്നതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമിക്കുന്നതാണ്.

21. ഗ്രാമത്തിലും നഗരത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും മൂന്നു വ ർഷ കാലയളവിനുള്ളിൽ ശുചീകരണസംബന്ധമായ സൗകര്യം നൽകുവാൻ ശുചിത്വമിഷൻ ഉദ്ദേശിക്കുന്നു. ശുചീകരണത്തിനും മാലിന്യസംസ്കരണത്തിനുമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ സംസ്ഥാന പ്ലാൻ ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപന പ്ലാൻ/തനതു ഫണ്ടുകളും സ്വച്ഛ ഭാരത് മിഷൻ ഫണ്ടുകളും ഉപയോഗപ്പെടുത്തുന്നതാണ്.

22. സ്പിൽ-ഓവർ വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി പട്ടികജാതി വികസനവകുപ്പ് 2015-16 ൽ കൊണ്ടുവരുന്നതാണ്. ഗുണഭോക്താക്കളുടെ പരിമിതമായ അടിസ്ഥാന വിഭവവും നിർമാണച്ചെലവിലെ വർധനവും കാരണം, മുൻപ് അനുവദിച്ചിട്ടുള്ള പല വീടുകളും പൂർത്തീകരിക്കപ്പെടാതെ അവശേഷിക്കുന്നു. അതിനാൽ വീടുകൾ പൂർത്തീകരിക്കുവാൻ 2015-16 ൽ ഒരു പ്രത്യേക പദ്ധതി ആരംഭിക്കുന്നതാണ്. പട്ടികജാതി വികസനവകുപ്പ്, പട്ടികജാതി വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിലും കലകളിലുമുള്ള മികച്ച പ്രകടനത്തിന് പ്രോത്സാഹനവും അവാർഡുകളും നൽകിവരുന്നു.

23. പട്ടികജാതിയിൽ ഉൾപ്പെടുന്ന വ്യവസായ സംരംഭത്തിന് കഴിവുള്ള ആളുകൾക്ക് വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും വ്യവസായ യൂണിറ്റുകളും വ്യാപാരസംരംഭങ്ങളും ആരംഭിക്കുന്നതിന് നൽകപ്പെടുന്ന അവസരങ്ങളുടെ വിനിയോഗം പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. അതിനാൽ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് സഹായം നൽകുന്നത് ലക്ഷ്യമാക്കിയുള്ള ഒരുപുതിയ പദ്ധതി 2015-16 ൽ കൊണ്ടുവരുന്നതാണ്. പിന്നാക്ക സമുദായവികസന വകുപ്പിന്റെ രൂപീകരണം എന്റെ സർക്കാരിന്റെ ഒരു പ്രധാന നേട്ടമാണ്. ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട വിധവകൾക്കും അശരണർക്കും ഒരു പുതിയ പാർപ്പിടപദ്ധതി നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്ക്ുന്നു.

23. ഏറ്റവും കുറഞ്ഞ കൂലിക്കായുള്ള സുരക്ഷാവലയത്തിന് പുറത്തുള്ള എല്ലാ തൊഴിലാളികൾക്കും നിശ്ചയിക്കപ്പെട്ട ഒരു അടിസ്ഥാനതല കൂലി പ്രതിദിനം ഉറപ്പാക്കുന്നതിന് കേരള മിനിമം ഗ്യാരന്റീഡ് വേജസ് ബിൽ കൊണ്ടുവരുന്നതിന് തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നു. പൊതു-സ്വകാര്യ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ വർധിച്ച പങ്കാളിത്തം സാധ്യമാക്കുന്നിനും തൊഴിൽ സാഹചര്യങ്ങളുടെ ഉദാരവത്കരണത്തിനുശേഷമുള്ള വെല്ലുവിളികൾ നേരിടുന്നതിന് തൊഴിലാളി സമൂഹത്തെ സജ്ജമാക്കുന്നതിനുമായി, സംസ്ഥാന തൊഴിൽ നിയമങ്ങളും സംസ്ഥാന ചട്ടങ്ങളും കേന്ദ്ര തൊഴിൽ നിയമങ്ങൾക്ക് അനുരൂപമായി ഭേദഗതി ചെയ്യുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

25. 2022 ഓടുകൂടി വൈദഗ്ധ്യമുള്ള 500 ദശലക്ഷം ആളുകൾ എന്ന ദേശീയലക്ഷ്യം കൈവരിക്കുന്നതിനായി, വകുപ്പ് പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ പുതിയ പദ്ധതികൾ/പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും അത് തൊഴിലില്ലായ്മ കുറക്കുന്നതുമാണ്. ഓരോ ഐ.ടി.ഐയിലും സുസജ്ജമായ ഒരു പ്ലെയ്സ്മെന്റ് സെൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. പരിശീലനം നേടുന്നവർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനായി വ്യവസായപ്രമുഖരുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നതുമാണ്.

26. വൈദ്യചികിത്സയ്ക്കുവേണ്ടി ഏറ്റവും കൂടുതൽ ചെലവ് വഹിക്കേണ്ടിവരുന്നവയിൽ ഒന്നാണ് കേരളം എന്ന വസ്തുത പരിഗണിച്ചുകൊണ്ട് സർക്കാർ ആശുപത്രികളിലെ മുഴുവൻ രോഗനിർണയ പരിശോധനകളും ഘട്ടംഘട്ടമായി സൗജന്യമായി നൽകുന്ന 'കാരുണ്യകേരളം' എന്ന പരിപാടി നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇപ്പോൾ ശ്രദ്ധ മുഴുവൻ പ്രാഥമിക ആരോഗ്യപരിചരണത്തിലേക്ക് തിരിഞ്ഞിട്ടുണ്ട്. ശക്തമായ ഒരു പ്രാഥമിക ആരോഗ്യപരിചരണം ഉന്നതകേന്ദ്രങ്ങളിലെ ആരോഗ്യപരിചരണത്തിന്റെ ബാധ്യത കുറക്കുന്നതാണ്. ഒരു പൗരന്, നിലവാരമുള്ള ആരോഗ്യപരിചരണം അനായാസേനയും സാമ്പത്തികക്ലേശം കൂടാതെയും പ്രാപ്തമാകണം എന്ന് അടിസ്ഥാനപരമായി അർഥമാക്കുന്ന 'യൂണിവേഴ്സൽ ഹെൽത്ത് കവറേജ്' ലോകാരോഗ്യ സംഘടന ശിപാർശ ചെയ്യുന്നു. 'യൂണിവേഴ്സൽ ഹെൽത്ത് കവറേജ്' പ്രാവർത്തികമാക്കുന്നതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കമ്യൂണിറ്റി ഹെൽത്ത സെന്ററുകളും പോലുള്ള പ്രാഥമിക പരിചരണസ്ഥാപനങ്ങളുടെ വിശാലമായ ശൃംഖലയെ സമഗ്രമായ പരിചരണകേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള ഒരു പരിപാടി എന്റെ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

27. ഫലപ്രദമായി ആരോഗ്യപരിചരണം പ്രദാനം ചെയ്യുന്ന സംവിധാനത്തിന്റെ ആവശ്യകത ഊന്നിപ്പറയേണ്ടതില്ല. എന്നിരു

ന്നാലും ഫലപ്രദമായ ചികിത്സയ്ക്ക് തടസ്സമായി നിൽക്കുന്നത് ജനസംഖ്യാതലത്തിലും വ്യക്തിഗതതലത്തിലുമുള്ള വിവരങ്ങൾ ലഭ്യമല്ലായെന്നുള്ളതാണ്. വിവരങ്ങളുടെ ഈ അപൂർണത വൈദ്യചികിത്സകരുടെ വിഭവശേഷി, സമയം, പരിശ്രമം എന്നിവ പാഴായി പോകുന്നതിലേക്ക് നയിക്കുന്നു. അതുകൊണ്ട് വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗത്തിനായി ഒരു വിശാലമായ ഇലക്ട്രോണിക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഇലക്ട്രോണിക് ആരോഗ്യരേഖകളും (ഇ.എച്ച്.ആർ.) ഇലക്ട്രോണിക് മെഡിക്കൽ രേഖകളും (ഇ.എം.ആർ.) വികസിപ്പിക്കുന്നതിനുള്ള ഉത്കൃഷ്ടമായ ഒരു പരിപാടിയാണ് 'കേരള ഇ-ഹെൽത്ത് പ്രോഗ്രാം'. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് അതിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ആയുർവേദത്തിൽ റിസർച്ച് സ്കൂൾ, ഡിസെബിലിറ്റി മാനേജ്മെന്റ് സ്റ്റഡീസ് സെന്റർ മുതലായവ പോലുള്ള സ്കൂളുകളും സെന്ററുകളും സ്ഥാപിക്കുന്നതാണ്. മുപ്പത് വർഷങ്ങൾക്കുശേഷം എന്റെ സർക്കാർ കഴിഞ്ഞ നാലു വർഷങ്ങളിൽ നാല് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം തിരുവനന്തപുരത്തും കോന്നിയിലും രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ കൂടി ആരംഭിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. ഇതോടുകൂടി, 14 ജില്ലകളിൽ 11 ലും താങ്ങാവുന്ന ചെലവിൽ മികച്ച നിലവാരമുള്ള ആരോഗ്യപരിരക്ഷയും പാവപ്പെട്ട വിദ്യാർഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസവും നൽകുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ ഉണ്ടായിരിക്കുന്നതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കാൻസർ ചികിത്സ നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള 'സുകൃതം' ഞങ്ങൾക്ക് എട്ടു മെഡിക്കൽ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എന്റെ സർക്കാരിന് സന്തോഷമുണ്ട്. സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ എല്ലാ സ്ത്രീകൾക്കും വേണ്ടി 'സുഭദ്രം' എന്ന ഒരു സൗജന്യ സമഗ്ര കാൻസർ ബോധവത്കരണ--രോഗനിർണയ-ചികിത്സ-പുനരധിവാസ പദ്ധതി കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

28. സംസ്ഥാനത്തെ ഗോത്രവർഗപ്രദേശങ്ങളുടെ വികസനത്തിന് എന്റെ സർക്കാർ മുന്തിയ പ്രാധാന്യം നൽകുന്നു. അവരുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും തൊഴിലിനും സാമൂഹിക സാമ്പത്തിക വികസനത്തിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള 7693 ഹെക്ടർ ഭൂമി, ഭൂരഹിതരായ ഗോത്രവർഗക്കാർക്ക് വിതരണം ചെയ്യുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശ ചെയ്തപ്രകാരം കിന്റർഗാർട്ടൻ മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള ഗോത്രവർഗവിദ്യാഭ്യാസം സാധ്യമാക്കുന്ന 'ഗുരുകുലം' എന്ന പേരിലുള്ള ഒരു പുതിയ സംരംഭം ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

29. പര്യാപ്തമായ നഷ്ടപരിഹാരം നൽകിക്കൊണ്ട് വനപ്രദേശത്തിനുള്ളിൽ താമസിക്കുന്ന ഗോത്രവർഗ കർഷകർ സ്വമേധയാ താമസം മാറ്റുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. വനസംരക്ഷണം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട രീതിയിലുള്ള നടത്തിപ്പ് ഉറപ്പാക്കുന്നതിനും വേണ്ടി കാസർകോട് ജില്ലയിൽ ഒരു പുതിയ ഫോറസ്റ്റ് ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

30. മനുഷ്യർക്കുനേരെയുള്ള മൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് സംയോജിത നടപടികൾ എടുത്തിട്ടുണ്ട്. വന്യജീവി ആക്രമണങ്ങളുടെ വർധിച്ചുവരുന്ന ഭീഷണി തടയുവാൻ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നതിനായി 9.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വയനാട്ടിലും നിലമ്പൂരിലും ഓരോ എലിഫെന്റ് സ്ക്വാഡിനുവേണ്ടി എന്റെ സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വന്യജീവി ആക്രമണങ്ങൾ കൊണ്ടു വിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരമായി 6.44 കോടി രൂപ നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം മരണം സംഭവിച്ചാലുള്ള നഷ്ടപരിഹാര നിരക്ക് മൂന്നു ലക്ഷം രൂപയിൽ നിന്നും അഞ്ചു ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

31. രണ്ടു പുതിയ ഇക്കോ ടൂറിസം പദ്ധതികൾ കോന്നിയിലും ചെന്തുരുണിയിലും ആരംഭിച്ചിട്ടുണ്ട്. അവ രണ്ടും നടപ്പു വർഷത്തിൽ പൂർത്തീകരിക്കപ്പെടുന്നതാണ്. ചെന്തുരുണി ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടം 2013-14 കാലയളവിൽ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളതും ആ പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിക്കുവാനുള്ള നടപടി നടന്നുവരികയുമാണ്. വനങ്ങളിൽ ജീവിക്കുന്ന പട്ടികവർഗ സമുദായങ്ങളിൽ നിന്നുമുള്ള യുവാക്കളെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം ഗൈഡുകളായി നിയോഗിക്കുന്നതിന് സജ്ജമാക്കുന്നതിനുവേണ്ടി അവരെ പരിശീലിപ്പിക്കുവാനുള്ള നടപടിയും നടന്നുവരികയാണ്.

32. മിഷൻ 676 ന്റെ കീഴിൽ 'കൃഷിരക്ഷാ പദ്ധതി' എന്നപേരിലുള്ള ഒരു പദ്ധതിക്ക് എന്റെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ജൈവവൈവിധ്യസമ്പന്ന വനങ്ങൾ നൽകുന്ന ആവാസവ്യവസ്ഥാസേവനങ്ങൾക്ക് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നു. 10 പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഈ സാമ്പത്തികവർഷം ആരംഭിക്കുന്നതാണ്.

33. മികച്ച ക്രമസമാധാന അന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച രീതിയിൽ ഭരണനിർവഹണം നടക്കുന്ന സംസ്ഥാനമായി കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, കടലോര ജാഗ്രതാസമിതി, സേഫ് ക്യാമ്പസ് ക്ലീൻ കാമ്പസ്, ജനമൈത്രി പദ്ധതി, മുതിർന്ന പൗരന്മാർക്കും കുട്ടികൾക്കും സ്ത്രീകൾക്കുമുള്ള പദ്ധതികൾ എന്നിവപോലുള്ള വിവിധ നൂതന പദ്ധതികൾ കേരള പൊലീസ് ആരംഭിച്ചിട്ടുണ്ട്. വാർഷിക റിക്രൂട്ട്മെന്റ് മുഖേന പൊലീസ് സേനയെ ഊർജസ്വലമാക്കുവാൻ എന്റെ സർക്കാർ ആഗ്രഹിക്കുന്നു.

> മികച്ച ക്രമസമാധാന അന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച രീതിയിൽ ഭരണനിർവഹണം നടക്കുന്ന സംസ്ഥാനമായി കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, കടലോര ജാഗ്രതാസമിതി, സേഫ് ക്യാമ്പസ് ക്ലീൻ കാമ്പസ്, ജനമൈത്രി പദ്ധതി, മുതിർന്ന പൗരന്മാർക്കും കുട്ടികൾക്കും സ്ത്രീകൾക്കുമുള്ള പദ്ധതികൾ എന്നിവപോലുള്ള വിവിധ നൂതന പദ്ധതികൾ കേരള പൊലീസ് ആരംഭിച്ചിട്ടുണ്ട്.

34. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുക എന്നത് കേരള പൊലീസ് മുൻഗണന നൽകുന്ന മേഖലകളിൽ ഒന്നാണ്. സ്ത്രീകളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുവാൻ 15.02.2014 ൽ ആരംഭിച്ച സമഗ്രമായ ഒരു പദ്ധതിയാണ് 'നിർഭയ കേരളം സുരക്ഷിത കേരളം', ഈ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതാണ്. ആദ്യഘട്ടത്തിൽ ആറു ജില്ലകൾ ഉൾപ്പെടുന്നതും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന എട്ടു ജില്ലകൾ ഉൾപ്പെടുന്നതുമാണ്. നിലവിൽ ഈ പദ്ധതി കൊച്ചി കോർപറേഷനിൽ ആരംഭിച്ചിരിക്കുന്നു.

35. കേരളത്തിൽ റോഡപകടങ്ങളിൽ ഓരോ വർഷവും നാലായിരത്തിലധികം ആളുകൾ മരണപ്പെടുന്നു. ഓരോ വർഷവും ഏകദേശം 40,000 ആളുകൾക്ക് ഗുരുതരമായി പരിക്കേൽക്കുന്നു. റോഡപകടങ്ങൾ ഗണ്യമായി കുറക്കുന്നതിനായി

റോഡ് സുരക്ഷാ നടപടികൾ കർശനമായി നടപ്പാക്കുന്നതിനുവേണ്ടി 'ശുഭയാത്ര 2015' എന്ന പേരിൽ ഒരു സമഗ്രപദ്ധതി എന്റെ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളിലും വേഗനിരീക്ഷണ ക്യാമറകൾസ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കന്നു. എല്ലാ പൊലീസ് സ്റ്റേഷനുകൾക്കും സ്പീഡ് റഡാറും ആൽക്കോമീറ്ററും നൽകുന്നതാണ്. ട്രാഫിക് ലംഘനങ്ങൾക്കുള്ള പിഴ ബാങ്കുകൾ മുഖേനയും ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും സ്വീകരിക്കുവാൻകൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്തും കൊച്ചിയിലും ട്രാഫിക് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതാണ്. അപകടം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡിന്റെ സഹകരണത്തോടെ ഹൈവേകളിൽ ഹൈവേ ആംബുലൻസ് സർവീസുകൾ ആരംഭിക്കുന്നതാണ്. ട്രാഫിക് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. അതുപോലെ സംസ്ഥാനത്ത് അപകടങ്ങളുടെ എണ്ണം കുറക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ ട്രാഫിക് നിയമങ്ങളുടെ നടപ്പിലാക്കൽ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക സ്പെഷ്യൽ ട്രാഫിക് ലാ എൻഫോഴ്സ്മെന്റ് വിങ് രൂപീകരിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

36. വായ്പകൾക്ക് അമിത പലിശ ഈടാക്കിക്കൊണ്ട് കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുന്ന കൊള്ളപ്പലിശക്കാർക്കെതിരെ നല്ലരീതിയിൽ ആസൂത്രണം ചെയ്തിട്ടുള്ളതും ഏകോപിപ്പിക്കപ്പെട്ടിട്ടുള്ളതുമായ 'ഓപ്പറേഷൻ കുബേര' എന്ന പേരിലുള്ള എന്റെ സർക്കാരിന്റെ നടപടി പ്രതീക്ഷിച്ച ഫലമുളവാക്കിയിട്ടുണ്ട്.

37. സ്കൂളുകളുടെയും കോളേജുകളുടെയും പരിസരങ്ങളിൽ നിന്ന് മദ്യം, പുകയില ഉത്പന്നങ്ങൾ മുതലായവ ഉന്മൂലനം ചെയ്യുന്നതിന് ലക്ഷ്യമിടുന്ന 'സേഫ് ക്യാമ്പസ് ക്ലീൻ ക്യാമ്പസ്' എന്റെ സർക്കാർ 2014 ൽ ആരംഭിച്ച മറ്റൊരു അഭിമാനാർഹമായ പരിപാടിയാണ്. 2016 ഓടുകൂടി എല്ലാ സ്കൂൾ, കോളേജ് ക്യാമ്പസുകളും പരിസരങ്ങളും മയക്കുമരുന്ന്-പുകയില-മദ്യ വിമുക്ത മേഖലകളാക്കിത്തീർക്കുന്നതാണ്.

38. എന്റെ സർക്കാർ, പൊലീസ് സയൻസിനും ആഭ്യന്തര സുരക്ഷയ്ക്കും വേണ്ടിയുള്ള ദേശീയ സർവകലാശാല ഈ വർഷം സ്ഥാപിക്കുവാനുദ്ദേശിക്കുന്നു തീരദേശ സുരക്ഷക്കായി ഒരു ആൾ വിമെൻ ഇന്ത്യാ റിസർവ് ബറ്റാലിയനും ഒരു ഇന്ത്യാ റിസർവ് ബറ്റാലിയനും രൂപീകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കഴിഞ്ഞ വർഷം കേരള ഫയർ ആൻഡ് റെസ്ക്യു സർവീസസ് വകുപ്പ് വിവിധ ഫയർ ആൻഡ് റെസ്ക്യു പ്രവർത്തനങ്ങളിലൂടെ 8477 മനുഷ്യരുടെയും 5347 മൃഗങ്ങളുടെയും ജീവൻ രക്ഷിക്കുകയുണ്ടായി. പ്രസ്തുത പ്രവർത്തനങ്ങൾ മുഖേന ഏകദേശം 8508.67 കോടി രൂപ വില മതിക്കുന്ന വസ്തുവകകൾ സംരക്ഷിക്കുകയുണ്ടായി.



**ഗവർണറെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സ്വീകരിക്കുന്നു**

39. പൗരന്മാർക്ക് 'എപ്പോഴും എവിടെയും സേവനം' നൽകുന്നതിന് ലക്ഷ്യമിടുന്ന സ്പീഡി, മോഡേൺ, അഷ്വേർഡ്, റെസ്പോൺസിബിൾ ആൻഡ് ട്രാൻസ്പാരന്റ് (എസ്.എം.എ.ആർ.ടി.) റവന്യൂ ഓഫീസ് നടപ്പിലാക്കിവരുന്നു. ഡിജിറ്റലായി ഒപ്പുവെക്കപ്പെട്ട ഏകദേശം ഒരുകോടി ഓൺലൈൻ സർട്ടിഫിക്കറ്റുകൾ സംസ്ഥാനത്തെ റവന്യൂ ഓഫീസർമാർ നൽകിയിട്ടുണ്ട്. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ആർ.ഇ.എൽ.ഐ.എസ്.) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വില്ലേജുകളിൽ, 'ഫുള്ളി ഓട്ടോമേറ്റഡ് വെബ് എനേബിൾഡ്' മാർഗത്തിലൂടെ ഏഅകദേശം 17,000 രജിസ്ട്രി കൈമാറ്റം/പോക്കുവരവ് ഓൺലൈനായി നടപ്പാക്കിയിട്ടുണ്ട്.

40. 2015 അവസാനത്തോടുകൂടി സംസ്ഥാനത്ത് 100 ശതമാനം ഭൂരഹിതരില്ലാത്ത കുടുംബങ്ങൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള എന്റെ സർക്കാരിന്റെ ഒരു അതുല്യ പദ്ധതിയായ

‘സീറോ ലാൻഡ്‌ലെസ് പ്രോജക്ട് 2015’ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഓരോ ഭൂരഹിത കുടുംബത്തിനും മൂന്നു സെന്റ് ഭൂമി നൽകിവരുന്നു. ഭൂമി വിതരണത്തിന്റെ ഒന്നാം ഘട്ടം ഇതിനകംതന്നെ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണം ലക്ഷ്യംവെച്ചുകൊണ്ട് ഊർജസ്വലതയോടെ രണ്ടാംഘട്ടം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിനെ നാഷണൽ ലെവൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ലാൻഡ് ഡിസാസ്റ്റർ മാന്ജേമെന്റ് ആയി വികസിപ്പിക്കുന്നതാണ്.

41. ഭാരതത്തിൽ ഇതാദ്യമായി കേരള ലീഗൽ മെട്രോളജി വകുപ്പ്, ബി.പി. ഉപകരണത്തിന്റെ പരിശോധനയും മുദ്രവെക്കലും ആരംഭിച്ചിട്ടുണ്ട്. ആഭരണക്കടകളിലും മറ്റു സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന ഇലക്ട്രോണിക് ബാലൻസിന്റെ പരിശോധനയും മുദ്രവെക്കലും ആരംഭിച്ചിട്ടുണ്ട്.

42. ഉപഭോക്തൃ സംസ്ഥാനമായതിനാൽ കാര്യക്ഷമമായ ഒരു പൊതുവിതരണ സമ്പ്രദായമില്ലാതെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സാധിക്കുന്നതല്ല. പയറുവർഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവപോലെയുള്ള 13 അവശ്യസാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ 20–35 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് എന്റെ സർക്കാർ വിൽപ്പന നടത്തിവരുന്നു. തിരുവനന്തപുരത്തും കോട്ടയത്തും തലശ്ശേരിയിലും ഹൈപ്പർ മാർക്കറ്റുകൾ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ ഏകദേശം നാലു ലക്ഷം കർഷകരിൽ നിന്നും 15 ലക്ഷത്തോളം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും 2500 കോടി രൂപ നൽകുകയും ചെയ്തത് എന്റെ സർക്കാരിന്റെ ഒരു അപൂർവ നേട്ടമാണ്.

43. 20 ലക്ഷം അന്ത്യോദയ അന്നയോജന (എ.എ.വൈ) കുടുംബങ്ങൾക്കും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (ബി.പി.എൽ.) കുടുംബങ്ങൾക്കും കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരിയും ബി.പി.എൽ. കുടുംബങ്ങൾക്ക് കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ ഗോതമ്പും നൽകിവരുന്നു. സിവിൽ സപ്ലൈസ് വകുപ്പ് പൊതുവിതരണ സമ്പ്രദായത്തിൽ എൻഡ് ടു എൻഡ് കംപ്യൂട്ടർ വത്കരണത്തിന്റെ ആദ്യഘട്ടം ആരംഭിച്ചിട്ടുണ്ട്. 2013 ലെ ദേശീയ ഭക്ഷ്യഭദ്രത ആക്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികളോടൊപ്പം തന്നെ എന്റെ സർക്കാർ റേഷൻ കാർഡ് പുതുക്കൽ നടപടിയും ആരംഭിച്ചിട്ടുണ്ട്.

44. 2015–16 ഓടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ ഔട്ട്ലെറ്റുകൾ തുറക്കുന്നതാണ്. പൊതുജനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി വിൽപ്പന സാധ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യങ്ങളോടുകൂടിയ സൂപ്പർ മാർക്കറ്റുകളായി മാറ്റുന്നതാണ്.

45. കേരളത്തിന്റെ വികസനത്തിൽ പ്രവാസി കേരളീയർ നൽകിയ സംഭാവനകൾക്ക് കേരള സംസ്ഥാനം അവരോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. 30.09.2014 ൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ പ്രവാസി കേരളീയർ നിക്ഷേപം നടത്തിയിട്ടുള്ള ഏകദേശം 97,400 കോടി രൂപയ്ക്കു പുറമെയാണ് പ്രവാസി കേരളീയർ കേരളത്തിൽ നടത്തിയിട്ടുള്ള 90,000 കോടി രൂപയിൽ അധികമുള്ള ആകെ നിക്ഷേപം. വിവിധ രാജ്യങ്ങളിലെ ആഭ്യന്തര സംഭവവികാസങ്ങൾ കാരണം ഇന്ന് നമ്മൾ വളരെ ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഭാരതസർക്കാരിന്റെ സഹായത്തോടുകൂടി ലിബിയയിലും ഇറാക്കിലുമുള്ള ആളുകളെ തിരിച്ചുകൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ നിന്നും തിരിച്ചുവരുന്ന പ്രവാസി കേരളീയരുടെ പുനരധിവാസം വളരെ ഗൗരവത്തോടുകൂടി എടുക്കേണ്ടതും ഈ മേഖലയിൽ ഫലപ്രദമായ ഉദ്യമം ഞങ്ങൾ നടത്തിയിട്ടുള്ളതുമാണ്.



**നയപ്രഖ്യാപനത്തിനായി ഗവർണർ പി.സദാശിവം നിയമസഭയിലെത്തുന്നു**

46.വീസ തട്ടിപ്പും പ്രവാസി കേരളീയരുടെ ജീവനും സ്വത്തിനും

എതിരെയുള്ള ക്രിമിനൽ കുറ്റകൃത്യങ്ങളും ഇന്ന് വളരെ ഗുരുതരമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. അത്തരം കേസുകൾ മാത്രമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിന് ഒരു എൻ.ആർ.ഐ. കമ്മിഷൻ സ്ഥാപിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികൾ മുഖേന വിവിധ ഗൾഫ് രാജ്യങ്ങളിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്യുവാൻ എന്റെ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

47. വ്യവസായസംരംഭങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തെ ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായ സംരംഭങ്ങളുടെ മേഖല സ്ഥിരമായി മെച്ചപ്പെട്ട വളർച്ചാനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായമേഖലയിലുള്ള (എം.എസ്.എം.ഇ.) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ വ്യാവസായിക സംഘടനകളുമായി ചേർന്ന് ജില്ലാതല അദാലത്തുകൾ നടത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നമ്മുടെ ഉത്പന്നങ്ങളുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനും അതിന്റെ ദേശീയവും ആഗോളവുമായ ആവശ്യകത വർധിപ്പിക്കുന്നതിനും വേണ്ടി കേരള ഹാന്റ്ലൂം എന്ന പേരിലും ശൈലിയിലും കൈത്തറി ഉത്പന്നങ്ങൾ ബ്രാന്റ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്. കശുവണ്ടി മേഖലയിൽ, പര്യാപ്തമായ ഫണ്ടുകൾ നൽകുകയും അസംസ്കൃതവസ്തുക്കൾ യഥാസമയം എത്തിക്കുകയും ചെയ്തുകൊണ്ട് കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെയും (സി.എ.പി.ഇ.എക്സ്) കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപറേഷന്റെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും അതുവഴി കൂടുതൽ പ്രവൃത്തിദിവസങ്ങൾ ഉറപ്പുവരുത്തുന്നതുമാണ്. എമർജിങ് കേരള 2012, യുവ സംരംഭകരുടെ സംഗമം 2014 എന്നിവ പോലെയുള്ള പ്രധാന പ്രചരണപരിപാടികൾ സംസ്ഥാനത്തുടനീളം സാങ്കേതിക വിദ്യാധിഷ്ഠിതമായ വ്യവസായ സംരംഭങ്ങളുടെ ഒരു വൻതരംഗമായി മാറിയിട്ടുള്ളതും ഈ പ്രവണത തുടർന്നുവരുന്നതുമാണ്.

48. അപൂർവമായ വിവിധയിനം ട്രോപ്പിക്കൽ ഫലങ്ങൾ, പച്ചക്കറികൾ, മാംസം, പാൽ, പൗൾട്രി, സമുദ്രോത്പന്നങ്ങൾ എന്നിവയുടെ ലഭ്യത കേരളത്തിൽ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്ക് അനന്തസാധ്യത പ്രദാനം ചെയ്യുന്നു. ഈ അനുകൂല സന്ദർഭം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷനും (കെ.എസ്.ഐ.ഡി.സി.) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷനും (കിൻഫ്ര) സമുദ്രോത്പന്നങ്ങളുടെ സംസ്കരണത്തിലും കയറ്റുമതിയിലും ഊന്നൽ നൽകിക്കൊണ്ട് കേന്ദ്രസഹായത്തോടെ ഒരു 'മെഗാ ഫുഡ് പാർക്ക്' സ്ഥാപിക്കുന്നതാണ്. കൽക്കരി, ചുണ്ണാമ്പുകല്ല്, മണൽ, സിമന്റ് എന്നിവ ഇറക്കുമതി ചെയ്യുന്നതിനായി മലബാർ സിമന്റ്സ് കൊച്ചിയിൽ ഒരു സിമന്റ് ബൾക്ക് ഹാൻഡ്ലിങ് ടെർമിനൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൂടി വലിയതോതിൽ അസംസ്കൃതവസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനായി ഈ കേന്ദ്രം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.

49. കൊച്ചിയിലെ ബി.പി.സി.എൽ. റിഫൈനറിയുടെ ശുദ്ധീകരണശേഷി പ്രതിവർഷം 9.5 ദശലക്ഷം മെട്രിക് ടണ്ണിൽ (എം.എം.ടി.പി.എ.) നിന്നും പ്രതിവർഷം 15.5 ദശലക്ഷം മെട്രിക്ടൺ ആയി വർധിപ്പിക്കാൻ 2016 ൽ പൂർത്തിയാക്കുന്നതും അതുവഴി അഞ്ചു ലക്ഷം ടി.പി.എ. പ്രൊപ്പിലീൻ ഉത്പാദിപ്പിക്കുവാൻ കഴിയുന്നതുമാണ്. ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡിൽ നിന്നുള്ള അസംസ്കൃത പദാർഥങ്ങൾ കൊണ്ടുള്ള പുതിയ അനുബന്ധ പെട്രോകെമിക്കൽ വ്യവസായങ്ങളുടെ സാധ്യത പരിഗണിച്ച്, കേരള സംസ്ഥാന വ്യവസായവികസന കോർപറേഷൻ, ബി.പി.സി.എൽ. റിഫൈനറിയോട് ചേർന്ന് ഒരു പെട്രോ-കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതാണ്. എൽ.എൻ.ജി. പൈപ്പ്ലൈൻ പ്രോജക്ട് സംസ്ഥാനത്തിന്റെ വികസനത്തിന് നിർണായകമായിട്ടുള്ളതും എൽ.എൻ.ജി. പൈപ്പ്ലൈൻ ഇടുന്നതിനുള്ള എല്ലാ സഹായവും എന്റെ സർക്കാർ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിന് നൽകുന്നതുമാണ്. ഗാർഹിക പാചകവാതക ഉപഭോക്താക്കൾക്ക്പൈപ്പ്ലൈൻ വഴി എൽ.എൻ.ജി. നൽകുവാൻ കഴിയുന്ന കൊച്ചി സിറ്റി ഗ്യാസ് പദ്ധതിയും സർക്കാർ ത്വരിതപ്പെടുത്തുന്നതാണ്.

14 ജില്ലകളിലും ഇ–ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കി. നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് പരിപാടി മുഖേന 100 മെഗാബൈറ്റ്സ് പെർ സെക്കൻഡ് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റിയുള്ള രാജ്യത്തെ ആദ്യ ജില്ലയായി ഇടുക്കി.

50. എന്റെ സർക്കാർ, 14 ജില്ലകളിലും ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി, നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് പരിപാടി മുഖേന 100 മെഗാബൈറ്റ്സ് പെർ സെക്കൻഡ് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റിയുള്ള രാജ്യത്തെ ആദ്യത്തെ ജില്ലയായിത്തീർന്നു. സംസ്ഥാനത്തെ ഏക പട്ടികഗോത്രവർഗ പഞ്ചായത്തും വിദൂരത്ത് സ്ഥിതിചെയ്യുന്നതുമായ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് ഇതാദ്യമായി മൊബൈൽ കണക്ടിവിറ്റിയും ഇന്റർനെറ്റ് കണക്ടിവിറ്റിയും ഈ പദ്ധതിമുഖേന ലഭിച്ചുവെന്ന് അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്റെ സർക്കാർ, നാഷണൽ ഒഫ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് മുഖേന സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഹൈസ്പീഡ് ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി ഈ മാസം പൂർത്തിയാക്കുന്നതാണ്.

51. ആധുനിക സംവിധാനങ്ങളോടുകൂടിയ അടിസ്ഥാന സൗകര്യങ്ങൾകൊണ്ടും അതിവിദഗ്ധമായ മാനവവിഭവശേഷി കൊണ്ടും കേരള സംസ്ഥാനം ഭാരതത്തിലെ ഒരു പ്രമുഖ ഐടി നിക്ഷേപകേന്ദ്രമായി തീർന്നിട്ടുണ്ട്. കൊച്ചിയിലെ സ്മാർട്സിറ്റി പദ്ധതി എല്ലാ പ്രവർത്തനങ്ങമേഖലകളിലും ഈ വർഷം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 7.2 ദശലക്ഷം ചതുരശ്ര അടി നിർമിത വിസ്തൃതിയുള്ളതും നിലവിൽ ഏകദേശം 50,000 പ്രൊഫഷണലുകളെ നിയമിച്ചിട്ടുള്ളതും 333 കമ്പനികളുള്ളതുമായ തിരുവനന്തപുരത്തെ ടെക്നോപാർക്ക് ഭാരതത്തിലെ ഏറ്റവും വലിയ ഐടി പാർക്കുകളിലൊന്നാണ്. കൊച്ചിയിലെ ഇൻഫോപാർക്കിൽ 200 കമ്പനികളിലായി 25,000 പ്രൊഫഷണലുകൾ ജോലിചെയ്തുവരുന്നു. രണ്ട് വർഷത്തിനകം, പണിനടന്നുകൊണ്ടിരിക്കുന്ന വികസനപദ്ധതികൾ പൂർത്തീകരിക്കുമ്പോൾ ടെക്നോപാർക്കിലും ടെക്നോസിറ്റിയിലുമായി 50,000 തൊഴിലവസരങ്ങളും കൊച്ചിയിലെ ഇൻഫോ പാർക്കിൽ 30,000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതാണ്. സംസ്ഥാനത്തെ മൂന്നാമത്തെ ഐടി കേന്ദ്രമായി കോഴിക്കോടിനെ വികസിപ്പിച്ചുവരികയാണ്. 2.88 ലക്ഷം ചതുരശ്ര അടി നിർമിത വിസ്തൃതിയുള്ള ആദ്യ ഐടി കെട്ടിടമായ കോഴിക്കോട് സൈബർപാർക്ക് 2015 ഡിസംബറോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അത് മൂവായിരം പ്രൊഫഷണലുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്നതുമാണ്. എന്റെ സർക്കാർ, 'സ്റ്റാർട്ട് അപ് ഇക്കോസിസ്റ്റ'ത്തിന്റെ വികസനം പരിപോഷിപ്പിക്കുന്ന 2015 ലെ കേരള ടെക്നോളജി സ്റ്റാർട്ട് അപ് നയം കൊണ്ടുവന്നിട്ടുണ്ട്.

52. എന്റെ സർക്കാർ, കളമശ്ശേരിയിൽ വിവിധ പ്രവൃത്തി മേഖല

കളിലുള്ള ഇൻകുബേറ്ററുകൾ ഉൾപ്പെടുന്നതും മറ്റെല്ലാ സഹായസൗകര്യങ്ങളും നൽകുന്നതുമായ ഒരു ടെക്നോളജി ഇന്നോവേഷൻ സോൺ സ്ഥാപിക്കുന്ന പ്രക്രിയയിലാണ്. ഈ മേഖലയിൽ സ്ഥാപിതമായ സ്റ്റാർട്ട് അപ് വില്ലേജും ഉൾപ്പെടുന്നതാണ്. ഈ സ്റ്റാർട്ട് അപ് കമ്പനികളെ സഹായിക്കുന്നതിനായി ഏയ്ഞ്ചൽ ആൻഡ് വെഞ്ചർ ഫണ്ടുകൾ രൂപീകരിക്കുന്നതിന് എന്റെ സർക്കാർ സൗകര്യമൊരുക്കുന്നതാണ്.

53. എന്റെ സർക്കാർ, സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡ് ശൃംഖലകളുടെ വികസനത്തിന് പരമപ്രാധാന്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ മേൽപ്പാലങ്ങൾ, പാലങ്ങൾ, റോഡുകൾ എന്നിവ നിർമിക്കുന്നതിനായി 10,000 കോടി രൂപയോളം ചെലവു വരുന്ന 'സസ്റ്റെയ്നബിൾ ആൻഡ് പ്ലാൻഡ് എഫർട്ട് ടു എൻഷ്വർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഓഫ് കേരള' (SPEEID Kerala) പദ്ധതി എന്റെ സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. സ്പീഡ് കേരളയുടെ കീഴിലുള്ള എല്ലാ പദ്ധതികളുടെയും നിർമാണം തുടങ്ങുന്നതിന് ആവശ്യമായ നടപടി ഈ വർഷം ആരംഭിക്കുന്നതാണ്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമാണം 2015 മാർച്ചിൽത്തന്നെ സമാരംഭിക്കുന്നതാണ്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമാണം ഈ വർഷം ആരംഭിക്കുന്നതാണ്.

54. മൊത്തം വാഹനഗതാഗതത്തിന്റെ 40 ശതമാനം ദേശീയപാതകളിൽക്കൂടിയായതിനാൽ ദേശീയപാതകളുടെ വികസനം വളരെ നിർണായകവും അതിന് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകിവരുന്നതുമാണ്. എന്റെ സർക്കാർ, എൻ,. എച്ച് 47 ഉം എൻ.എച്ച് 17 ഉം 45 മീറ്റർ വീതിയുള്ള റൈറ്റ് ഓഫ് വേ-യോടെയുള്ള നാലുവരി പാതയാക്കുന്നതിൽ മുന്നോട്ടുപോകുവാൻ തീരുമാനിച്ചിട്ടുള്ളതും ഈ ആവശ്യത്തിനുള്ള ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. തിരുവനന്തപുരം നഗരപാത മെച്ചപ്പെടുത്തൽ പദ്ധതി ഈ വർഷം പൂർത്തീകരിക്കുന്നതാണ്. കോഴിക്കോട് നഗരപാത മെച്ചപ്പെടുത്തൽ പദ്ധതിയുടെ പണികൾ ഈ വർഷം ആരംഭിക്കുന്നതാണ്. ലോക ബാങ്ക് അംഗീകരിച്ചിട്ടുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ടം ഇതിനകം ആരംഭിച്ചിട്ടുള്ളതും ഏഴു പാക്കേജുകളുടെ നിർമാണം പുരോഗമിച്ചുവരികയുമാണ്. (കെ.എസ്.ടി.പി.) കീഴിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മോഡൽ സേഫ്റ്റി കോറിഡോർ പ്രോജക്ട് ഈ വർഷം നടപ്പിലാക്കുന്നതാണ്. . തിരുവനന്തപുരത്തും കോഴിക്കോടും മോണോ റെയിൽ പദ്ധതിക്കുപകരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപറേഷൻ ലിമിറ്റഡ് (കെ.ആർ.ടി.എൽ.) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

55. പൊതുമരാമത്ത് വകുപ്പും അതിനു കീഴിലുള്ള മറ്റ് ഏജൻസികളും ഇപ്പോൾ 182 പാലങ്ങളും മേൽപ്പാലങ്ങളും ആർ.ഒ.ബികളും നിർമിച്ചുകൊണ്ടിരിക്കുകയാണ്. ഇവയിൽ 100 പാലങ്ങൾ വരുന്ന 400 ദിവസങ്ങളിൽ സംസ്ഥാനത്ത് കമ്മിഷൻ ചെയ്യുന്നതാണ്. ഈ വർഷം ആന്വിറ്റി സ്കീമിൻകീഴിൽ 14 പുതിയ വൻ പദ്ധതികളുടെ നടപ്പിലാക്കൽ ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

56. തൂത്തുക്കുടിക്കും കൊല്ലത്തിനും ഇടയിൽ കശുവണ്ടി കണ്ടെയ്നറുകൾ കൊണ്ടുപോകുന്നത് തീരദേശ കപ്പൽഗതാഗതം മുഖേനയാകുന്നതാണ്. കൊടുങ്ങല്ലൂരിൽ വാർഫിന്റെയും യാർഡിന്റെയും നിർമാണത്തോടെ കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം ആരംഭിക്കുന്നതാണ്. നബാർഡിന്റെ സഹായത്തോടുകൂടി കൊടുങ്ങല്ലൂരും അഴീക്കൽ തുറമുഖത്തും ഗോഡൗണുകളുടെ നിർമാണം ആരംഭിക്കുന്നതാണ്. കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിന് മാത്രമായി ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള വാർഫിന്റെ നിർമാണം ബേപ്പൂർ തുറമുഖത്ത് ആരംഭിക്കുന്നതും ഇതിനായി പരിസ്ഥിതി ആഘാത പഠനം (ഇ.ഐ.എ.) പുരോഗമിച്ചുവരികയുമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ സീപോർട്ടിന്റെ നിർമാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 800 കോടി രൂപയുടെ സംരംഭക മൂലധനത്തിന് ഉപരിയായുള്ള തുക ലഭ്യമാക്കുവാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുള്ളതും ഈ പദ്ധതി ഡിസൈൻ ബിൽഡ് ഫിനാൻസ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.ടി.) രീതിയിൽ നടപ്പിലാക്കുന്നതുമാണ്.

57. സർക്കാർ/എയ്ഡഡ് കോളേജുകൾ ഇല്ലാത്ത 18 നിയമസഭാ നിയോജകമണ്ഡലങ്ങളിൽ 17 പുതിയ സർക്കാർ കോളേജുകളും ഒരു എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജും അനുവദിച്ചിട്ടുണ്ട്. അർഹരായ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ അവസരം ലഭിക്കുന്നതിനായി കണ്ണൂർ, കോഴിക്കോട്, എം.ജി., കേരള എന്നീ സർവകലാശാലകളുടെ കീഴിൽ 200 ൽ അധികം സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവകലാശാലയെ (സി.യു.എസ്.എ.ടി.) കൂടുതൽ ഗവേഷണ സൗകര്യങ്ങളോടുകൂടിയ ഒരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ്, സയൻസ് ആൻഡ് ടെക്നോളജി ആയ ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

58. വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർഥി സംരംഭകത്വ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെയുള്ള വിദ്യാർഥികൾക്ക് ഗ്രേസ് മാർക്ക് നൽകുകയും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്ക് ഹാജർ അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്. എമർജിങ് കേരള പ്രോജക്ടിന്റെ ഭാഗമായി വിദ്യാർഥികളുടെ നൈപുണ്യനിലവാരം മെച്ചപ്പെടുത്തുന്നതിനായി ബോഷ്, ബെൻസ് എന്നിവപോലുള്ള ബഹുരാഷ്ട്ര കമ്പനികളുമായി ബന്ധം സ്ഥാപിച്ചിട്ടുണ്ട്.

59. ട്യൂട്ടോറിയലുകൾ, അധികസമയ അധ്യാപനം, ചർച്ചാ ക്ലാസുകൾ, ക്വസ്റ്റ്യൻ ബാങ്കുകൾ, പഠന സാമഗ്രികൾ എന്നീ മാർഗങ്ങളിലുള്ള സമയോചിതമായ സഹായത്തിലൂടെ, പാഠ്യപദ്ധതിയുടെ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് കൂടുതൽ സഹായം നൽകുന്നതിനുവേണ്ടിയുള്ള 'സ്കോളർ സപ്പോർട്ട് പ്രോഗ്രാം' എന്റെ സർക്കാരിന്റെ ഒരു നൂതന സംരംഭമാണ്. വ്യക്തിപരവും വെബ് അധിഷ്ഠിതവുമായ രീതിയിലൂടെ ക്ലാസ്സുകൾ നടത്തുന്നതാണ്. എന്റെ സർക്കാർ, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലുമുള്ള കോളേജുകൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനായി നാഷണൽ അസെസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ മാതൃകയിൽ കേരള സ്റ്റേറ്റ് അക്രഡിറ്റേഷൻ ആന്റ് അസെസ്സ്മെന്റ് കൗൺസിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

60. കേരളത്തെ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ ഹബ് ആക്കുന്നതിനായി ദുബായ് അക്കാദമിക് സിറ്റിയുടെ മാതൃകയിൽ കേരളത്തിൽ ഒരു അക്കാദമിക് സിറ്റി

> വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർഥി സംരംഭകത്വ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെയുള്ള വിദ്യാർഥികൾക്ക് ഗ്രേസ് മാർക്ക് നൽകുകയും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്ക് ഹാജർ അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്. എമർജിങ് കേരള പ്രോജക്ടിന്റെ ഭാഗമായി വിദ്യാർഥികളുടെ നൈപുണ്യനിലവാരം മെച്ചപ്പെടുത്തുന്നതിനായി ബോഷ്, ബെൻസ് എന്നിവപോലുള്ള ബഹുരാഷ്ട്ര കമ്പനികളുമായി ബന്ധം സ്ഥാപിച്ചിട്ടുണ്ട്

സ്ഥാപിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം നടത്താൻ ഉദ്ദേശിക്കുന്ന ആഗോള വിദ്യാഭ്യാസ സമ്മേളനത്തിൽ ഈ ആശയം മുന്നോട്ടു വെക്കുന്നതാണ്. പാലക്കാട് ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി.) ആരംഭിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർഥി കേന്ദ്രീകൃത പരിപാടികളായ കരിയർ ഫെസ്റ്റ്, കരിയർ ഗൈഡൻസ്, കൗൺസിലിങ്, സ്ത്രീ ശാക്തീകരണ പരിപാടികൾ മുതലായവ 2015-16 വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വൊക്കേഷണൽ ലാബുകൾ ആധുനികവത്കരിക്കുന്നതിനും ഇ-ഓഫീസുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസനിലവാരം ഉറപ്പാക്കുന്നതിനും ഒരു സമഗ്ര സ്കൂൾ വികസന മാർഗനിർദേശവും കർമപകരിപാടിയും തയാറാക്കാൻ എസ് സിഇആർടി ഉദ്ദേശിക്കുന്നുണ്ട്.പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിദ്യാർഥി വിലയിരുത്തൽ പ്രക്രിയ ശാസ്ത്രീയമായി പുനഃക്രമീകരിക്കുന്നതാണ്. മയക്കരുമരുന്നുവിരുദ്ധ പ്രചാരണം, ഗൈഡൻസ് ആൻഡ് കൗൺസിലിങ് പരിപാടികൾ എന്നിവയും 2015-2016 വർഷത്തിൽ ആരംഭിക്കുന്നതാണ്.

61. ഈ വർഷം കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കുവാൻ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ ഉദ്ദേശിക്കുന്നു. പ്രവർത്തനേതര വരുമാനം വർധിപ്പിക്കുന്നതിനുള്ള ഒരു നടപടിയെന്ന നിലയിൽ കൊറിയർ സർവീസുകളും പാഴ്സൽ സർവീസുകളും ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നു. വൻനഗരങ്ങളിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ജൻറം ബസ്സുകൾ സർവീസ് നടത്തുന്നതിനായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ എന്ന പേരിൽ ഒരു സബ്സിഡിയറി കോർപറേഷൻ ഇതിനകം തന്നെ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ അത് പൂർണമായും പ്രവർത്തനനിരതമാകുന്നതാണ്.

62. ഒരു വർഷത്തിനുള്ളിൽ സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ കൊച്ചി മെട്രോ റെയിൽ പ്രോജക്ട് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതി, ധനസമാഹരണത്തിന്റെ പരിസമാപ്തിയിലെത്തിച്ചേരുകയും പ്രതീക്ഷിച്ചിരുന്ന പദ്ധതിച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഗണ്യമായ നീക്കിയിരിപ്പുണ്ടാകുകയും ചെയ്തിട്ടുണ്ട്. പദ്ധതിമൂലം ബാധിക്കപ്പെട്ട ആളുകൾക്കുണ്ടാകുന്ന ദോഷഫലങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഏറ്റവും മികച്ച പുനരധിവാസ-പുനഃസ്ഥാപന നയമാണ് കെ.എം.ആർ.പിക്കുള്ളത്.

63. കൊച്ചിയിലെ യാത്രക്കാരായ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് അനുമതി നൽകുമ്പോൾ ഉണ്ടായിരുന്ന നിബന്ധന പ്രകാരം എല്ലാ നഗര ഗതാഗത സംവിധാനങ്ങളെയും ഒറ്റ ശൃംഖലയ്ക്കും മേൽനോട്ടത്തിനും നിയന്ത്രണത്തിനും കീഴിൽ സംയോജിപ്പിക്കുന്നതിനായി, ഒരു യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്കുവേണ്ടി ഒരു നിയമ നിർമാണം കൊണ്ടുവരുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. തിരുവനന്തപുരത്തിനും ചെങ്ങന്നൂരിനും ഇടയിലുള്ള സബർബൻ റെയിൽ പദ്ധതിക്കുവേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് എന്റെ സർക്കാർ തയാറാക്കിയിട്ടുണ്ട്.

ഒരു വർഷത്തിനുള്ളിൽ സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ കൊച്ചി മെട്രോ റെയിൽ പ്രോജക്ട് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതി, ധനസമാഹരണത്തിന്റെ പരിസമാപ്തിയിലെത്തിച്ചേരുകയും പ്രതീക്ഷിച്ചിരുന്ന പദ്ധതിച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഗണ്യമായ നീക്കിയിരിപ്പുണ്ടാകുകയും ചെയ്തിട്ടുണ്ട്

64. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി എ.ടി.എം. സ്ഥാപിക്കൽ, റൂപേ കാർഡുകൾ, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സമ്പ്രദായം മുതലായവ പോലെയുള്ള നൂതന സാങ്കേതികവിദ്യ നടപടികൾ ഏർപ്പെടുത്തിക്കൊണ്ട് സഹകരണ ബാങ്കിങ് മേഖല ശക്തിപ്പെടുത്തുകയാണ്.

65. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നിലവിൽ ചെറുകിട ജലവൈദ്യുതമേഖലകളിൽ മൊത്തം 195.1 മെഗാവാട്ട് ശേഷിയുള്ള 13 പദ്ധതികൾ നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തിലെ അഗളിയിൽ കാറ്റിൽ നിന്നുള്ള ഊർജം വഴി 82 മെഗാവാട്ട് മൊത്തം ശേഷിയുള്ള വൈദ്യുതവികസനം ലക്ഷ്യമിട്ട് നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപറേഷനുമായി എന്റെ സർക്കാർ, ഇതിനകം ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ട്. ഏഴ് 110 കെ.വി. സബ്സ്റ്റേഷനുകൾ, രണ്ട് 66 കെ.വി. സബ് സ്റ്റേഷനുകൾ, ആറ് 33 കെ.വി. സബ്സ്റ്റേഷനുകൾ എന്നിവയും അനുബന്ധ ലൈനുകളും 2015-16 ൽ നിർമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

66. വിതരണ മേഖലയിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഇപ്പോഴും ശ്രദ്ധകേന്ദ്രീകരിക്കുന്നത് സേവനമേന്മയിലും വിതരണത്തിന്റെ നിലവാരം നിലനിർത്തുന്നതിലുമാണ്. ഭാരതത്തിലെ ഊർജ വിതരണ കമ്പനികൾക്കിടയിൽ മികച്ച പ്രകടനം കാഴ്ചവെച്ചതിനുള്ള 2014 ലെ ദേശീയ ഊർജ സംരക്ഷണ അവാർഡ് ഊർജമന്ത്രാലയത്തിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചത് അർഹതപ്പെട്ട അംഗീകാരമാണ്.

67. എനർജി മാനേജ്മെന്റ് സെന്ററിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആ പ്രദേശത്തുള്ള ജനപങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്നതിനുള്ള ഒരു നവീന മാതൃക വികസിപ്പിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ ഉദ്ദേശിക്കുന്നുണ്ട്. ഈ പൊതു-സ്വകാര്യ-പഞ്ചായത്ത്-പങ്കാളിത്ത മാതൃക ഭാരതത്തിൽ ഇത്തരത്തിൽ ആദ്യത്തേതായിരിക്കും.

68. കേരളത്തിന്റെ ഊർജസ്രോതസ്സുകളിൽ സൗരോർജത്തിന്റെ ഉപയോഗം മുഖ്യധാരയിലെത്തിക്കുക, സംസ്ഥാനത്തിന്റെ സൗരോർജമേഖലയുടെ സ്ഥാപിതശേഷി വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ എന്റെ സർക്കാർ 2013 ലെ കേരള സൗരോർജ നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

69. 'ഗോഡ്സ് ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം' എന്ന നൂതന വിനോദസഞ്ചാര പദ്ധതി 2015-16 ൽ തുടങ്ങുവാൻ കേരള ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു. ജനങ്ങളുടെ സജീവമായ പങ്കാളിത്തമാണ് ഈ പദ്ധതിയുടെ പ്രത്യേകത. തുടക്കത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള തിരഞ്ഞെടുക്കപ്പെട്ട 144 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് ആരംഭിക്കുന്നതാണ്. തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതുവഴി തദ്ദേശ ജനതയ്ക്ക് വിനോദസഞ്ചാര വികസനത്തിന്റെ പ്രയോജനങ്ങൾ എത്തിക്കുകയും അതുവഴി സാമ്പത്തിക ഉന്നമനം കൈവരിക്കുകയും ചെയ്യുകയെന്നതാണ് ഇത് വിഭാവനം ചെയ്യുന്നത്. 'മൾട്ടി ഫെയ്ത്ത് ടൂറിസം സർക്യൂട്ട്' എന്ന വ്യത്യസ്തമായ വിനോദസഞ്ചാര പദ്ധതി നടപ്പുവർഷം വിനോദസഞ്ചാര വകുപ്പ് ആരംഭിക്കുന്നതാണ്.

70. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാനങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച ഭാരതത്തിലെ ഏക സംസ്ഥാനമെന്ന നിലയിൽ കേരളം വേറിട്ടു നിൽക്കുന്നു. 737 ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ ജൈവവൈ

വിധ്യ രജിസ്റ്റർ തയാറാക്കുകയെന്ന നിർബന്ധിത ജോലി കേരള സംസ്ഥാന ജൈവ വൈവിധ്യബോർഡ് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കേരളത്തിൽ ഒരു ദേശീയ ജൈവവൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും മൂന്നാറിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്നു. വിനോദസഞ്ചാരത്തിന് വളരെയധികം സാധ്യതയുള്ള സ്ഥലമായ മൂന്നാറിൽ സ്ഥിതി ചെയ്യുന്ന കേരളത്തിന്റെയും പശ്ചിമഘട്ടങ്ങളിലെയും ജൈവവൈവിധ്യം പ്രദർശിപ്പിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ആദ്യത്തെ ജൈവവൈവിധ്യ ഉദ്യാനമാകും ഇത്.

2015 നവംബർ ഒന്നാം തീയതി കേരളം 60 ാം ജന്മദിനം ആഘോഷിക്കുകയാണ്. കഴിഞ്ഞ 60 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ നേട്ടങ്ങളും വികസനങ്ങളും വിളംബരം ചെയ്യുന്നതിന് 2015 നവംബർ മുതൽ 2016 നവംബർ വരെ ഒരു വർഷം നീളുന്ന വജ്രജൂബിലി പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

71. കേരള സംസ്ഥാനത്ത് ബാധകമായ എല്ലാ കേന്ദ്ര ആക്റ്റുകളും മലയാളത്തിൽ പ്രസിദ്ധീകരിക്കുവാൻ കേരള ഔദ്യോഗികഭാഷാ (നിയമനിർമാണ) കമ്മിഷൻ പരമാവധി പരിശ്രമിക്കുകയാണ്. ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗികഭാഷയായി ഉപയോഗിക്കണമെന്ന എന്റെ സർക്കാരിന്റെ നയമനുസരിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സുപ്രധാന വിധിന്യായങ്ങളും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായങ്ങളിലന്മേലുള്ള ചുരുക്കക്കുറിപ്പുകളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനായി ഒരു ഔദ്യോഗിക ഭാഷാ പ്രസിദ്ധീകരണ സെൽ രൂപീകരിച്ചു.

72. 2015 നവംബർ ഒന്നാം തീയതി കേരളം അതിന്റെ 60 ാം ജന്മദിനം ആഘോഷിക്കുകയാണ്. കഴിഞ്ഞ 60 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ നേട്ടങ്ങളും വികസനങ്ങളും വിളംബരം ചെയ്യുന്നതിന് 2015 നവംബർ മുതൽ 2016 നവംബർ വരെ ഒരു വർഷം നീളുന്ന വജ്രജൂബിലി പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെല്ലിൽ (സി.എം.പി.ജി.ആർ.സി.) സമർപ്പിക്കുന്ന എല്ലാ അപേക്ഷകളും ഒരേ വേദിയിൽ കൊണ്ടുവരുന്നതിന് ഇ-സുതാര്യ കേരളം ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രവർത്തനം മൂന്നു മാസത്തിനകം തുടങ്ങുന്നതാണ്.

73. വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് നിർദേശങ്ങൾ സമർപ്പിക്കുന്നതിനും ഗുണഭോക്താവിന് ക്ലിയറൻസ് ഉത്തരവുകൾ ഓൺലൈനിലൂടെ ലഭിക്കുന്നതിനും വേണ്ടി എന്റെ സർക്കാർ 'വാംസ്' (വേയ്സ് ആൻഡ് മീൻസ് സിസ്റ്റം) എന്ന ഒരു പുതിയ സോഫ്റ്റ്‌വെയർ ആരംഭിക്കുകയുണ്ടായി. എല്ലാ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും പരിഷ്കരിക്കുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനുംമ ശിപാർശകൾ നൽകുന്നതിനുമായി, റിട്ടയേർഡ് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ ചെയർമാനായുള്ള 10 ാം ശമ്പള പരിഷ്കരണ കമ്മിഷൻ എന്റെ സർക്കാർ രൂപീകരിക്കുകയുണ്ടായി.

74. ട്രഷറി സേവിങ്സ് ബാങ്കിനുവേണ്ടിയുള്ള കോർബാങ്കിങ് സോഫ്റ്റ്‌വെയർ 2015 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. കോർ ബാങ്കിങ് സിസ്റ്റം നടപ്പാക്കിയതിനുശേഷം വൈദ്യുതി ബിൽ, വെള്ളക്കരത്തിന്റെ ബിൽ തുടങ്ങിയ യൂട്ടിലിറ്റി പെയ്മെന്റുകൾ, കെ.എസ്.എഫ്.ഇ. ചിട്ടിയിലേക്കുള്ള പണം നൽകൽ മുതലായവ ട്രഷറികൾ മുഖേന സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. 2014 ഏപ്രിൽ മാസം മുതൽ എല്ലാ ഉദ്യോഗസ്ഥരുടെയും ശമ്പളബില്ലുകൾ ഓൺലൈൻ സബ്മിഷൻ രീതിയിൽ മാത്രമാണ് സ്വീകരിച്ച് പാസ്സാക്കിവരുന്നത്.

75. കേരളമൊട്ടാകെ മദ്യാസക്തിക്ക് എതിരെയുള്ള വിപുലമായ പ്രചരണം എക്സൈസ് വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള ലഹരി വിമുക്ത ക്ലബ്ബുകൾ, കുടുംബശ്രീ, സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, നാഷണൽ സർവീസ് സ്കീം വോളന്റിയർമാർ, മാധ്യമങ്ങൾ എന്നിവയുടെ സഹായത്തോടെ 'ലിക്വർ ഫ്രീ കേരള' (മദ്യ വിമുക്ത കേരളം) എന്ന പരിപാടി നടപ്പിലാക്കിക്കൊണ്ട് മദ്യാസക്തിക്കും മയക്കുമരുന്നുകൾക്കും എതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്.

76. 12 ാം പഞ്ചവത്സര പദ്ധതി കാലയളവിലെ പദ്ധതികളിലൂടെ സംസ്ഥാനത്തെ 12 ലക്ഷം വീടുകളുടെ കുറവ് പരിഹരിക്കപ്പെടുമെന്നാണ് സംസ്ഥാന പാർപ്പിടനയം വിഭാവനം ചെയ്യുന്നത്.

77. ചരക്കുകളും സേവനങ്ങളും നികുതി ആക്ട് (ജി.എസ്.ടി.) കൊണ്ടുവരുന്നതിലൂടെ ഒരു പുതിയ നികുതി വ്യവസ്ഥ നടപ്പിലാക്കുന്നതുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുകയാണ്. വരുമാനനഷ്ടം ഉണ്ടാവുകയില്ല എന്ന ശുഭാപ്തിവിശ്വാസത്തോടുകൂടി ജി. എസ്.ടി. വ്യവസ്ഥയെ എന്റെ സർക്കാർ പൂർണ മനസ്സോടുകൂടി സ്വാഗതം ചെയ്യുന്നു. ജി.എസ്.ടി. കൊണ്ടുവരുന്നതുവഴി ഉണ്ടാകുന്ന ഏതെങ്കിലും വരുമാന നഷ്ടം ഭാരതസർക്കാർ നികത്തുമെന്നും പ്രതീക്ഷിക്കുന്നു. ജി. എസ്.ടി. നടപ്പിലാക്കുവാൻ തയാറെടുക്കുന്നതിനുള്ള എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്.



78. എന്റെ സർക്കാർ, കയർ തൊഴിലാളികളുടെ വേതനം 260 രൂപയിൽ നിന്നും 300 രൂപയായി വർധിപ്പിച്ചിട്ടുള്ളതും പ്രകൃതിദത്തമായ നാരും അനുബന്ധ ഉത്പന്നങ്ങളുമയി ബന്ധപ്പെട്ട ഒരു അന്താരാഷ്ട്ര പരിപാടിയായ കയർ കേരള 2014 ഉം 2015 ഉം കയർ ഉത്പന്നങ്ങളുടെ വിപണി വർധിപ്പിക്കുന്നതിനായി ദേശീയതലത്തിലുള്ള ഉത്പന്നങ്ങലുടെ വിപണി വർധിപ്പിക്കുന്നതിനായി ദേശീയതലത്തിലുള്ള പ്രദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. 2011-12 ൽ കയറ്റുമതി 1052.62 കോടി രൂപയ്ക്കായിരുന്നതും അത് 2013-14 ൽ 1476.03 കോടി രൂപയ്ക്കുവരെയായി ഉയർന്നിട്ടുള്ളതുമാണ്.

79. നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ്, നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോഗ്രാം, ടെക്നോളജി മിഷൻ, സംസ്ഥാന പ്ലാൻ എന്നിവയുടെ കീഴിലുള്ള മിഷൻ 676 ന്റെ കീഴിൽ പണി നടന്നുകൊണ്ടിരിക്കുന്ന 154 പദ്ധതികളും കേരള ജല അതോറിറ്റി 2015-16 ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് പൂർത്തിയാകുന്നതോടെ ജനസംഖ്യയുടെ ഏകദേശം 60 ശതമാനത്തിന് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാകുന്നതാണ്. ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നത് തുടരുന്നതും അടുത്തവർഷം 23 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നതുമാണ്. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ഏജൻസിയുടെ മഴവെള്ള സംഭരണപദ്ധതികളുടെ കീഴിൽ 1000 ഗാർഹിക മഴവെള്ള സംഭരണ യൂണിറ്റുകൾ നിർമിക്കുവാൻ ഉദ്ദേശിക്കുന്നു.

80. 2015-16 ജലസേചന വകുപ്പ്, കുടിക്കുന്നതിനും ജലസേചനത്തിനുമുള്ള ജലത്തിന്റെ പരിശുദ്ധി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വെള്ളപ്പൊക്കവും പ്രധാന നദികളിലേക്ക് ഉപ്പുവെള്ളം പ്രവഹിക്കുന്നതും നിയന്ത്രിക്കുന്നതിന് 'ഫ്ളെഡ് എംബാങ്ക്മെന്റുകൾ' നിർമിക്കുന്നതിന് ഒരു പുതിയ പദ്ധതി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

81. വേനൽക്കാലത്തെ ജലക്ഷാമം കുറക്കുന്നതിനും ജലസംരക്ഷണത്തിനുമായി മീനച്ചിൽ, വാമനപുരം, അച്ചൻകോവിൽ, ചാലിയാർ എന്നീ നാലു നദികളിൽ ഒഴുകിവരുന്ന വെള്ളം സംഭരിക്കുന്ന ചെറിയ ജലസംഭരണികളുടെ നിർമാണം ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൊടുപുഴയിൽ ഒരു ജലസേചന മ്യൂസിയം ആരംഭിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കാവേരി വാട്ടർ ഡിസ്പ്യൂട്ട്സ് ട്രിബ്യൂണൽ അവാർഡ് പ്രകാരം നൽകിയിട്ടുള്ള ജലം ഉപയോഗപ്പെടുത്തുന്നതിനായി കബനീനദീതടപ്രദേശത്ത് റെഗുലേറ്ററുകളുടെ ഒരു ശൃംഖല നിർമിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

82. നമ്മുടെ സംസ്ഥാനത്തിന്റെയും ഭാരതസർക്കാർ ഇപ്പോൾ ശ്രേഷ്ഠഭാഷയായി പ്രഖ്യാപിച്ച നമ്മുടെ ഭാഷയായ മലയാളത്തിന്റെയും സമ്പന്നമായ സാംസ്കാരിക പാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്റെ സർക്കാർ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിന്റെയും പഴശ്ശി മ്യൂസിയത്തിന്റെയും നെടുമങ്ങാടുള്ള കോയിക്കൽ കൊട്ടാരത്തിന്റെയും നവീകരണ പ്രവർത്തനങ്ങൾ 2015-16 വർഷം പൂർത്തിയാക്കുന്നതാണ്. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയും കൊങ്കണി സാഹിത്യ അക്കാദമിയും അവരുടേതായ മേഖലകളിൽ വിവിധ പദ്ധതികൾ ഊർജസ്വലമായി നടപ്പിലാക്കുന്നുണ്ട്. കിളിമാനൂരിലെ രാജാ രവിവർമ സ്മാരകത്തിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുള്ളതും



ഇപ്പോൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുള്ളതുമാണ്.

83. പതിനാല് ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലുള്ള ബാസ്റ്റിയൻ ബംഗ്ലാവ്, തൃശൂരുള്ള കൊല്ലങ്കോട് കൊട്ടാരം, തിരുവനന്തപുരത്തുള്ള ശ്രീപാദം കൊട്ടാരം, വയനാടുള്ള പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ പണികൾ എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ചരിത്രപ്രധാനമായ യോഗം നടന്ന വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസമരസേനാനികളുടെ സ്മാരകത്തിന്റെ നിർമാണം പൂർത്തീകരിക്കാറായിട്ടുണ്ട്. 23.04 കോടി രൂപ ചെലവിൽ അത്യാധുനിക സൗകര്യങ്ങളോടും അനുബന്ധ സൗകര്യങ്ങളോടും കൂടി ടാഗോർ സെന്റിനറി ഹാൾ നവീകരിച്ചിട്ടുണ്ട്. കോഴിക്കോടിനെ ശില്പനഗരിയായും കോട്ടയത്തെ ചുമർചിത്രകലാനഗരിയായും പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

84. സാമൂഹികനീതി വകുപ്പ് കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് എടുത്തുപറയുവാൻ എനിക്ക് അതീവ സന്തോഷമുണ്ട്. വകുപ്പിന്റെ മികച്ച രീതിയിലുള്ള സംഘടിത പ്രവർത്തനവും ഏകോപനവും അതിന്റെ പ്രവർത്തനത്തെ ത്വരിതഗതിയിലാക്കിയിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ഷീ ടാക്സി, ഷീ ടോയ്‌ലറ്റ്, ഫുഡ് ഓൺ വീൽസ്, ജെൻഡർ പാർക്ക്, ആശ്വാസകിരണം, വയോമിത്രം, കോക്ലിയർ ഇംപ്ലാന്റേഷൻ, സ്നേഹപൂർവം, വിഭിന്നശേഷിയുള്ളവരുടെ നിയമനം, വിശപ്പ് രഹിത നഗരം, പ്രത്യാശ, നിർഭയ എന്നിവപോലെയുള്ള പദ്ധതികളും വനിതാരത്നം പുരസ്കാരം ഉൾപ്പെടുന്ന ഇതുപോലെയുള്ള മറ്റനേകം കാര്യങ്ങളും ദേശീയശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

86. അംഗപരിമിതർക്കായി ഒരു സമഗ്രനയം ആവിഷ്കരിക്കുന്നതും നടപ്പാക്കുന്നതുമാണ്. ഓട്ടിസം സ്പെക്ട്രം ഡിസോർഡറിനുള്ള ഒരു സമഗ്രപരിപാടി നടപ്പിലാക്കുന്നതാണ്. ഡേ കെയർ സെന്ററുകളോടും പരിശീലനം സിദ്ധിച്ച പരിപാലകരോടും കൂടി മറവിരോഗം സംബന്ധിച്ച സംസ്ഥാനഉദ്യമം ആരംഭിക്കുന്നതാണ്. ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിനെ വയോജനങ്ങൾക്ക് സമഗ്രപരിചരണം നൽകുന്ന വയോജനസൗഹൃദ പഞ്ചായത്താക്കുന്നതാണ്. എല്ലാ ജില്ലകളിലും മാനസിക വൈകല്യമുള്ളവർക്കായി മാനസിക-സാമൂഹിക-പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്.

86. കേരള സംസ്ഥാന വനിതാവികസന കോർപറേഷൻ എറണാകുളത്ത് ഒരു ഇന്റർനാഷണൽ വിമൻസ് ട്രേഡ് സെന്റർ സ്ഥാപിക്കുന്നതാണ്. കുടുംബശ്രീ, ബ്ലോക്ക് തലത്തിൽ കാർഷികോത്പന്ന വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതും അതിൽ 20 ശതമാനം വിഭിന്നശേഷിയുള്ളവർക്കായി നീക്കിവെക്കുന്നതുമാണ്. വിവിധതലസമീപനത്തോടുകൂടി വാർധക്യസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിനെ വയോജനസൗഹൃദമാക്കുന്നതാണ്.

87. എന്റെ സർക്കാർ 'അവളുടെ വിദ്യാഭ്യാസം നമ്മുടെ ഉത്തരവാദിത്വം' എന്ന പദ്ധതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർഥിനികൾക്കും സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതാണ്.

88. എന്റെ സർക്കാർ, ശബരിമലയുടെ പരിസ്ഥിതി സൗഹൃദപരമായ രീതിയിലുള്ള ആസൂത്രിതവും ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ വികസനത്തിന് മുന്തിയ പ്രാധാന്യം നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തപ്രകാരമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ നാളിതുവരെ 52 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമലയെ ഒരു ദേശീയ തീർഥാടനകേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ട്.

89. സുതാര്യതയും പൗരകേന്ദ്രീകൃത ഭരണവും അഴിമതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത മനോഭാവവുമാണ് എന്റെ സർക്കാരിന്റെ മുഖമുദ്ര. പൗരന്മാർക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിന് എല്ലാ സർക്കാർ വകുപ്പുകളിലും ഇതിനകംതന്നെ സേവനാവകാശം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഭരണസംവിധാനത്തിൽ നിന്ന് അഴിമതി ഉന്മൂലനം ചെയ്യുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

90. ഏതൊരു സംസ്ഥാനത്തിന്റെയും ഏറ്റവും വലിയ സമ്പത്താണ് മാനവവിഭവശേഷിയെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഗുണമേന്മയുള്ള സേവനം സാധാരണക്കാരന് നൽകുന്നതുവഴി മാനവവിഭവശേഷിയെ സമൂഹത്തിന് മുതൽക്കൂട്ടാകുന്ന ഉന്നത നിലവാരത്തിലുള്ള പ്രകടനം കാഴ്ചവെക്കുന്ന വ്യക്തികളായി രൂപാന്തരപ്പെടുത്തുക എന്നതാണ് വിവരസാങ്കേതികവിദ്യയുടെ ഈ കാലഘട്ടത്തിൽ ആവശ്യമായിട്ടുള്ളത്. സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നിവയേക്കാളുവരി ഏറ്റവും പ്രധാനപ്പെട്ട ഘടകം മനുഷ്യനാണ് എന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഭരണത്തിൽ സുതാര്യവും കടലാസ് രഹിതവുമായ ഓഫീസ് നടപ്പിലാക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിലേക്കായി സെക്രട്ടേറിയറ്റിലെ പത്ത് വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. അടുത്ത വർഷത്തോടുകൂടി ഇത് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്കിലൂടെ സെക്രട്ടേറിയറ്റിനെ ആധുനികവത്കരിക്കുന്നതാണ്. വിവിധ സർക്കാർ വകുപ്പുകളിൽ മനുഷ്യവിഭവശേഷിയുടെ ക്ഷമത വർധിപ്പിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് 24x7 അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി സാധാരണക്കാരന് സേവനം നൽകുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും എന്റെ സർക്കാർ ഇ-ഓഫീസ് നടപ്പിലാക്കുന്നതാണ്. സർക്കാരിനു വേണ്ടിയുള്ള 25 ലക്ഷത്തിന് മുകളിലുള്ള എല്ലാ ക്രയങ്ങൾക്കും ഇ-ടെൻഡറിങ് പ്ലാറ്റ്ഫോം നിർബന്ധമാക്കിയിട്ടുണ്ട്. ഇ-ടെൻഡറിങ്ങിനുള്ള സ്ലാബ് എന്റെ സർക്കാർ അഞ്ചു ലക്ഷമായി കുറയ്ക്കുന്നതാണ്.

91. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുന്നതിനായി ഒരു ചരിത്രപരമായ കാൽവെപ്പ് നടത്തിയിട്ടുണ്ട്. സംതൃപ്തമായ തൊഴിൽ ശക്തി മഹത്തരമായ ശക്തിയാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നതും തൊഴിലാളികളുടെ ന്യായമായ പരാതികളും ആശങ്കകളും പരിഹരിക്കുന്നതിന് സാധ്യമായതെല്ലാം എന്റെ സർക്കാർ ചെയ്യുന്നതുമാണ്. അതേസമയം സാധാരണ ജനങ്ങളുടെ ആശങ്കകൾക്കായിരിക്കണം ബന്ധപ്പെട്ട എല്ലാവരും മുഖ്യപരിഗണന നൽകേണ്ടത്. കേരളത്തെ യഥാർഥത്തിൽ 'ദൈവത്തിന്റെ സ്വന്തം ഇ-സംസ്ഥാനം' ആയി മാറ്റുന്നതിലേക്ക് നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം.

92. "ഈയറ്റലും ഈട്ടലും കാത്തലും കാത്ത
വകുത്തലും വല്ലത് അരശ്"
എന്ന് മഹാനായ തമിഴ് യോഗി തിരുവള്ളുവർ പറഞ്ഞിരിക്കുന്നതിന്റെ പൊരുൾ 'വിഭവങ്ങളെ പരമാവധി സമാഹരിക്കുകയും വിഭവങ്ങളെ ഫലപ്രദമായി സമ്പത്തായി മാറ്റുകയും അങ്ങനെ നേടിയെടുത്ത സമ്പത്തിനെ സുരക്ഷിതമായി സൂക്ഷിക്കുകയും ആ സമ്പത്തിനെ സംസ്ഥാനത്തിലെ ജനതയ്ക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന രീതിയിൽ വിവേകപൂർവം ചെലവഴിക്കുകയും ചെയ്യുന്നതാണ് സദ്ഭരണം' എന്നതാണ്. ഇക്കാര്യത്തിൽ രാജ്യത്തിന് മുഴുവനും എന്റെ സംസ്ഥാനം ഒരു മാതൃകയാണെന്ന് അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. സദ്ഭരണമെന്ന ലക്ഷ്യത്തിലേക്കായി ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമുള്ള ഐക്യത്തോടെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

എല്ലാവർക്കും എന്റെ ആശംസകൾ

നന്ദി, ജയ് ഹിന്ദ്

■ അജിത് വെണ്ണിയൂർ

# 2015-16 ബജറ്റ് ഒറ്റനോട്ടത്തിൽ

ഏഴ് മേഖലകൾക്ക് മുൻഗണന നൽകി, ദീർഘവീക്ഷണവും പ്രായോഗികതയുമുള്ള വികസനോന്മുഖ ബജറ്റാണ് ധനമന്ത്രി കെ.എം.മാണി അവതരിപ്പിച്ചത്. ബജറ്റിലെ സുപ്രധാന നിർദ്ദേശങ്ങൾ...

## 1 ഉണർവിന്റെ ഊർജവുമായി കാർഷികമേഖല

### റബ്ബർ വില സ്ഥിരതാ ഫണ്ട്

- കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകി 20,000 മെട്രിക് ടൺ റബ്ബർ സംഭരിക്കുന്നതിന് 300 കോടി രൂപ



- റബ്ബർ സംഭരണത്തിന് റബ്ബർ ബോർഡിന്റേയും സർവ്വീസ് സഹകരണ ബാങ്കുകളുടെയും പങ്കാളിത്തം
- റബ്ബറിന്റെ താങ്ങുവിലയും വിപണിവിലയും തമ്മിലുള്ള വ്യത്യാസം കർഷകരുടെയോ റബ്ബർ ഉൽപാദകസംഘങ്ങളുടെയോ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു.

### നെൽകൃഷി



- നെൽ സംഭരണത്തിന് 300 കോടി രൂപ.
- സംഭരിച്ച നെല്ലിന് ഒരാഴ്ചയ്ക്കുള്ളിൽ സബ്സിഡി.
- നെല്ല് സംഭരണത്തിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ചെലവിട്ടത് 700 കോടി രൂപ.

### കാർഷിക വായ്പാലഭ്യത ഉറപ്പുവരുത്തൽ

- കാർഷികവായ്പ കൃത്യമായി തിരിച്ചടക്കുന്നവരുടെ മുഴുവൻ പലിശ സബ്സിഡിയും സർക്കാർ ഏറ്റെടുക്കുന്നു. ബജറ്റ് വിഹിതം 125 കോടി രൂപ.

### 'നീര' ഉൽപാദനത്തിന് സഹായം

- നീര ടെക്നീഷ്യൻമാർക്ക് 10000 രൂപ സബ്സിഡി - ഇതിനായി 10 കോടി രൂപ
- കാർഷികോൽപാദന സംഘങ്ങൾക്ക് ഓഹരി മൂലധനം നൽകാൻ 10 കോടി രൂപ
- ഓരോ നാളികേര ഉൽപാദക കമ്പനിക്കും കെട്ടിട, യന്ത്രസാമഗ്രികൾക്ക് ധനസഹായം-ബജറ്റ് വിഹിതം 10 കോടി രൂപ
- നാളികേര മേഖലയ്ക്ക് ആകെ 75 കോടി രൂപ

### വ്യക്തിഗത തോട്ടങ്ങൾക്ക് പ്ലാന്റേഷൻ നികുതി പിൻവലിക്കുന്നു.

### കാർഷികാധിഷ്ടിത വ്യവസായങ്ങൾക്ക് സബ്സിഡിയായി 20 കോടി രൂപ.

### സുഗന്ധവ്യഞ്ജനകൃഷിക്ക് പലിശ സബ്സിഡി -20 കോടി രൂപ

### തേൻ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ 'ഹണി' മിഷൻ

## 2 അടിസ്ഥാന സൗകര്യവികസനത്തിൽ വൻകുതിപ്പ്

- അടിസ്ഥാന സൗകര്യവികസനത്തിന് ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർപ്ലാൻ 2030
- പ്രധാന പദ്ധതികൾക്കായി 2000 കോടി രൂപ
- Kerala Infrastructure Investment Fund Board വഴി പശ്ചാത്തല വികസനത്തിന് 25000 കോടി രൂപ സമാഹരിക്കുന്നു
- റോഡ് വികസനം, സബർബൻ റെയിൽവെ, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ലൈറ്റ് മെട്രോ, ഉൾനാടൻ ജലഗതാഗതവികസനം, തുറമുഖം, വിമാനത്താവളം, ഊർജ്ജനിലയങ്ങൾ തുടങ്ങിയവയുടെ വികസനപ്രവർത്തനങ്ങൾക്ക് മേൽപ്പറഞ്ഞ ഫണ്ടിൽ നിന്നും സഹായം.



- വിഴിഞ്ഞം പദ്ധതിക്ക് 600 കോടി രൂപ
- കൊച്ചി മെട്രോയ്ക്ക് 940 കോടി രൂപ.
- കോഴിക്കോട് - തിരുവനന്തപുരം അന്തർദേശിയ വിമാനത്താവളങ്ങളുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ - 50 കോടി രൂപ
- ഓരോ ജില്ലയിലും ഒരു പ്രമുഖ പശ്ചാത്തല വികസന പദ്ധതി (District Flagship Infrastructure Programme)

## 3 സമ്പൂർണ്ണ ആരോഗ്യ കേരളം - സാർവ്വത്രിക ആരോഗ്യം


- ആരോഗ്യ മേഖലയിലെ വിവിധ സർക്കാർ ഏജൻസികളെ ഒരു കുടക്കീഴിലാക്കുന്ന 'സമ്പൂർണ്ണ ആരോഗ്യ കേരളം' പദ്ധതി
- 'സ്മാർട്ട് ഹെൽത്ത് കാർഡ്' വഴി സർ

ക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നും സേവനം.

- മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ആരോഗ്യകേരളം ട്രസ്റ്റ്.

### 4 സർക്കാർ സേവനം വിരൽതുമ്പിൽ – ഡിജിറ്റൽ കേരള

- വൈദ്യുതബോർഡിന്റെ സഹായത്തോടെ പഞ്ചായത്തുകളിലെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ.
- സേവനാവകാശനിയമപ്രകാരമുളള സാധ്യമായ എല്ലാ സേവനങ്ങളും മൂന്നു വർഷത്തിനുളളിൽ ഓൺലൈനാക്കുന്നു.
- പകുതിയെങ്കിലും പ്രഖ്യാപിത സർക്കാർ സേവനങ്ങൾ ഈ വർഷം ഓൺലൈൻ വഴി നൽകുന്ന സർക്കാർ വകുപ്പുകൾക്ക് അവാർഡ്. വെബ്സൈറ്റ് ഒരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും 25 കോടി രൂപ
- പൊതുജനങ്ങൾക്ക് സഹായകരമായി സേവനങ്ങൾ വികസിപ്പിക്കുന്നതിനും പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനും e-Governance Innovation Fund ന് 14 കോടി രൂപ.
- പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ സർട്ടിഫിക്ക



റ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നു. വിവിധ വകുപ്പുകളുടെ ഡാറ്റാ ബേസുകൾ സംയോജിപ്പിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും 10 കോടി രൂപ.

- പ്രധാനവകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ജില്ലാതലം വരെ വ്യാപിപ്പിക്കുന്നു. ഇതിനാവശ്യമായ പരിശീലനം നൽകുന്നതിനും, ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 50 കോടി രൂപ.
- തദ്ദേശസ്ഥാപനങ്ങളിൽ പരിശീലനത്തിനായി സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നു.
- ഐ.ടി അധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നതിന് എല്ലാ വകുപ്പുകളിലും ജീവനക്കാരുടെ വിർച്ചൽ ഐ.ടി കേഡർ.
- തെരഞ്ഞെടുത്ത കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വൈ-ഫൈ (Wi-Fi) സംവിധാനം 10 കോടി രൂപ പുതിയ തലമുറയ്ക്ക് ഇന്റർനെറ്റ് സൗകര്യം സൗജന്യമായി ഉപയോഗിക്കാൻ ഇതിലൂടെ അവസരം
- ഐ.ടി മേഖലയ്ക്ക് 475.57 കോടി രൂപയുടെ ആകെ സഹായം.

### 5 എല്ലാവർക്കും പാർപ്പിടം

- ഭവന നിർമ്മാണ മേഖലയ്ക്ക് 482 കോടി രൂപ.
- സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്കായി 3 ഭവന പദ്ധതികൾ
- 1.75 ലക്ഷം കുടുംബങ്ങൾക്ക് പാർപ്പിടം
- പാവപ്പെട്ടവർക്ക് 75000 ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്നതിന്-162 കോടി രൂപ
- ബാങ്ക് ലോണുമായി ബന്ധിപ്പിച്ച് ഭവന നിർമ്മാണപദ്ധതി.



  - ☞ ബി.പി.എൽ കുടുംബങ്ങൾക്ക് 75000 വീടുകൾ നിർമ്മിച്ചു നൽകുന്നു.
  - ☞ വായ്പാ തുകയുടെ മുതലിന്റെയും പലിശയുടെയും 50% / 75% സർക്കാർ വഹിക്കുന്നു.
  - ☞ 180 കോടി രൂപ ബജറ്റ് വിഹിതം
- ഓരോ വാർഡിലും ഒരു വീട് എന്ന പുതിയ പദ്ധതിയിൽ 22000 വീടുകൾ നിർമ്മിക്കുന്നതിനായി 110 കോടി സംസ്ഥാന വിഹിതം
- ഗൃഹശ്രീ പദ്ധതിയിൽ 1500 വീടുകൾക്കായി 20 കോടി രൂപ.
- സൗഭാഗ്യ ഭവന പദ്ധതിക്കായി 10 കോടി രൂപ

### 6 വ്യവസായ തൊഴിൽ സംരംഭകങ്ങൾക്ക് ഉത്തേജനം

- തൊഴിൽ സൃഷ്ടിക്കുന്നതിന് പ്രത്യേക മിഷൻ (MEGA)
- ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ട് വഴി പശ്ചാത്തല വികസന മേഖലയിൽ ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിന് 10 കോടി രൂപ.
- സർവ്വകലാശാലകളിൽ ഇൻകുബേഷൻ സപ്പോർട്ട് സെന്റേഴ്സ് തുടങ്ങുന്നതിന് 11 കോടി രൂപ ധനസഹായം.
- 1000 സ്റ്റാർട്ട് അപ് പദ്ധതികൾക്ക് പ്രതിമാസം 10,000 രൂപ വീതം 2 വർഷം പ്രോത്സാഹന സഹായം - 12 കോടി രൂപ.
- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് 40 കോടി രൂപ. യുവ സംരഭകർക്ക് സീഡ് ഫണ്ട് 6 കോടി രൂപ.
- യുവാക്കളുടെയും വനിതകളുടെയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും സ്വയം



തൊഴിൽ സംരംഭങ്ങളിൽ നിശ്ചിത ശതമാനം സർക്കാർ മുതൽമുടക്ക് - ഇതിനായി 50 കോടി രൂപ

#### വിദ്യാർത്ഥി സംരംഭകർക്ക് സഹായം

- ☞ Patent കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്ക് Patent ലഭിച്ച പ്രോജക്ടിന് എടുത്ത ബാങ്ക് വായ്പയ്ക്ക് 5 വർഷത്തേക്ക് പലിശ ഇളവ്.
- ☞ ഉപരിപഠനത്തിനും ഗവേഷണത്തിനും സഹായമെന്ന നിലയിൽ പ്രതിവർഷം 3 ലക്ഷം രൂപ വരെ 3 വർഷത്തേക്ക് അനുവദിക്കും
- ☞ ബജറ്റ് വിഹിതം 5 കോടി രൂപ.

#### കേരള സംസ്ഥാന സംരംഭകത്വ വികസന പദ്ധതി

- ☞ ടെക്നോക്രാറ്റുകൾക്ക് അനുവദിച്ചിരുന്ന വായ്പയുടെ പരിധി 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായി ഉയർത്തുന്നു.
- ☞ മറ്റു വിഭാഗങ്ങൾക്ക് വായ്പാപരിധി നിലവിലെ 4 ലക്ഷം രൂപയിൽ നിന്നും 7 ലക്ഷം രൂപയായി ഉയർത്തുന്നു.
- നിക്ഷേപക പ്രോത്സാഹനത്തോടെ ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന മികച്ച 3 പഞ്ചായത്തുകൾക്ക് അവാർഡ് നൽകുന്നതിന് 9 കോടി രൂപ.

#### വനിത തൊഴിൽ സംരംഭങ്ങൾ

- 50% ശതമാനത്തിൽ കൂടുതൽ സ്ത്രീ തൊഴിലാളികളുള്ള വനിതാ സംരംഭകർ ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുത്ത 5 ലക്ഷം രൂപ വരെയുള്ള ലോണുകൾക്ക് പരമാവധി മൂന്ന് വർഷത്തേക്ക് പലിശ ഇളവ് നൽകുന്നതിനുളള പുതിയ പദ്ധതി-ബജറ്റ് വിഹിതം 10 കോടി രൂപ

### 7 വികസനവും കരുതലും മുഖമുദ്രയായുള്ള ക്ഷേമപ്രവർത്തന

**ങ്ങൾ**

- ക്ഷേമപദ്ധതികൾക്കും പെൻഷനുകൾക്കും 2010–11 ലെ (എൽ.ഡി.എഫ്) ബജറ്റിൽ നിന്നും 6 ഇരട്ടി വർദ്ധന. ഇതിനായുള്ള ബജറ്റ് വിഹിതം 2010–11 ലെ 484.14 കോടി രൂപയിൽ നിന്നും നടപ്പുവർഷം 2710 കോടി രൂപയായി വർദ്ധിപ്പിച്ചു.
- യഥാസമയം ക്ഷേമ പെൻഷനുകളുടെ ലഭ്യത ഉറപ്പുവരുത്തും
- 2015 ജൂൺ മുതൽ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്ഷേമപെൻഷനുകൾ നൽകുന്നു.
- ആരും പരിചരിക്കാനില്ലാത്ത 80 വയസ്സിനുമേൽ പ്രായമുള്ളവരുടെ ജീവിത, താമസ, ആരോഗ്യ ചെലവുകൾ വഹിക്കുന്ന പുതിയ വയോജന സംരക്ഷണ പദ്ധതി – ബജറ്റ് വിഹിതം 50 കോടി രൂപ
- എല്ലാ വിധത്തിലുമുള്ള ഇളവുകൾക്കും /അനുകൂല്യങ്ങൾക്കും കുടുംബ വരുമാന പരിധി ഒരു ലക്ഷം രൂപയായി ഉയർത്തി ഏകീകരിക്കും.
- ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇൻഷു



റൻസ് പദ്ധതിക്ക് 1 കോടി രൂപ. ഇൻഷുറൻസ് പ്രീമിയത്തിന്റെ 90% സർക്കാർ വഹിക്കും

- 2009 ന് മുൻപ് വിരമിച്ച മുതിർന്ന പത്ര പ്രവർത്തകരെയും ക്ഷേമപെൻഷൻ പദ്ധതിയിൽ കൊണ്ടുവരും
- വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് അനുവദിക്കുന്ന ധനസഹായം 30,000 രൂപയിൽ നിന്നും 50,000 രൂപയാക്കി വർദ്ധിപ്പിക്കും.

**തദ്ദേശ ഭരണ സ്ഥാപനങ്ങൾ**

- തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി 4,800 കോടി രൂപ.

## വിവിധ മേഖലകൾക്കുള്ള സുപ്രധാന വിഹിതങ്ങൾ

**കൃഷി**

- മിൽമയുടെ മലബാർ യൂണിയനിലൂടെ നടപ്പിലാക്കുന്ന കൃഷിയിടത്തിൽ നിന്ന് കുടുംബത്തിലേക്ക് (Farm to Family) എന്ന നൂതന പദ്ധതിക്കായി 10 കോടി രൂപ
- റെയിൻ ഷെൽട്ടർ കൾട്ടിവേഷൻ, അഗ്രി അക്വാപോണിക്സ് തുടങ്ങിയ ആധുനിക കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിന് 5 കോടി രൂപ.
- ഹരിപ്പാട്, കൂത്തുപറമ്പ്, മേലുകാവ്, കടുത്തുരുത്തി എന്നിവിടങ്ങളിൽ 4 പുതിയ കാർഷിക പോളിടെക്നിക്കുകൾ – 3 കോടി രൂപ.



**മൃഗസംരക്ഷണം**

- കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന അട്ടപ്പാടിയിൽ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2 കോടി രൂപ.
- ഏഴ് വെറ്റിനറി പോളിക്ലിനിക്കുകൾ ആരംഭിക്കും–1.70 കോടി രൂപ.

**മത്സ്യതൊഴിലാളി ക്ഷേമം**

- അടിസ്ഥാന പശ്ചാത്തലസൗകര്യങ്ങളും മത്സ്യതൊഴിലാളികളുടെ ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിന് 181.97 കോടി രൂപ. ഇതിൽ 100 കോടി രൂപ ഫ്ളാറ്റുകളും വീടുകളും നിർമ്മിക്കുന്നതിന്.
- മത്സ്യതൊഴിലാളി കുടുംബങ്ങളിലെ



യുവതികൾക്കും പെൺകുട്ടികൾക്കും വൈദഗ്ധ്യവും പ്ലെയ്സ്മെന്റും നൽകുന്നതിനായി തീരനൈപുണ്യ പദ്ധതി

**വനം വന്യജീവി**

- വന്യമൃഗങ്ങളുടെ ആക്രമണം പരമാവധി കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുമായി 100 കോടി രൂപ.

**പഞ്ചായത്തുകൾ**

- 'കില' യെ സർവ്വകലാശാലയായി ഉയർത്തുന്നതിന് 20 കോടി രൂപ
- എല്ലാ ജില്ലകളിലെയും ഒരു പഞ്ചായത്ത് വയോജന സൗഹൃദ പഞ്ചായത്താക്കും–ബജറ്റ് വിഹിതം 1 കോടി രൂപ
- കുടുംബശ്രീക്കായി 122.96 കോടി രൂപ
- തിരുവനന്തപുരത്ത് കുടുംബശ്രീക്ക് ആസ്ഥാന മന്ദിരം – 5 കോടി രൂപ
- കേരള ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ പുതിയ പരിസ്ഥിതി സൗഹൃദ പരിപാടികൾക്കായി ആകെ 46 കോടി രൂപ.

**സഹകരണം**

- മീനച്ചിൽ സർക്കിൾ സഹകരണ യൂണിയന് ഓഫീസ് മന്ദിരം, ഗവേഷണ പരിശീലന കേന്ദ്ര നിർമ്മാണം – 50 ലക്ഷം രൂപ

**വ്യവസായം**

- ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ 50 ലക്ഷം രൂപ
- പരമ്പരാഗത ഉത്പന്നങ്ങളായ കൈത്തറി, കരകൗശല വസ്തുകൾ, കയർ



എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ട്രേഡ് ഫെസിലിറ്റേഷൻ സെന്ററുകൾ തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ആരംഭിക്കുന്നതിന് 2 കോടി രൂപ

- കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ അംഗീകരിച്ചിട്ടുള്ള Seed Fund/ Angel Fund/Venture Capital മുതലായ വ്യവസായ/സാങ്കേതിക ഇൻകുബേറ്ററുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് 12 കോടി രൂപ
- TiE, NASSCOM, CII എന്നിവയുമായി കൈകോർത്തു വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് 5 കോടി രൂപ
- എറണാകുളം കാണിനാട്ടിൽ ഗ്രീൻ ഇൻഡസ്ട്രിയൽ പാർക്കിനായി 4.5 കോടി രൂപ
- കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്ക്.
- കൊച്ചിയിലെ മെഡിക്കൽ ഉപകരണ ഇൻക്യുബേഷൻ സെന്ററിന് 3.5 കോടി രൂപ
- മെഡിക്കൽ ഉപകരണ ഇൻകുബേഷൻ കേന്ദ്രം തുടങ്ങുന്നതിന് 3.5 കോടി രൂപ
- KINFRA യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന താഴെ പറയുന്ന പദ്ധതികൾക്ക് 55.06 കോടി രൂപ
  - ☞ പാലക്കാട് മെഗാ ഫുഡ് പാർക്ക്
  - ☞ രാമനാട്ടുകര ഫുട് വെയർ പാർക്ക്
  - ☞ പുഴക്കൽ ജെംസ് ആൻഡ് ജൂവല്ലറി പാർക്ക്
  - ☞ തൊടുപുഴ സ്പൈസസ് പാർക്ക്

- ☞ കളമശ്ശേരിയിലെ ഹൈടെക് പാർക്കിൽ നാനോടെക് സോൺ
- ☞ കഴക്കൂട്ടം ഫിലിം ആൻഡ് വീഡിയോ പാർക്ക്

- കയർ മേഖലയുടെ സമഗ്ര വികസനത്തിനായി 116.95 കോടി രൂപ.
- കോട്ടയം, കരൂർ ഇൻഫോസിറ്റികൾക്കായി 5 കോടി രൂപ.
- സെറിഫെഡ് മുഖേന പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2 കോടി രൂപ.

## പൊതുമരാമത്ത്

- ദേശീയപാത 17 ലെ താഴെചൊവ്വ - പുതിയ തെരു, കുറ്റിപ്പുറം, പുതുപൊന്നാനി പാതകൾ സർവ്വീസ് റോഡുകളാക്കുന്നതിന് 4 കോടി രൂപ.
- വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ - കോഴിക്കോട് തീരദേശ ഇടനാഴി വികസനത്തിന് 3 കോടി രൂപ.
- പള്ളുരുത്തി - നാൽപതടി റോഡ് നിർമ്മിക്കുന്നതിന് 3 കോടി രൂപ.
- തൊടുപുഴ-എറണാകുളം സബർബൻ ഹൈവേ നിർമ്മാണത്തിനുള്ള സാധ്യതാപഠനത്തിന് 50 ലക്ഷം രൂപ.
- തൊടുപുഴയിലെ സിവിൽ സ്റ്റേഷന് ഒരു അനക്സ് കെട്ടിടം നിർമ്മിക്കുന്നതിന് 2 കോടി രൂപ.
- ഇരുവഞ്ചിപ്പുഴയ്ക്ക് കുറുകെയുള്ള പാലം പുതുക്കിപ്പണിയുന്നതിന് 5.25 കോടി രൂപ.
- തിരുവനന്തപുരം വഴുതയ്ക്കാട് ഫ്ളൈ ഓവർ നിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് 1 കോടി രൂപ.
- പരേതനായ മുൻ ഉപമുഖ്യമന്ത്രി ശ്രീ.അവുക്കാദർകുട്ടി നഹയുടെ ഓർമ്മയ്ക്കായി മലപ്പുറത്ത് പൊതുമരാമത്ത് കെട്ടിട സമുച്ചയത്തിന് 5 കോടി രൂപ.

## ജലവിഭവം

- ചിറ്റൂർപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ CADA കനാലുകൾക്ക് 28 കോടി രൂപ.

## ശുദ്ധജല വിതരണവും മാലിന്യ നിവാരണവും

- JICA യുടെ സഹായത്തോടുള്ള ശുദ്ധജല വിതരണ പദ്ധതികൾക്ക് 200 കോടി രൂപ.



- NABARD സഹായത്തോടുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് 89.19 കോടി രൂപ.
- കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ പദ്ധതികൾക്ക് 264.42 കോടി രൂപ.
- മറ്റ് വിവിധ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് 65.60 കോടി രൂപ.
- നെയ്യാർ ഡാമിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് ഒരു ബദൽ കുടിവെള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായി 10 കോടി രൂപ.


## ഊർജ്ജം

- ഊർജ്ജമേഖലയ്ക്ക് 1467.20 കോടി രൂപ
- KSEB യും KSIDC യും സംയുക്തമായി ആരംഭിക്കുന്ന ചീമേനി വൈദ്യുത പ്ലാന്റിന്റെ പ്രാരംഭപ്രവർത്തനത്തിന് 1 കോടി രൂപ.
- ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിക്ക് 15 കോടി രൂപ
- ചാത്തൻകോട്ടുനട ചെറുകിട ഹൈഡ്രോഇലക്ട്രിക് പ്രോജക്ടിന് 20 കോടി രൂപ
- വാതകാധിഷ്ഠിത വൈദ്യുത പ്ലാന്റിന് 59 കോടി രൂപ

## ഭവന നിർമ്മാണം

- 'സാന്ത്വനം' ഭവനപദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 7.5 കോടി രൂപ.
- കൽപ്പറ്റയിൽ മുതിർന്ന പൗരന്മാർക്കായി പകൽ സമയ വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനായി 2 കോടി രൂപ.

## ഉൾനാടൻ ജല ഗതാഗതം



- കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷന്റെകീഴിൽ 600 ടൺ ബൾക്ക് ബാർജ് നിർമ്മിക്കുന്നതിന് 5 കോടി രൂപ
- കൊല്ലം-കോട്ടപ്പുറം ഉൾനാടൻ ജലഗതാഗത പാതയിൽ നിന്ന് വലകൾ നീക്കം ചെയ്യേണ്ടി വന്ന മത്സ്യതൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 5.6 കോടി രൂപ

## ആരോഗ്യവും കുടുംബക്ഷേമവും

- ആരോഗ്യ മേഖലയ്ക്ക് 665.37 കോടി രൂപ വിഹിതം
- കൊല്ലം ജില്ലാ ആശുപത്രിയിലും, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിന് 5 കോടി രൂപ.
- ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റിന് 7.10 കോടി രൂപ
- ആരോഗ്യകിരണം പദ്ധതിക്കുള്ള വിഹിതം 15 കോടിയായി വർദ്ധിപ്പിച്ചു.
- എസ്.എ.ടി ആശുപത്രിയുടെ മാതൃകയിൽ എല്ലാ മെഡിക്കൽ കോളേജികളിലും വന്ധ്യതാ ക്ലിനിക്കുകൾ-5 കോടി രൂപ



- തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രിയിൽ 5 കോടി രൂപ ചെലവിൽ പുതിയ ബ്ലോക്ക്.
- ചെങ്ങന്നൂർ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായും കട്ടപ്പന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായും ഉയർത്തുന്നതാണ്.

## പൊതുവിദ്യാഭ്യാസം

- ഈ അടുത്ത ദിവസം നമ്മെവിട്ടു പിരിഞ്ഞ മുൻ സ്പീക്കർ ശ്രീ.ജി.കാർത്തികേയന്റെ സ്മരണ നിലനിർത്തുന്നതിന് വെള്ളനാട് ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിനെ ജി.കാർത്തികേയൻ സ്മാരക ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എന്ന് നാമകരണം ചെയ്യുന്നതാണ്. ഈ സ്കൂൾ കാമ്പസിൽ ഹൈസ്കൂളിനായി ഒരു പുതിയ ബ്ളോക്ക് നിർമ്മിക്കുന്നതിന് 7 കോടി രൂപ വകയിരുത്തുന്നു.
- പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വികസനത്തിന് 1074.62 കോടി രൂപ
- 100 വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് "മിഷൻ 100" പദ്ധതിക്ക് 8 കോടി രൂപ.

## ഉന്നത വിദ്യാഭ്യാസം

- 2015 നവംബറിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ മേളയ്ക്ക് (GEM -2015) 2 കോടി രൂപ
- കേരളം ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ കേന്ദ്രം
  - ☞ കേരളത്തിൽ സ്വകാര്യ മേഖലയുടെ

പങ്കാളിത്തത്തോടെ അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ മേഖലകൾ (IHEZ) സ്ഥാപിക്കുന്നതാണ്.

☞ Special Export Processing Zone കൾക്കുള്ള സൗകര്യങ്ങളും ഇളവുകളും അനുവദിക്കും.

☞ 25 കോടി രൂപ പ്രാരംഭഘട്ടത്തിൽ ഇതിനുവേണ്ടി നീക്കിവയ്ക്കുന്നു.

- അക്കാഡമിക് സിറ്റി അതോറിറ്റി രൂപീകരിക്കും-1 കോടി രൂപ
- IIT പാലക്കാടിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യത്തിനുമായി 50 കോടി രൂപ.
- അഡീഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാമിനായി (ASAP) 234.68 കോടി രൂപ.

☞ എം.എൽ.എ മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ 25 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കും.

- കോട്ടയം സയൻസ് സിറ്റിയിൽ വിനോദത്തിലൂന്നിയ വിജ്ഞാനപ്രവർത്തനങ്ങൾ - 15 കോടി രൂപ.
- മലപ്പുറത്തെ നിർദ്ദിഷ്ട LBS Institute & Technology ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 10 കോടി രൂപ.
- കേരളത്തിലെ രണ്ട് തെരഞ്ഞെടുത്ത എഞ്ചിനീയറിംഗ് കോളേജുകളിൽ നാനോ ടെക്നോളജിയിലും ബയോടെക്നോളജിയിലും ഇന്റർ ഡിസിപ്ലിനറി ഡിവിഷനുകൾ ആരംഭിക്കുന്നതിന് ഒരു കോടി രൂപ.

## കായികവും യുവജനക്ഷേമവും

- അടിസ്ഥാന കായിക സൗകര്യങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പ്രതിവർഷം 15 കോടി രൂപ നിക്ഷേപിച്ചുകൊണ്ട് ഒരു സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട്
- കേരളത്തിലെ എല്ലാ ജില്ലകളിലും ഘട്ടം ഘട്ടമായി സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് 10 കോടി രൂപ.
- കായിക-യുവജനക്ഷേമ മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 69 കോടി രൂപ.
- കോട്ടയം നെഹ്റു സ്റ്റേഡിയം കാര്യവട്ടത്ത് നിർമ്മിച്ച ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ മാതൃകയിൽ വികസിപ്പിക്കും.



## ഗതാഗതം

- KSRTC ക്കായി ആകെ 219.55 കോടി രൂപ.
- കെ.എസ്.ആർ.ടി.സി ഡിപ്പോകളുടെയും വർക്ക്ഷോപ്പുകളുടേയും ആധുനീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 8 കോടി രൂപ.

## സാമൂഹ്യനീതി

- അവശത അനുഭവിക്കുന്നവർക്ക് പരിചരണം നൽകുന്നതിലേക്കായി ഒരു ലക്ഷം സാമൂഹ്യ സുരക്ഷാ വോളന്റിയർമാർക്ക് പരിശീലനം നൽകുന്നു.
- തൃശൂർ കല്ലേറ്റുംകരയിലെ റിജീയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ ദേശീയനിലവാരത്തിലേയ്ക്ക് ഉയർത്തും-5 കോടി രൂപ.
- മാനസിക വെല്ലുവിളി നേരിടുന്നവർക്കും അവരുടെ പുനരധിവാസത്തിനുമായി 3 കോടി രൂപ.
- ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ ബാധിച്ചവർക്കായി കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതിക്ക് 3 കോടി രൂപ.
- നിർഭയ പദ്ധതിക്കായി 5 കോടി രൂപ.
- വനിതകൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് 'ഷീബാങ്ക്'.
- ഹോം നഴ്സുമാർക്ക് അക്രഡിറ്റേഷൻ നൽകും.
- തൃശ്ശൂരിൽ പുതിയ ചിൽഡ്രൻസ് ഹോം നിർമ്മിക്കും
- സംസ്ഥാനത്തെ അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 5 കോടി രൂപ.
- ഗുരുതരവൈകല്യമുള്ള വ്യക്തികൾ, ഗുരുതര രോഗം ബാധിച്ച വിധവകൾ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ എന്നിവർക്ക് വരുമാനമാർഗ്ഗം കണ്ടെത്താനായി 25,000 രൂപ വായ്പ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കും.
- കണ്ണൂർ ജില്ലയെ സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ലയാക്കി മാറ്റും - 15 കോടി രൂപ.
- അട്ടപ്പാടിയിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് 2 കോടി രൂപ.
- GIS അടിസ്ഥാനമാക്കിയുള്ള അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ നിരീക്ഷണ സംവിധാനം വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ കൂടി വ്യാപിപ്പിക്കുന്നതിന് 2 കോടി രൂപ.
- അങ്കണവാടി ജീവനക്കാരുടേയും സഹായികളുടെയും ഓണറേറിയത്തിന്റെ സംസ്ഥാന വിഹിതം പ്രതിമാസം 1400 രൂപ 2000 ആയി ഉയർത്തുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗം

- ആറളം പുനരധിവാസ മേഖലയിലും അട്ടപ്പാടി ആദിവാസി മേഖലയിലും അടിസ്ഥാന സൗകര്യവും ഉപജീവന മാർഗ്ഗവും മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര വികസന പദ്ധതിക്ക് 5 കോടി രൂപ.
- പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ/നവീകരണ പദ്ധതിക്ക് 180 കോടി രൂപ.
- ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനു വേണ്ടി 150 കോടി രൂപ.
- ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഭാഷയും നൈപുണ്യവികസനവും മെച്ചപ്പെടുത്തുന്നതിനായി 'ഗുരുകുലം' പദ്ധതി - 1 കോടി രൂപ.
- രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്നു.
- ലോകത്തെ മികച്ച സർവ്വകലാശാലകളിൽ കോഴ്സുകൾക്ക് അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്നു.

## വിവിധ ജനവിഭാഗങ്ങൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ

- പരിവർത്തിത ക്രൈസ്തവരെ സാമൂഹിക സാമ്പത്തിക വികസനത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിന് കമ്മീഷൻ രൂപീകരിക്കും. ഇടക്കാല നടപടിയായി 5 കോടി രൂപയുടെ സഹായക പാക്കേജ്.
- മലപ്പുറം വണ്ടൂരിൽ പുലിക്കോട്ടിൽ ഹൈദർ സ്മാരക സാംസ്കാരിക പഠനകേന്ദ്രത്തിന് 60 ലക്ഷം രൂപ.

## വിനോദസഞ്ചാരം

- വിനോദസഞ്ചാര മേഖലയ്ക്ക് 223.04 കോടി രൂപ.
- പത്ത് പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കും.
- വിനോദസഞ്ചാര മേഖലയിൽ നൂതന ഉൽപ്പന്നങ്ങളും മാർക്കറ്റുകളും ലക്ഷ്യമിട്ടുള്ള വിവിധ വിപണന പ്രവർത്ത



നങ്ങൾക്ക് 31 കോടി രൂപ.

- സീ പ്ലെയിൻ പദ്ധതിയുടെ നടത്തിപ്പിനായി 6 കോടി രൂപ.
- വിനോദ സഞ്ചാരമേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മുഖ്യമന്ത്രി അധ്യക്ഷനായി ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിക്കും.
- ഗുരുവായൂരിലും കന്യാകുമാരിയിലും 2 യാത്രിനിവാസുകൾ ആരംഭിക്കും.

## കലയും സംസ്കാരവും

- നാട്യകലാകാരൻമാർക്കായി (പെർഫോമിംഗ് ആർട്ടിസ്റ്റ്) ഒരു മെഡിക്കൽ-അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.
- ചങ്ങനാശ്ശേരിയിൽ കേരളസാഹിത്യ സാംസ്കാരിക കേന്ദ്രവും പൈതൃക മ്യൂസിയവും ആരംഭിക്കും-1 കോടി രൂപ.

## വാർത്താവിതരണവും പ്രചരണവും

- കഴിഞ്ഞ 60 വർഷം കൊണ്ട് വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന "വജ്ര കേരളം" പരിപാടിയ്ക്ക് 1 കോടി രൂപ.

## തൊഴിലും പുനരധിവാസവും

- ഗ്രാമീണരുടെ നൈപുണ്യവികസനത്തിന് ഊന്നൽ നൽകുന്നതിനായി കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ 'കൗശൽ കേന്ദ്രങ്ങൾ'.
- യുവാക്കളെ വിദേശത്ത് തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിന് നൈപുണ്യ മികവിനായുള്ള ഒരു അന്താരാഷ്ട്ര കേന്ദ്രം ആരംഭിക്കും-1 കോടി രൂപ.
- ഐ.ടി.ഐ കളിലെ വിദ്യാർത്ഥികൾക്ക് പരിശീലനവും തുടർ സഹായവും നൽകുന്നതിനായി എറണാകുളത്ത് ഒരു Practical Entrepreneur Training Hub-' സ്ഥാപിക്കുന്നതിന് 5 കോടി രൂപ .
- ളാലം ബ്ളോക്കിൽ നഴ്സുമാർക്കുവേണ്ടി എംപ്ളോയ്മെന്റ് ഗൈഡൻസ് ആൻഡ് അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ - 1 കോടി രൂപ.
- കറുകച്ചാലിൽ വനിതകൾക്കായി പുതിയ ഐ.ടി.ഐ.

## സിവിൽ സപ്ലൈസ്

- സിവിൽ സപ്ലൈസിന് ആകെ 830.44 കോടിരൂപ
- സപ്ലൈകോ മുഖേന വിപണി ഇടപെടലുകൾക്കായി 100 കോടി രൂപ.
- ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിലേയ്ക്കായി 20 കോടി രൂപ
- ഔഷധ പരിശോധന ലബോറട്ടറിക്കുവേണ്ടി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് 3.40 കോടി രൂപ.



## ആഭ്യന്തരവും നീതിന്യായവും

- പോലീസ് വകുപ്പിന് നോൺ പ്ലാൻ വിഹിതമായി 3042.63 കോടി രൂപ
- പോലീസ് ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുസേവനങ്ങളുടെ ഗുണമേ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി 26.50 കോടി രൂപ.
- കോഴിക്കോട്, തൃശ്ശൂർ, കൊച്ചിയിലെ ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ.
- ആധുനിക ഹൈബ്രിഡ് ഫയർ ടെന്റുകൾ നിലവിലുള്ള മുനിസിപ്പൽ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ.
- ഇടുക്കിയിലെ കട്ടപ്പനയിലും, ശ്രീ.ഒ.ചന്തുമേനോന്റെ സ്മരണയ്ക്കായി പരപ്പനങ്ങാടിയിലും 2 കോടി രൂപ വീതം ചെലവിൽ കോടതി സമുച്ചയങ്ങൾ നിർമ്മിക്കും.

## റവന്യൂ

- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ന് മുൻപ് നികത്തിയ നെൽവയലുകൾ നിശ്ചിത ഫീസ് ഒടുക്കി ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ ഭേദഗതി കൊണ്ടുവരും
- നിലമ്പൂരിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - 50 ലക്ഷം രൂപ.

## ദേവസ്വം

- ശബരിമല മാസ്റ്റർ പ്ളാനിന് 25 കോടി രൂപ.

## ട്രഷറി

- ട്രഷറികളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും 12 കോടി രൂപ.
- പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ട്രഷറികളിൽ ലോക്കർ സൗകര്യം ലഭ്യമാക്കും. ഇതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് 50 ലക്ഷം രൂപ.

## ദുരന്തനിവാരണം

- നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട് (NCRMP) എന്ന പദ്ധതിയുടെ ഭാഗമായി ഒൻപത് തീരദേശ ജില്ലകളിൽ സൈക്ലോൺ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന് 28.16 കോടി രൂപ.

## നികുതി നടപ്പാക്കൽ-പരിഷ്കരണം

- വാണിജ്യനികുതി, എക്സൈസ്, രജിസ്ട്രേഷൻ വകുപ്പുകളെ ട്രഷറി ഓൺലൈൻ സംവിധാനവുമായി ബന്ധിപ്പിച്ച് ഓൺലൈൻ പേയ്മെന്റ്സ്, ഓൺലൈൻ സേവനങ്ങൾ, ഓൺലൈൻ രജിസ്ട്രേഷൻ, ഇലക്ട്രോണിക് റീഫണ്ടുകൾ എന്നിവ സാധ്യമാക്കും. പ്രവർത്തനസുതാര്യത ഉറപ്പുവരുത്തുന്നതിന് വിദൂരത്തിരുന്ന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്ന സംവിധാനം ഏർപ്പെടുത്തും - 20 കോടി രൂപ ചെലവ്.
- ചരക്ക് സേവനനികുതിയിലേയ്ക്കുള്ള ചുവടുമാറ്റത്തിന് വകുപ്പിനെയും വ്യാപാരികളെയും പൊതുജനങ്ങളെയും സജ്ജരാക്കുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും 2 കോടി രൂപ.

# നികുതി നിർദ്ദേശങ്ങൾ

## മോട്ടോർ വാഹനനികുതി

- ഒരുലക്ഷം രൂപവരെ വിലവരുന്ന പുതിയ മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ നികുതി നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 8 ശതമാനമായും ഒരു ലക്ഷത്തിനുമുകളിൽ 2 ലക്ഷം രൂപ വിലവരുന്ന മോട്ടോർസൈക്കിളുകളുടെ ഒറ്റത്തവണ നികുതി 8 ശതമാനത്തിൽ നിന്നും 10 ശതമാനമായും 2 ലക്ഷത്തിനുമുകളിൽ വിലവരുന്ന ആഡംബര ബൈക്കുകളുടെ ഒറ്റത്തവണ നികുതി 20 ശതമാനമായും വർദ്ധിപ്പിക്കും.
- അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനകത്ത് ഒരു മാസത്തിൽ കൂടുതൽ സർവ്വീസ് നടത്തുന്ന നോൺ

ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് നികുതി ഈടാക്കും.

- വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് സംസ്ഥാനത്ത് സർവീസ് നടത്തുന്ന ലക്ഷ്വറി വാഹനങ്ങൾക്ക് നികുതി.

## രജിസ്ട്രേഷൻ

- 1955 ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മാർത്ഥ സംഘ രജിസ്ട്രേഷൻ നിയമപ്രകാരമുള്ള സംഘങ്ങളുടെ വാർഷിക കണക്കുകൾ/ റിട്ടേണുകൾ/ അംഗങ്ങളുടെ ലിസ്റ്റ് തുടങ്ങിയവ ഫയൽ ചെയ്യുന്നതിലുള്ള കുടിശ്ശിക വർഷം 1 ന് 500 രൂപ എന്ന കണക്കിൽ പിഴ ഒടുക്കി തീർപ്പാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
- വിവിധ മുദ്രവില രജിസ്ട്രേഷൻ ഫീസ് നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിലൂടെ 100 കോടി രൂപയുടെ അധികവരുമാനം.

## പ്ലാന്റേഷൻ നികുതി

- വ്യക്തിഗത തോട്ടങ്ങൾക്കുള്ള പ്ലാന്റേഷൻ നികുതി ഒരുവർഷത്തേയ്ക്ക് ഒഴിവാക്കുന്നതാണ്. ഇതുവഴി 2 കോടി രൂപയുടെ റവന്യൂ നഷ്ടം

## വാണിജ്യ നികുതി

- സ്വന്തം പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിനുള്ള പദ്ധതിക്കായി പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വിൽപന നികുതി - അധികവരുമാനം 375 കോടി
- ചലച്ചിത്രങ്ങളുടെ പകർപ്പവകാശ കൈമാറ്റത്തിൽ 5 % മൂല്യവർദ്ധിത നികുതി - അധികവരുമാനം 20 കോടി രൂപ.
- ബീഡിക്ക് 14.5 % നികുതി - അധികവരുമാനം 15 കോടി
- പ്ലാസ്റ്റിക് നിർമ്മിതമായ ചൂല്, ബ്രഷ്, മോപ്പ്സ് എന്നിവയ്ക്ക് 5 ശതമാനം നികുതി
- കോഴിത്തീറ്റയ്ക്ക് ഒരു ശതമാനം നികുതി
- കേരള ആഡംബരനികുതി നിയമത്തിൻ കീഴിലുള്ള രജിസ്ട്രേഷൻ റിന്യൂവൽ ഫീസുകൾ 50 ശതമാനം ഉയർത്തും
- ആശുപത്രി, ഹോംസ്റ്റേ, സർവീസ്ഡ് അപ്പാർട്ട്മെന്റ്/ വില്ല എന്നിവയുടെ രജിസ്ട്രേഷൻ, റിന്യൂവൽ ഫീസ് 1000-ൽ നിന്നും 1500 ആയി ഉയർത്തും
- ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് 1000-ൽ നിന്നും 1500 ആയും റിന്യൂവൽ ഫീസ് 500-ൽ നിന്നും 750 ആയും ഉയർത്തും
- പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, പ്രിന്റഡ് ഫ്ളക്സുകൾ തുടങ്ങിയവയുടെ നികുതിനിരക്ക് 20 ശതമാനമായി ഉയർത്തും.
- എല്ലാത്തരം പ്ലാസ്റ്റിക് കളിപ്പാട്ടങ്ങൾക്കും നികുതി 14.5 ശതമാനമാക്കും - അധികവരുമാനം 15 കോടി രൂപ
- സർവീസ്ഡ് വില്ലകളെ സർവീസ്ഡ് അപ്പാർട്ട്മെന്റിന് തുല്യമായി പരിഗണിച്ച് 12.5 ശതമാനം ആഡംബരനികുതി ഏർപ്പെടുത്തും

## നികുതി ഇളവുകൾ

- റബ്ബറിന് വിലയിടിവ് മൂലം കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കുന്നതിന് മുൻപ് സൂചിപ്പിച്ച 300 കോടി രൂപയുടെ വിലസ്ഥിരതാഫണ്ടിനു പുറമെ മറ്റൊരു ആശ്വാസനപടിയെന്ന നിലയിൽ റബർ തടിയെ പൂർണ്ണമായും നികുതിവിമുക്തമാക്കും. മറ്റ് സംസ്ഥാനങ്ങളിലേക്ക് നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് ആവശ്യമായ നിയമഭേദഗതി



കൊണ്ടുവരും
- ദ്രവീകൃത പ്രകൃതിവാതകത്തെ (LNG) ഒരു വർഷത്തേയ്ക്ക് മൂല്യവർദ്ധിതനികുതിയിൽ നിന്നും ഒഴിവാക്കും-നികുതി നഷ്ടം 100 കോടി രൂപ.
- പ്രതിരോധാവശ്യങ്ങൾക്കു വേണ്ടി നിർമ്മാണ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ നികുതിനിരക്ക് 5 ശതമാനമായി കുറയ്ക്കും
- എഫ്.എ.സി.ടി. യുടെ ഒരു ഉപ ഉത്പന്നമായ, ഗ്ലാസ്സ് ഫൈബർ റീ-ഇൻഫോഴ്സ്ഡ് ജിപ്സം ഉപയോഗിച്ച് നിർമ്മിക്കുന്ന ഫാബ്രിക്കേറ്റഡ് വാൾപാനലുകൾക്ക് നികുതി ഒഴിവാക്കുന്നു. നികുതിനഷ്ടം 5 കോടി രൂപ.

## നികുതി ഭരണനിർവ്വഹണം കാര്യക്ഷമമാക്കൽ

- മൾട്ടിലെവൽ മാർക്കറ്റിംഗ് കമ്പനികൾ, അവരുടെ ഡിസ്ട്രിബ്യൂട്ടർമാർ, ഏജന്റുമാർ എന്നിവർ കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻകീഴിൽ രജിസ്ട്രേഷൻ എടുക്കുകയും നികുതി അടയ്ക്കുകയും ചെയ്യണം എന്ന് വ്യവസ്ഥ കൊണ്ടുവരും.
- ഇ-കോമേഴ്സ് വെബ് സൈറ്റുകൾ ഉള്ള എല്ലാ കമ്പനികളും, സ്ഥാപനങ്ങളും അത്തരം സൈറ്റുകളിലൂടെ സംസ്ഥാനത്തിന് അകത്തേക്കും പുറത്തേക്കും നടത്തുന്ന പ്രതിമാസ വിൽപനയുടെ വിശദാംശങ്ങൾ ഫയൽ ചെയ്യൽ നിർബന്ധമാക്കും.
- മാതൃകാപരമായി നികുതിനിയമങ്ങൾ പാലിക്കുന്നവർക്ക് പ്രോത്സാഹനമെന്ന നിലയിലും നികുതിനിയമപാലനത്തിൽ ഉത്തമ മാതൃകകൾ സൃഷ്ടിക്കുന്നതിനുമായി അർഹരായവ്യാപാരികൾക്ക് വകുപ്പിൽ നിന്നുള്ള സേവനങ്ങൾക്ക് മുൻഗണന നൽകുന്നതിലേക്കായി ഗ്രീൻ കാർഡ്പദ്ധതി നടപ്പിലാക്കും.

## നികുതിനിരക്കുകൾ യുക്തിസഹമാക്കൽ

- എല്ലാത്തരം തുണിത്തരങ്ങളിന്മേലും രണ്ടു ശതമാനം വിറ്റുവരവ് നികുതിക്ക് പകരമായി ഒരു ശതമാനം മൂല്യവർദ്ധിതനികുതി ഏർപ്പെടുത്തും.
- മണിലെൻഡർമാരുടെ സെക്യൂരിറ്റി തുക ഏകീകരിച്ച് 10000 രൂപയായി നിജപ്പെടുത്തും.
- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പുള്ള നെൽവയൽ നികത്തലുകൾ നിശ്ചിത ഫീസ് ചുമത്തി നിയമവിധേയമാക്കും. അധിക വരുമാനം-150 കോടി രൂപ.
- ധാതുഖനനവും കടത്തും നിയന്ത്രിക്കാനും പരിശോധിക്കാനും ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തും. ധാതുക്കളുടെ റോയൽറ്റി ഫീസ് പരി

**അടൂർ പ്രകാശ്**
റവന്യൂ സർവ്വേ വകുപ്പു മന്ത്രി



റവന്യൂ അദാലത്തിൽ മന്ത്രി അടൂർ പ്രകാശ്

# ആയിരങ്ങൾക്ക് സാന്ത്വനമേകിയ റവന്യൂ അദാലത്ത്

ഉത്സവാഘോഷങ്ങൾക്ക് വേദിയാകുന്ന പൂരമൈതാനി സാന്ത്വനത്തിന്റെ, ആശ്വാസത്തിന്റെ, സ്നേഹക്കാഴ്ചയൊരുക്കുന്ന അസാധാരാണ അനുഭവത്തിനും വേദിയായി. തൃശൂർ പൂരപ്പറമ്പിൽ 2015 ഫെബ്രുവരി 21 ന് നടന്ന തൃശൂർ ജില്ലാ റവന്യൂ അദാലത്തിനു ശേഷം ഈ അനുഭവക്കുറിപ്പ് എഴുതിത്തുടങ്ങുവാൻ എനിക്ക് പ്രേരണ നൽകിയത് ഈ അനുഭവം നൽകിയ നിർവൃതിയാണ്. വിസ്മയക്കാഴ്ചകൾ കാണുവാൻ മാത്രം ജനം തടിച്ചുകൂടിയിരുന്ന തൃശൂർ പൂരപ്പറമ്പ്. പക്ഷേ അന്നവിടെ കുടമാറ്റമല്ല കണ്ടത്, ആർപ്പുവിളികളുമുണ്ടായില്ല; പകരം ആവലാതികളുടെ കെട്ടഴിക്കൽ. കാതിൽ സങ്കടക്കടലിന്റെ ഇരമ്പം. ഇലഞ്ഞിത്തറമേളമില്ല, പകരം നൊമ്പരത്തിന്റെ പെരുമ്പറ മുഴക്കം. റവന്യൂ വകുപ്പിലെ ഓരോ ഫയലിനും സാധാരണക്കാരന്റെ ഹൃദയമിടിപ്പുണ്ടായിരുന്നു. മുഴുവൻ പരാതിക്കാരെയും നേരിൽക്കണ്ട് ഉദ്യോഗസ്ഥരെ വിളിച്ച് വേദിയിൽ വരുത്തി പരാതിക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് ഒട്ടുമിക്കതും തീർപ്പാക്കി രാത്രി ഏറെ വൈകി വേദിവിട്ടിറങ്ങുമ്പോൾ നൊമ്പരങ്ങൾക്ക് സാന്ത്വനമേകി വിങ്ങിപ്പൊട്ടുന്ന ഹൃദയങ്ങൾക്കൊപ്പം ഒരു കൊട്ടിക്കലാശം കഴിഞ്ഞ അനുഭവം. കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത മുഴുവൻ പരാതികൾക്കും അദാലത്ത് പരിഹാരം കണ്ടെത്തുവാൻ ശ്രമിച്ചു.

പോക്കുവരവ്, പട്ടയം, ഭൂവിനിയോഗം, അതിർത്തി നിർണയം, എൽ.ആർ.എം., മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നു നൽകാവുന്ന സഹായം, ദേശീയ കുടുംബക്ഷേമപദ്ധതി തുടങ്ങിയ അപേക്ഷകളായിരുന്നു അധികവും. നിറഞ്ഞ കണ്ണുകളുമായാവും ആയിരങ്ങൾ ദുഖഃഭാരത്തിന്റെ കെട്ടഴിക്കുക. ഒടുവിൽ പരിഹാരം ലഭിക്കുമ്പോൾ മടങ്ങുന്നത് ആശ്വാസത്തിന്റെ പുഞ്ചിരിയുമായി. തൃശൂരിലെ പഴയന്നൂർ കുമ്പളക്കാട് നമ്പറത്തു ലക്ഷ്മി എന്നെഴുതിയ അപേക്ഷ വാങ്ങി, അതിൽ കണ്ണീർത്തുള്ളിയിൽ പടർത്തിയ അക്ഷരങ്ങൾ. എൺപതുവർഷത്തെ ലോകം കണ്ട മിഴികളിൽ നിസ്സഹായതയുടെ നിർവികാരഭാവം. കിടന്നുറങ്ങാൻ ഒരു തുണ്ടുഭൂമി വേണമെന്നായിരുന്നു ആവശ്യം. പല സാധ്യതകളും ഉദ്യോഗസ്ഥരുമായി ആരാഞ്ഞു. ഒടുവിൽ പഴയന്നൂരിനടുത്തുതന്നെ കണിയാർക്കോട് സ്കൂളിനോടു ചേർന്ന് സ്ഥലം കണ്ടെത്തി. താലൂക്ക് സർവേയറോട് ഭൂമി തിട്ടപ്പെടുത്തുവാനും വില്ലേജാഫീസറോട് നടപടിക്രമങ്ങൾ എളുപ്പത്തിലാക്കുവാനും നിർദേശിച്ചു. ഓഫീസുകൾ കയറി തേഞ്ഞു പോയ വർഷങ്ങൾക്ക് അപ്പോൾ സുവർണശോഭ. ഏക ആശ്രയമായ മകൾക്ക് നട്ടെ

ല്ലിനു തേയ്മാനമായതുകൊണ്ട് അദാലത്തിലേക്ക് തനിച്ചെത്തിയ ആ അമ്മ നന്ദിപറഞ്ഞിറങ്ങുമ്പോൾ ആയിരങ്ങൾ തനിക്കൊപ്പമുണ്ടെന്ന ആത്മവിശ്വാസം. എന്റെയുള്ളിൽ ജനാധിപത്യ ഭരണക്രമത്തിന്റെ ഗുണഫലം ജനങ്ങളിലെത്തിയതിന്റെ ആനന്ദം. ഇങ്ങനെ എത്രയോ ആയിരങ്ങളുടെ പ്രതീക്ഷകൾ സഫലമായ അനുഭവങ്ങൾ.

കാസർകോഡ് അനവധിഭാഷകളുടെ സംഗമഭൂമിയാണെങ്കിലും പരിദേവനങ്ങൾക്കും ആവലാതികൾക്കും ആ ഭാഷ വൈവിധ്യം ബാധകമായില്ല. യക്ഷഗാനത്തിന്റെ നാട്ടിൽ ആദ്യം പക്ഷേ മുഴങ്ങിയത് ഷെഹനായിയുടെ കരളലിയിക്കുന്ന കുഴൽവിളി. ഷെഹനായിയിൽ മാസ്മരിക തലങ്ങൾ തീർക്കുന്ന ഉസ്താദ് ഹസൻഭായി പത്തുവർഷത്തോളമായി കോളിയടുക്കത്തും പരിസരത്തും വാടകവീടുകളിലുമായിരുന്നു താമസം. കുട്ടികളെ സംഗീതം പഠിപ്പിച്ചുകിട്ടുന്ന തുച്ഛമായ വരുമാനത്തിലധികവും പോയത് വാടകയിനത്തിൽ. ഒടുവിൽ കാസർഗോഡു മുനിസിപ്പാലിറ്റിയിൽ തെക്കിൽ വില്ലേജിൽ അഞ്ചുസെന്റ് ഭൂമി അനുവദിച്ചു രേഖയും കൈമാറി. കേരള സംഗീത നാടക അക്കാദമിയുടെ ഈ വർഷത്തെ ഗുരുപൂജ അവാർഡ് ജേതാവുകൂടിയായ ഹസൻഭായി ലോകപ്രശസ്ത ഷെഹനായി മാന്ത്രികൻ ഉസ്താദ് ബിസ്മില്ലാഖാന്റെ കേരളത്തിലെ ഏക ശിഷ്യനാണ്. ബിസ്മില്ലാഖാൻ നൽകിയ ഷെഹനായി നിധിയായി ഇന്നും സൂക്ഷിക്കുന്നു. വേദികളിൽ ഖരാനകൾ മെനയുമ്പോൾ ഇനി ആമനസ്സ് സ്വച്ഛമായിരിക്കും; കയറിച്ചെല്ലാൻ ഒരുതുണ്ടു ഭൂമിയുണ്ടെന്ന ആശ്വാസത്തിൽ.

മഞ്ചേശ്വരം വില്ലേജിലെ 10 കുടുംബങ്ങൾക്കാണ് കൃഷിവകുപ്പ് മന്ത്രി കെ.വി. മോഹനനുമായി വേദിയിൽ വച്ചുതന്നെ ആലോചിച്ച് ഭൂമി നൽകാൻ തീരുമാനമെടുത്തത്. ജന്മനാ അന്ധയായ താഹിറയ്ക്ക് ഭൂമി നൽകാൻ കഴിഞ്ഞു. ദേശീയ സംസ്ഥാന സ്കൂൾ കായികമേളകളിൽ മിന്നുന്ന പ്രകടനം കാഴ്ചവെച്ച ജ്യോതിപ്രസാദിനും കുടുംബത്തിനും ഭൂമി അനുവദിച്ച് ഉത്തരവു നൽകിയത് റാഞ്ചിയിൽ നടന്ന ദേശീയ സ്കൂൾ മേളയിൽ കേരളത്തിനായി മെഡലുകൾ വാരിക്കൂട്ടിയ ചുണക്കുട്ടനുള്ള നാടിന്റെ അംഗീകാരമായി. കാഞ്ഞങ്ങാട് പുതുക്കൈ വില്ലേജിലെ ഭൂദാനം കോളനിയിലുള്ള ആറു കുടുംബങ്ങൾക്ക് പട്ടയം നൽകിയത് പേരിനെ അന്വർഥമാക്കുന്ന അനുഭവമായി. ബേക്കൽ കോട്ടയുടെയും ചന്ദ്രഗിരിക്കോട്ടയുടേയും നാട്ടിൽ ആയിരങ്ങളുടെ പരാതികൾ പരിഹരിക്കപ്പെടുമ്പോൾ ഓരോ കുടുംബത്തിനും സുരക്ഷിതത്വത്തിന്റെ കോട്ട തീർത്തു ലഭിച്ച സംതൃപ്തി.

കണ്ണൂർ ജില്ലയിൽ ആദ്യ അപേക്ഷക ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റേതായിരുന്നു. ജില്ലാ പഞ്ചായത്തിനു കീഴിലുള്ള അമ്മയും കുഞ്ഞും ആശുപത്രിക്ക് ഭൂമി നൽകണമെന്ന ആവശ്യം പരിഗണിച്ചു, പതിനഞ്ചുസെന്റ് ഭൂമി അനുവദിച്ചു. ഇന്ത്യയിലെതന്നെ ഭൂരഹിതരില്ലാത്ത ആദ്യജില്ലയായി കഴിഞ്ഞവർഷം കണ്ണൂരിനെ പ്രഖ്യാപിക്കാൻ കഴിഞ്ഞപ്പോൾ ലഭിച്ച അനുഭവം തന്നെയായിരുന്നു 80 ശതമാനം പരാതികളും തീർപ്പാക്കി വേദിവിട്ടിറങ്ങുമ്പോൾ. മണ്ണിനായി പടവെട്ടിയ കഥകൾ തന്നെ കൊത്തളം തീർത്ത പാലക്കാട്ടെ ചെറിയ കോട്ടമൈതാനിയിൽ ഒരു പിടി മണ്ണിനായും ഭൂമിസംബന്ധമായ അപേക്ഷകൾ പരിഹരിക്കുന്നതിനായും എത്തിയ ആയിരങ്ങളുടെ പരാതികൾ തീർപ്പാക്കി കഴിഞ്ഞപ്പോൾ പാലക്കാടൻ ചുടുകാറ്റ് ഒട്ടൊന്നു ശമിച്ച മട്ട്.

ചരിത്രമുറങ്ങുന്ന കൊല്ലം ജില്ലയിലെ പീരങ്കി മൈതാനത്തു നടന്ന അദാലത്തിൽ ഇട്ടിവ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്ക് ഭൂമിയെന്ന ദീർഘനാളായുള്ള ആവശ്യത്തിന് അനുമതി നൽകുമ്പോൾ മനസ്സിൽ തെളിഞ്ഞത് വീര കേരളത്തിന്റെ ധീരദേശാഭിമാനിയായ ഭരണാധികാരി വേലുത്തമ്പി ദളവയുടെ നിശ്ചയദാർഢ്യവും ചരിത്രഗതിയെ തന്നെ മാറ്റി മറിച്ച കുണ്ടറ വിളമ്പരത്തിന്റെ പ്രകമ്പനവുമായിരുന്നു.

ജനുവരി എട്ടിന് തിരുവന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത അദാലത്ത് ഭരണകർത്താവെന്ന നിലയിൽ ലോകചരിത്രത്തിൽതന്നെ ഇടംനേടിയ അദ്ദേഹത്തിൽ നിന്ന് തന്നെ പ്രചോദനമുൾക്കൊണ്ട ഒരു പരിപാടിയായതിനാൽ അവിശ്രമം അവിരാമം തുടരേണ്ട ഒരു പ്രക്രിയയ്ക്കാണ് പുറപ്പെടുന്നതെന്ന ഓർമപ്പെടുത്തൽ എന്നോടുതന്നെയും ഒപ്പമുള്ള ഉദ്യോഗസ്ഥരോടും നടത്തിയിരുന്നു. ഞാൻ ജനിക്കും മുൻപുള്ള പരാതികൾപോലും തീർപ്പാക്കാൻ ആദ്യമണിക്കൂറുകളിൽത്തന്നെ കഴിഞ്ഞപ്പോൾ ആത്മവിശ്വാസം തെല്ലൊന്നുയർന്നു. ഓരോ പരാതിയും പരിഹരിക്കുമ്പോൾ അത് അവർണനീയമായ കരുത്തും ഊർജവും എല്ലാവരിലും നിറയ്ക്കുന്നത് അനുഭവിച്ചുകൊണ്ടുള്ള ദിനങ്ങളായിരുന്നു തുടർന്നുള്ളത്. വിശ്രമമില്ലാതെ ഓരോ ജില്ലയും കടന്ന് പോരുമ്പോഴും ഒടുവിൽ ഫെബ്രുവരി 27 ന് എറണാകുളം ജില്ലയിൽ 14 ാമത്തെ ജില്ലയിലെ റവന്യൂ സർവേ അദാലത്ത് സമാപിക്കുമ്പോൾ സൂര്യൻ അറബിക്കടലിൽ മറഞ്ഞുകഴിഞ്ഞിരുന്നു. റവന്യൂ സർവേ അദാലത്തിൽ പതിനാല് ജില്ലകളിലായി കാലങ്ങളായുള്ള 3.53 ലക്ഷം പരാതികളിൽ 76 ശതമാനത്തിനും പരിഹാരം കണ്ടെത്തി. ഒടുവിൽ ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ സേവനത്തിന്റെ പുത്തൻ വാതായനം തുറന്ന് അധികാരം ജനങ്ങളിലെത്തിച്ചതിന്റെ നിർവൃതി ഉള്ളിൽ. ഒരു സാധാരണ മനുഷ്യനായി സ്വന്തം മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും പ്രശ്നങ്ങളിൽ ഇടപെടുന്ന ആത്മാർഥത ഉള്ളിൽ നിറച്ച അനുഭൂതിയിൽ സ്വയം അലിഞ്ഞു ചേർന്ന ദിനങ്ങൾ, എന്റെ പൊതുപ്രവർത്തന ജീവിതത്തിലെ തന്നെ അനർഘനിമിഷങ്ങൾ. ■



സർഗാത്മക ശക്തിയാണ് സ്ത്രീത്വം. വ്യാപരിക്കുന്ന മേഖലകളെ ചടുലവും സർഗാത്മകവുമാക്കാൻ സ്ത്രീയ്ക്കു കഴിയും. പുരുഷൻ ആധിപത്യം സൃഷ്ടിച്ചിരുന്ന പല മേഖലകളിലും സ്ത്രീ മുന്നേറുന്ന കാഴ്ചയാണ് നാമിന്നു കാണുന്നത്. സാമൂഹ്യ നേതൃനിരയിൽ പ്രാഗത്ഭ്യം തെളിയിച്ച നാല് വനിതകൾ. സംസ്ഥാന പട്ടികവർഗ്ഗ – യുവജന ക്ഷേമ വകുപ്പ് മന്ത്രി **പി.കെ. ജയലക്ഷ്മി**, അഡീ. ചീഫ് സെക്രട്ടറി **നളിനി നെറ്റോ**, എ.ഡി.ജി.പി. **ബി.സന്ധ്യ, മേരി റോയ്** എന്നിവർ സംസാരിക്കുന്നു.

■ മന്ത്രി പി.കെ. ജയലക്ഷ്മി/ അരുൺ എസ്.എസ്.

# സ്ത്രീകളോടുള്ള അനീതി കുറച്ചത് സ്ത്രീമുന്നേറ്റം

**വ്യത്യസ്ത ജീവിത രീതികളും ആചാരങ്ങളുമുള്ള ആദിവാസി വിഭാഗങ്ങളെ ഒരേ ചരടിൽ കോർത്ത് മുഖ്യധാരയിലെത്തിക്കാനുള്ള യത്നം ഏറ്റെടുത്തപ്പോഴുണ്ടായ അനുഭവങ്ങൾ, നേട്ടങ്ങൾ; ഒപ്പം സ്ത്രീയുടെ മുന്നേറ്റത്തെക്കുറിച്ചും, സംസ്ഥാനപട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പു മന്ത്രി പി.കെ.ജയലക്ഷ്മി സംസാരിക്കുന്നു**

? *മന്ത്രിയെന്ന ഉത്തരവാദിത്വം ഏറ്റെടുത്തപ്പോഴത്തെ വെല്ലുവിളികൾ*

ആദിവാസി വിഭാഗത്തിലുള്ളവർക്ക് സർക്കാർ സഹായങ്ങൾ ചെയ്യുന്നതിനുള്ള നടപടിക്രമം സങ്കീർണമായിരുന്നു. ഇത് ലഘൂകരിക്കുന്നതിനാണ് തുടക്കത്തിലേ ശ്രമിച്ചത്. ഒട്ടേറെപ്പേരുടെ അനുഭവങ്ങൾ നേരിട്ടറിഞ്ഞതിൽ നിന്നാണ് പല പദ്ധതികൾക്കും രൂപം നൽകിയത്. ആദിവാസി വിഭാഗത്തിലുള്ളവരുടെ ജീവിതത്തെക്കുറിച്ച് നന്നായറിയുന്നത് ശരിയായ പ്രശ്നപരിഹാരത്തിന് സഹായമായി. 37 വിഭാഗത്തിലുള്ള ആദിവാസികളാണ് സംസ്ഥാനത്തുള്ളത്. ഇവരുടെ ജീവിതരീതികളെല്ലാം വ്യത്യസ്തവുമാണ്. വേറിട്ട സമീപനത്തിലൂടെ വേണം ഇവർക്കുള്ള ക്ഷേമ പരിപാടികൾ രൂപപ്പെടുത്തേണ്ടത്. ആദ്യമായാണ് എം.എൽ.എയും മന്ത്രിയുമായത്. ആശങ്കകളോടെയാണ് ഔദ്യോഗിക കൃത്യങ്ങളിലേക്ക് കടന്നത്. എന്നാൽ ആദ്യ മന്ത്രിസഭായോഗം തന്നെ എല്ലാ ആശങ്കകളും മാറ്റി. ചിരപരിചിതരെപ്പോലെ പെരുമാറുന്ന മന്ത്രിമാരും മുഖ്യമന്ത്രിയും സഹപ്രവർത്തകരും തന്ന ആത്മവിശ്വാസം ചെറുതല്ല. വകുപ്പിന്റെ പ്രവർത്തനരീതി മനസ്സിലാക്കിയതോടെ ഉറച്ച തീരുമാനങ്ങളെടുക്കാൻ കഴിഞ്ഞു..

? *ആദിവാസി മേഖലയിലെ വികസനത്തെക്കുറിച്ച്*

ബജറ്റിൽ രണ്ടു ശതമാനം തുകയാണ് ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിന് നീക്കിവെച്ചിരുന്നത്. ഇത് കഴിഞ്ഞ വർഷം മൂന്ന് ശതമാനമായി വർധിപ്പിച്ചു. ഇത്തരത്തിൽ അധികമായി നീക്കിവെക്കുന്ന 150 കോടിയോളം രൂപ ആദിവാസി വിഭാഗക്കാരുടെ എണ്ണം കൂടുതലുള്ള പിന്നാക്ക പ്രദേശങ്ങളിൽ വിക സനത്തിന് വിനിയോഗിക്കും. ആദ്യഘട്ടമായി തിരഞ്ഞെടുത്ത 14 പ്രദേശങ്ങളിൽ ഭവന നിർമാണമടക്കമുള്ള പദ്ധതികൾ തുടങ്ങുകയാണ്. തിരഞ്ഞെടുത്ത ഊരുകളിൽ സമ്പൂർണ വികസന പരിപാടികൾ നടപ്പാക്കുന്ന പദ്ധതിക്കും രൂപം നൽകാനായി. ഒരു കോടി രൂപ വീതം ചെലവഴിച്ച് 40 കോളനികളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ആദിവാസി വിഭാഗത്തിലെ എല്ലാവർക്കും വീടു നൽകുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുള്ള തുട



മന്ത്രി പി.കെ.ജയലക്ഷ്മി

ക്കമായി വരും വർഷം തിരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ സമ്പൂർണ ഭവനനിർമാണ പരിപാടി തുടങ്ങുകയാണ്. പട്ടികവർഗവികസന വകുപ്പു മുഖേന ചികിത്സാ സഹായമായി പരമാവധി 10,000 രൂപ നൽകിയിരുന്നത് ഒരു ലക്ഷം രൂപയാക്കി വർധിപ്പിക്കാനുമായി. അരിവാൾ രോഗികൾക്ക് പെൻഷൻ ഏർപ്പെടുത്തിയത്, മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി 'കൈത്താങ്ങ്' പദ്ധതി തുടങ്ങിയത് എന്നിവയെല്ലാം വലിയ നേട്ടങ്ങളായി കാണുന്നു.

? *വികസനവുമായി ബന്ധപ്പെട്ട് ഉയരാറുള്ള ആക്ഷേപങ്ങളെക്കുറിച്ച്*

ധാരാളം പണം ചെലവിട്ടിട്ടും ആദിവാസി മേഖലയിൽ വേണ്ടത്ര വികസനമില്ലെന്ന ആക്ഷേപം സാധാരണമാണ്. പല കാരണങ്ങളാൽ, ഈ വിഭാഗത്തിലെ എല്ലാവരെയും ഒറ്റയടിക്ക് മുഖ്യധാരയിലെത്തിക്കുക അപ്രാപ്യമെന്നുതന്നെ പറയാം. വലിയൊരു വിഭാഗം ആദിവാസികൾ ഒരുപാട് വർഷം പിറകിലാണെന്നതാണ് മുഖ്യകാരണം. ഘട്ടംഘട്ടമായ പ്രവർത്തനത്തിലൂടെയേ വലിയ മാറ്റങ്ങളിലേക്ക് എത്താൻ

കഴിയൂ. പലതരം ജീവിതരീതിയുള്ള പല വിഭാഗക്കാരായ ആദിവാസികൾക്ക് ക്ഷേമ പ്രവർത്തനത്തിന് വ്യത്യസ്ത സമീപനം വേണം. എല്ലാ വിഭാഗത്തിലുമുള്ളവർ മുഖ്യധാരയിലെത്തിയാൽ മാത്രമേ നമ്മുടെ പ്രവർത്തനം പൂർണ്ണതയിലെത്തിയെന്നു പറയാനാകൂ. ഇതിനായി നടത്തുന്ന പടിപടിയായുള്ള പ്രവർത്തനങ്ങൾക്കുള്ള റിസൾട്ട് വ്യക്തമായും കാണാവുന്നതാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾ കൊണ്ടുണ്ടായ മാറ്റം താത്പര്യമുള്ള ആർക്കും നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടാനുമാകും.

? *ഏറ്റവും സംതൃപ്തി തന്ന പദ്ധതി*

ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി നൽകുന്നത് ലക്ഷ്യമിട്ട പദ്ധതി നടപ്പാക്കാനായത് ഏറെ സംതൃപ്തി തന്നു. 'ആശിക്കുന്ന ഭൂമി ആദിവാസിക്ക്' എന്ന പേരിലാണ് ഈ പദ്ധതി നടപ്പാക്കിയത്. ആദിവാസി വിഭാഗക്കാരനായ ഗുണഭോക്താവ് കണ്ടെത്തി നിർദേശിക്കുന്ന ഭൂമി പലഘട്ടങ്ങളിലായി പരിശോധിച്ചശേഷം സർക്കാർ വാങ്ങി നൽകുന്നതാണ് പദ്ധതി. പത്തു ലക്ഷം രൂപ ചെലവഴിച്ച് കുറഞ്ഞത് 25 സെന്റ് ഭൂമി വീതം വാങ്ങി നൽകും. കഴിഞ്ഞ ഒരു വർഷത്തിനിടെ ശരാശരി 30 മുതൽ 40 സെന്റുവരെ ഭൂമി വീതം 420 കുടുംബങ്ങൾക്കായി വാങ്ങി നൽകാൻ കഴിഞ്ഞു. നിർദേശിക്കപ്പെട്ട ഭൂമി വാസയോഗ്യമാണെന്നും ഉടമസ്ഥാവകാശം സംബന്ധിച്ച് നിയമപരമായ സങ്കീർണതകളില്ലെന്നും ഉറപ്പാക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പരിശോധന നടത്തും. ഇതിലൂടെ ഒരു തരത്തിലും ഗുണഭോക്താവ് വഞ്ചിക്കപ്പെടില്ലെന്ന് ഉറപ്പുവരുത്താനാകും.

? *സ്ത്രീകൾക്കായി തുടങ്ങിയ പദ്ധതികൾ*

അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യപാലനത്തിനായി ജനനി ജന്മരക്ഷ പദ്ധതി വിജയകരമായി നടപ്പാക്കാനായി. ഗർഭിണിയായി മൂന്നാം മാസം മുതൽ പ്രസവശേഷം ഒരു വർഷം വരെ പോഷകാഹാര ലഭ്യതക്കായി സാമ്പത്തിക സഹായം ഉൾപ്പെടെ നൽകുന്നതാണീ പദ്ധതി. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് കൂടുതലറിയുന്നതിന് തിരഞ്ഞെടുത്ത സ്ത്രീകളെ പരിശീലിപ്പിച്ച് വിന്യസിക്കുന്ന പദ്ധതിയും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയാണ്.

? *സ്ത്രീ മുന്നേറ്റത്തെ എങ്ങനെ വിലയിരുത്തുന്നു*

സാമൂഹിക നേതൃനിരയിൽ സ്ത്രീകളുടെ സാന്നിധ്യം വർധിച്ചത് സ്ത്രീകൾക്കെതിരെയുള്ള അനീതികൾ കുറയാൻ കാരണമായി. എല്ലാ രംഗത്തും ചാലകശക്തിയാകാൻ സ്ത്രീക്ക് കഴിഞ്ഞു. ഷീ ടാക്സി പോലുള്ള സ്ത്രീ ശാക്തീകരണ സംരംഭ പ്രവർത്തനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. മന്ത്രിയെന്ന നിലയിൽ സമൂഹത്തിന്റെ എല്ലാ മേഖലയിലുമുള്ള സ്ത്രീകളുമായി നിരന്തരം ബന്ധപ്പെടാറുണ്ട്. ആത്മവിശ്വാസം സ്ഫുരിക്കുന്ന പെരുമാറ്റ രീതികളുള്ള ഒട്ടേറെ സ്ത്രീകളെ നിത്യവും കാണുന്നു.

? *ആദിവാസി മേഖലയിലെ വിദ്യാഭ്യാസ പുരോഗതി*

ഈ മേഖലയിൽ നിന്നുള്ളവരെ മുഖ്യധാരയിലെത്തിക്കാൻ വിദ്യാഭ്യാസത്തിലൂടെയേ കഴിയൂവെന്ന ബോധ്യമുണ്ട്. 40 ശതമാനത്തോളം ആദിവാസി വിഭാഗക്കാരും വനമേഖലയിലാണുള്ളത്. ഇടമലക്കുടിപോലുള്ള പ്രദേശങ്ങളിൽ നിന്നുള്ളവർക്ക് നിബിഡവനത്തിലൂടെ 42 കിലോമീറ്ററോളം താണ്ടിയേ പുറംലോകത്തെത്താനാകൂ. ഇത്തരത്തിൽ വിദ്യാഭ്യാസ സൗകര്യം സുഗമമല്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനാണ് ഗോത്രസാരഥി പദ്ധതി തുടങ്ങിയത്. വാഹന സൗകര്യമില്ലാത്ത മേഖലയി



**വനിതകൾക്കുള്ള സ്വയംസംരംഭക പരിപാടിയിൽ ഓട്ടോറിക്ഷ വിതരണം ചെയ്ത വേളയിൽ**



**പണിയ വിഭാഗത്തിൽ നിന്ന് എം.ബി.എ പാസായ ആദ്യ വിദ്യാർത്ഥി മണികണ്ഠന് സർക്കാർ ധനസഹായം കൈമാറി അഭിനന്ദിക്കുന്നു**

ലുള്ളവരെ സ്കൂളിലെത്തിക്കുന്നതിനും തിരികെ വീട്ടിലെത്തിക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിഞ്ഞു. ഉദ്യോഗസ്ഥരുടെ റിപ്പോർട്ടും ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ വിലയിരുത്തലും പരിഗണിച്ചാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്. തിരുവനന്തപുരത്ത് അഗസ്ത്യാർകൂടം ഉൾപ്പെടെയുള്ള മേഖലയിൽ നിന്നുള്ളവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീമെട്രിക് ഹോസ്റ്റലുകളിലുമുള്ളവർക്കായി അധികനിപുണശേഷി വികസനപദ്ധതികളും നടപ്പാക്കി. വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റത്തിന് ഒട്ടേറെ പദ്ധതികൾ ഏകോപിപ്പിക്കാനുമായി.

? *സർഗോത്സവം സംഘടിപ്പിക്കാനുണ്ടായ പ്രേരണ*

സ്കൂൾ കലോത്സവത്തിന്റെ മാതൃകയിൽ ആദിവാസി വിഭാഗത്തിലെ കുട്ടികൾക്കായി ഒരു കലോത്സവം ഉണ്ടാക്കണമെന്ന ആശയം മനസ്സിലുണ്ടായിരുന്നു. സംസ്ഥാനതല സ്കൂൾ കലോത്സവങ്ങളിൽ ന്യൂനപക്ഷത്തിനുമാത്രമേ അവസരം ലഭിക്കുന്നുള്ളു. അവസരമില്ലാതെ പോകുന്ന ആദിവാസി കുട്ടികളുടെ കഴിവ് കാണാതെ പോകരുതെന്നായിരുന്നു ചിന്ത. കഴിഞ്ഞ വർഷം വയനാട്ടിലെ കണിയാമ്പറ്റയിൽ ആദിവാസി വിഭാഗത്തിലെ കുട്ടികൾക്കുമാത്രമായുള്ള ആദ്യ കലോത്സവം 'സർഗോത്സവം' എന്ന പേരിൽ നടത്തി. ജില്ലാതലത്തിലും മത്സരങ്ങൾ ഇവർക്കായി സംഘടിപ്പിച്ചിരുന്നു. വലിയ പ്രതികരണമാണ് ഇതിന് ലഭിച്ചത്. കുട്ടികളുടെ പ്രകടനം അസാധരണമാംവിധം മികച്ചതായിരുന്നുവെന്ന് അഭിപ്രായമുണ്ടായി. ഈ വർഷം മുതൽ സംസ്ഥാനതലത്തിൽ വിജയിക്കുന്നവർക്ക് 50 ശതമാനം ഗ്രേസ് മാർക്ക് നൽകാനും തീരുമാനിച്ചിട്ടുണ്ട്. സർഗോത്സവത്തിന്റെ മാതൃകയിൽ കായിക മത്സര വേദികളും ഒരുക്കാൻ ലക്ഷ്യമിടുകയാണ്.

? *യുവജനങ്ങൾക്കുള്ള ക്ഷേമ പരിപാടികൾ*

യുവജനങ്ങൾക്കായി രാജ്യത്ത് ആദ്യമായി നിയമസഭയിൽ ബില്ല് അവതരിപ്പിച്ച് പാസ്സാക്കിയത് ഈ മന്ത്രിസഭയുടെ കാലത്താണ്. സംസ്ഥാന യുവജന കമ്മിഷൻ രൂപവത്കരിച്ചത് ഈ ബില്ലിന്റെ അടിസ്ഥാനത്തിലായിരുന്നു. ഭരണ പ്രതിപക്ഷ ഭേദമില്ലാതെ ഐകകണ്ഠ്യേനയായി പാസ്സാക്കിയ ബില്ല് അവതരിപ്പിക്കാനായത് ഭാഗ്യമായി കരുതുന്നു. യുവാക്കളുടെ ക്ഷേമം ലക്ഷ്യമിടുന്ന യുവജന നയത്തിനും രൂപം നൽകി. യുവാക്കൾക്കുള്ള കൺവൻഷൻ സെന്റർ, ഡോർമറ്ററി എന്നിവയെല്ലാമുള്ള യൂത്ത് ഭവൻ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ തയാറാക്കുകയാണ്. സ്കിൽ ഡെവലപ്മെന്റ് ലക്ഷ്യമിട്ട് വിദ്യാർഥികൾക്കായി സാങ്കേതിക വിദ്യാപരിശീലനം, ആദിവാസി വിഭാഗത്തിലെ കുട്ടികൾക്കായി മെഡിക്കൽ, എൻജിനീയറിങ് എൻട്രൻസ് പരിശീലനം, യുവാക്കൾക്കുള്ള സംരംഭകത്വപരിപാടികൾ തുടങ്ങിയവയും നടത്തുന്നു. വിവിധ രംഗത്തുള്ള യുവാക്കളെ പ്രോത്സാഹിപ്പിക്കാനായി യുവപ്രതിഭാപുരസ്കാരം ഏർപ്പെടുത്തിയതും ഈ മന്ത്രിസഭയുടെ കാലത്താണ്.

? *പ്രതിസന്ധിയിൽ തുണയാകുന്ന വിശ്വാസം*

സത്യം ജയിക്കും എന്ന വിശ്വാസം. ഏതു ഘട്ടത്തിലും സത്യസന്ധത കൈവിടാതെയാണ് പ്രവർത്തിക്കുന്നത്. ഏറ്റവും താഴെതട്ടിലുള്ളവർക്കായി നീതി നടപ്പാക്കുകയെന്ന ചിന്തയാണ് എപ്പോഴുമുള്ളത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്നാണ് ആഗ്രഹം. മുഖ്യമന്ത്രിയുടെ പ്രവർത്തനശൈലിയും ഉപദേശങ്ങളും സ്വാധീനിച്ചിട്ടുണ്ട്. വിമർശനങ്ങളെ പോസിറ്റീവായി കാണാൻ ശ്രമിക്കുന്നതും മനസ്സിന് ബലം തരുന്നു. ■

■ നളിനി നെറ്റോ ഐ.എ.എസ്./ രാജേഷ് സി. ബോസ്

# ആത്മാഭിമാനം കൈവിടരുത്

**സംസ്ഥാന ആഭ്യന്തര– വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറിയായി നിയമിതയായ നളിനി നെറ്റോ സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർകൂടി യാണ്. പ്രവർത്തിച്ച മേഖല കളിലെല്ലാം സ്തുത്യർഹ സേവനം അനുഷ്ഠിച്ച ഉദ്യോഗസ്ഥ. കണ്ണൂർ സബ്കളക്ടറായാണ് സിവിൽ സർവീസിൽ പ്രവേശിച്ചത്. സ്ത്രീകളെ ക്കുറിച്ചും കർമരംഗത്തെ അനുഭവങ്ങളെക്കുറിച്ചും സംസാരിക്കുന്നു.**


നളിനി നെറ്റോ

? *ഐ.എ.എസ്. തെരഞ്ഞെടുക്കാനുള്ള പ്രചോദനം? ഇക്കാര്യത്തിൽ കുടുംബ ത്തിന്റെ പിന്തുണ എത്രത്തോളമുണ്ടാ യിരുന്നു.*

ആൺപെൺ വേർതിരിവില്ലാത്ത ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചുവ ളർന്നത്. പെൺകുട്ടികൾ പഠിക്കണ മെന്നും സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാകണമെന്നും വിശ്വസിച്ചിരു ന്നവരായിരുന്നു മാതാപിതാക്കൾ. ഐ. എ.എസ്. എന്നത് മനസ്സിൽ കൊണ്ടു നടന്ന ഒരാഗ്രഹമായിരുന്നില്ല. 'ഒരു ജോലി' എന്നതായിരുന്നു ലക്ഷ്യം.

അത് ഇവിടെവരെയെത്തി. ഇക്കാര്യത്തിൽ മാതാപിതാക്കളോടുള്ള കടപ്പാട് പറഞ്ഞറിയിക്കാനാവാത്തതാണ്.

? *വിദ്യാഭ്യാസകാലഘട്ടത്തെക്കുറിച്ച്*

ഇന്നുമെന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നത് 67–73 കാലഘട്ടത്തിലെ തിരുവനന്തപുരം കോട്ടൺ ഹിൽ സ്കൂളിലെ ഓർമകളാണ്. ഏഷ്യയിലെ ഏറ്റവും വലിയ പെൺ പള്ളിക്കുടമെന്ന ഖ്യാതിയുള്ള ഈ സ്കൂളിൽ പഠിച്ചത് എന്റെ വ്യക്തിത്വം കരുപ്പിടിപ്പിക്കാൻ സഹായിച്ചു എന്നു ഉറച്ചു വിശ്വസിക്കുന്നു. അന്നത്തെ സാഹചര്യത്തിൽ പെൺകുട്ടികൾ ഒരു പ്രത്യേക ചട്ടക്കൂടിനകത്ത് ജീവിക്കാൻ സമൂഹം നിർബന്ധിച്ചിരുന്നു. എന്നാൽ അധ്യാപികമാർ ഞങ്ങൾക്ക് എല്ലാവിധ സ്വാതന്ത്ര്യവും പ്രോത്സാഹനവും നൽകിയിരുന്നു.



? *ഇങ്ങനെ മാറ്റുതെളിയിച്ച പെൺകുട്ടികളെക്കുറിച്ച് പിന്നീട് പൊതുരംഗത്ത് കേൾക്കാറില്ലല്ലോ? ചുരുക്കം ചിലതൊഴികെ*

അതെ, അതുതന്നെയാണ് നമ്മുടെ സമൂഹത്തിന്റെ ശാപവും. എന്റെ ബഞ്ചിലിരുന്നു പഠിച്ച പ്രഗത്ഭമതികളായ പല പെൺകുട്ടികളെയും ഞാൻ ഓർക്കുന്നു. വിവാഹം കഴിഞ്ഞതോടെ അവർ ഏതോ അജ്ഞാത തുരുത്തുകളിലായിപ്പോയി. ഇതൊക്കെ മാറേണ്ടതുണ്ട്. ഐ.എ.എസിനെ 'ഗ്ലാമർ പോസ്റ്റ്' എന്നതിലുപരി ഒരു ജോലിയായാണ് ഞാൻ കാണുന്നത്. എന്നാൽ ഇന്ന് ഇന്ത്യയിൽ മാന്യമായ ജോലികളിൽ ഗ്ലാമറുള്ള രംഗമാണിത്.

? *വിദ്യാഭ്യാസം കഴിഞ്ഞ് നേരെ ഐ.എ.എസിലേക്ക് കടക്കുകയായിരുന്നോ*

അല്ല. ഓൾ സെയ്ന്റ്സ് കോളേജിൽ കുറച്ചുകാലം അധ്യാപികയായിരുന്നു. അതിനുശേഷം സിവിൽ സർവീസ് പരീക്ഷ എഴുതി. ആദ്യ ശ്രമത്തിൽ തന്നെ ഐ.എ.എസ്. ലഭിക്കുകയും ചെയ്തു.

? *സംസ്ഥാനത്തിന്റെ ചീഫ് ഇലക്ട്രറൽ ഓഫീസറായിരുന്ന കാലഘട്ടത്തെക്കുറിച്ച്*

ശരിക്കും വെല്ലുവിളികൾ നിറഞ്ഞ ഒരു ജോലിയാണത്. പക്ഷെ ആത്മസമർപ്പണമുണ്ടായതുകൊണ്ട് അതൊക്കെ മറികടക്കാൻ പറ്റി. ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞാൽ പിന്നെ ഒരു യുദ്ധത്തിന് തയാറെടുക്കുന്ന പ്രതീതിയാണ്. ചെറിയൊരു പാകപ്പിഴയുണ്ടായാൽപ്പോലും അത് ഇലക്ഷൻ ദിവസം പ്രതിഫലിക്കും. എന്നാൽ ഒത്തൊരുമയും മികച്ച ടീം വർക്കും കൊണ്ട് അതിനെ മറികടക്കാൻ കഴിയും.

? *സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പെരുകിവരുന്ന കാലമാണിത്. അവയെ ചെറുക്കാൻ സമൂഹം വേണ്ടത്ര സജ്ജമാണോ. സ്ത്രീയെപ്പറ്റിയുള്ള വികലമായ കാഴ്ചപ്പാടുകൾ അതിക്രമങ്ങൾ വളരുവാൻ കാരണമാകുന്നുണ്ടോ.*

നീതി പലപ്പോഴും നിയമത്തിന്റെ ഊരാക്കുടുക്കുകളിൽപ്പെട്ട് വൈകുന്നതാണ് ഇതിനൊരു കാരണം. കേസുകളിൽ വളരെ വേഗം വിധിയുണ്ടായാൽ മാത്രമേ ഇതിനെതിരെ നല്ലൊരു സന്ദേശം കൊടുക്കാൻ സാധിക്കുകയുള്ളു. വാദങ്ങൾ രണ്ടു ഭാഗത്തുനിന്നുമുണ്ടാകാം. ഇത് ഇരയ്ക്ക് നീതി നിഢേധിക്കപ്പെടുന്നതിന് കാരണമാകും. എന്റെ അച്ഛൻ സ്ത്രീകൾ സ്വന്തം കാലിൽത്തന്നെ നിൽക്കണമെന്ന് നിർബന്ധബുദ്ധിയുള്ള ആളായിരുന്നു. എം.എസ്സ്.സി. കഴിഞ്ഞ് റിസർച്ചിന് ചേരണമെന്നു ഞാൻ ശഠിച്ചപ്പോൾ ജോലി നേടിക്കഴിഞ്ഞ് റിസർച്ചിന് പോകാൻ അച്ഛൻ നിർദേശിച്ചു.

? *സ്വന്തം കർമരംഗത്തെ എങ്ങനെ വിലയിരുത്തുന്നു*

'കർമണ്യേ വാധികാരസ്തേ മാ ഫലേഷു കദാചന' എന്ന ഗീതാവചനമാണ് കർമരംഗത്ത് എന്റെ വഴികാട്ടി. ജോലി ഏതായാലും അതിൽ പൂർണമായും കർതൃത്വഭാവം വെടിഞ്ഞ് മുഴുകുകയെന്നതാണ് എന്റെ രീതി. മറ്റൊരുതരത്തിൽ പറഞ്ഞാൽ ജോലിയും ഞാനും ഒന്നായിത്തീരുന്ന അവസ്ഥ. ഒരു ജോലി പൂർണമാക്കിയശേഷം അതിനെക്കുറിച്ച് നിശ്ശേഷം ഞാൻ മറക്കും. പിന്നെ അടുത്ത ജോലിയിൽ അല്ല, അതായിത്തീരും ഞാൻ. പിന്നെ ഓരോ തവണയും ഒരു വിദ്യാർഥിനിയുടെ ഉത്സാഹത്തോടെ തൊഴിലിലെ പുതു പ്രവണതകൾ പഠിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്.

? *തൊഴിലിടങ്ങൾ പ്രത്യേകിച്ചും ഐ.എ.എസ്. പോലുള്ള ഉയർന്ന തലങ്ങൾ പോലും പുരുഷാധിപത്യത്തിന്റെ പ്രവണതകളിൽ നിന്നും മുക്തമല്ല.*

ഇല്ലെന്നു പറയുന്നത് യാഥാർഥ്യത്തിനു നേരെയുള്ള കണ്ണടക്കലാകും. സാധാരണ ജോലികളിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ കാര്യത്തിൽ ഇത് പകൽപോലെ വ്യക്തമാണ്. ഒരുപടിയെങ്കിലും പുരുഷനു താഴെ സ്ത്രീയെ നിർത്തുകയെന്നതാണ് പുരുഷ മനോഭാവം. അതിനാൽ തൊഴിൽ മേഖലയിലും പുരുഷനോളം നിൽക്കാൻ സ്ത്രീ ശ്രദ്ധിക്കേണ്ടതാണ്. മിടുക്കികളായ പല പെൺകുട്ടികളും അവരുടെ പൂർണമായ പ്രതിഭ വിനിയോഗിക്കുന്നില്ലെന്നുള്ളത് ദുഃഖ സത്യമാണ്. ഇതിനൊക്കെ മാറ്റമുണ്ടായേ തീരു.

? *ജീവിതത്തിൽ റോൾ മോഡൽ ആരെങ്കിലുമുണ്ടോ.*

ഇല്ല. ഇല്ലാതിരിക്കുന്നതാണ് നല്ലത്. കാരണം ഓരോ മനുഷ്യനും തികച്ചും വ്യത്യസ്തനാണ്. എന്റെ വികാര, വിചാര, ചിന്തകളായിരിക്കില്ല മറ്റൊരാളുടേത്. ഞാൻ കാണുന്ന സത്യം എന്റേതുമാത്രമായിരിക്കും. മറ്റൊരാൾക്ക് അയാളുടേതും. അതിനാൽ ഒരു റോൾ മോഡലും ഇല്ലാതിരിക്കുന്നതാണ് നല്ലത്.

? *അന്താരാഷ്ട്ര വനിതാദിനത്തിൽ കേരളത്തിലെ വനിതകൾക്കുള്ള സന്ദേശം*

ഏതു പരിതസ്ഥിതിയിലും ആത്മാഭിമാനം കൈവിടാതിരിക്കുക. ■

■ ബി. സന്ധ്യ ഐ.പി.എസ്./ രാജേഷ് സി. ബോസ്

# സ്ത്രീ സമത്വം കുടുംബത്തിൽ തുടങ്ങണം

**പൊലീസിനോടുള്ള മനോഭാവത്തിൽ വലിയ മാറ്റം കൊണ്ടുവരാൻ ജനമൈത്രി പൊലീസിന് കഴിഞ്ഞു. ലോക്കപ്പ് മുറികളെക്കുറിച്ചുള്ള ഭീകര മർദന കഥകളിൽ നിന്ന് കേരളാ പൊലീസിന് ശാപമോക്ഷം നൽകിയ അത്ഭുത മന്ത്രമാണ് ജനമൈത്രി സുരക്ഷാ പദ്ധതി. പൊലീസിന്റെ ഹൃദ്യമായ മുഖവും പെരുമാറ്റവും കേരളീയ ജനതയുടെ ഹൃദയത്തിൽ തൊട്ടു. തങ്ങളിൽ ഒരുവനാണ് പൊലീസുകാരനും എന്ന മനോഭാവം വളർത്തിയെടുക്കാനും അനീതിക്കെതിരെ പ്രതികരിക്കാനും ജനങ്ങൾക്ക് പ്രോത്സാഹനമേകി.**

**ജനമൈത്രി സുരക്ഷാ പൊലീസ് പദ്ധതിയുടെ അമരക്കാരിയും 2007 മുതൽ പദ്ധതിയുടെ നോഡൽ ഓഫീസറുമാണ് എ.ഡി.ജി.പി ബി. സന്ധ്യ.**



ബി.സന്ധ്യ

*വനിതകൾ ഐ.പി.എസിൽ തീരെ അപൂർവമായിരുന്ന സന്ദർഭത്തിലാണല്ലോ താങ്കൾ സർവീസിലേക്ക് കടന്നുവന്നത്; ഇതിനുള്ള പ്രചോദനം?*

ഒരു കസേരയിൽ അമർന്നിരുന്നുള്ള ഓഫീസ് ജോലിയേക്കാൾ ഞാനേറെ ഇഷ്ടപ്പെട്ടിരുന്നത് ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുവാനായിരുന്നു. സമൂഹജീവിയെന്ന നിലയിൽ സമൂഹത്തോട് നമുക്കൊരു പ്രതിബദ്ധതയുണ്ട്. ഐ.പി.എസ്. ഓഫീസർ എന്ന നിലയിൽ പലതരത്തിലുള്ള ജനങ്ങളുമായി അടുത്തിടപഴകാനും അവരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ സമാധാനമുണ്ടാക്കാനും സാധിച്ചതിൽ ആത്മസംതൃപ്തിയുണ്ട്.

*മാതാപിതാക്കൾക്ക് മകൾ ഒരു ഐ.പി.എസ്. ഓഫീസർ ആകുന്നതിനോട് എതിർപ്പുണ്ടായിരുന്നില്ലേ?*

ഒട്ടും എതിർപ്പുണ്ടായിരുന്നില്ല, എന്നു മാത്രമല്ല സർവവിധ പിന്തുണയും അച്ഛൻ ഭാരതദാസും അമ്മ കാർത്ത്യായനിയും നൽകിയിരുന്നു. അച്ഛൻ പാലായിൽ ഒരു ക്ലിനിക്കൽ ലാബ് നടത്തിയിരുന്നു. വായിക്കാൻ ധാരാളം പുസ്തകങ്ങൾ കുട്ടിക്കാലത്തു തന്നെ അച്ഛൻ ലഭ്യമാക്കിയിരുന്നു.

*വിദ്യാഭ്യാസം, ഉപരിപഠനം?*

ആലപ്പുഴയിലും, ഭരണങ്ങാനത്തുമായിരുന്നു സ്കൂൾ വിദ്യാഭ്യാസം. സുവോളജിയിൽ എം.എസ്.സി ബിരുദധാരിണിയാണ് ഞാൻ. 'BITS' പിലാനിയിൽ നിന്ന് നീതിന്യായ സംവിധാനം സ്ത്രീകൾക്ക് പ്രാപ്യമാക്കുന്നതും വനിതകളോടുള്ള പോലീസ് സമീപനവും എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി.

*ജനമൈത്രി പൊലീസ് എന്ന ആശയം അവതരിപ്പിച്ചപ്പോൾ പലരും നെറ്റി ചുളിച്ചു. ഇതിന്റെ വിജയസാധ്യതയെക്കുറിച്ച് സംശയം പ്രകടിപ്പിച്ചു. പക്ഷേ അതെല്ലാം മറികടന്ന് പദ്ധതി വൻവിജയത്തിലെത്തി. ഇതിൽ താങ്കളുടെ പങ്ക് ചെറുതല്ല. ഇതിനെക്കുറിച്ച് വിശദീകരിക്കാമോ?*

2007 മുതൽ ജനമൈത്രി സുരക്ഷാ പ്രോജക്ടിന്റെ നോഡൽ ഓഫീസറാണ്. കൊളോണിയൻ കാലഘട്ടത്തിൽ ബ്രിട്ടീഷ് സർക്കാരിന് ജനങ്ങളെ കൊള്ളയടിക്കാനുള്ള ഒരു മർദനോപകരണമായിരുന്നു പൊലീ

സ്. ഇവിടുള്ള മുതലുകൾ ബ്രിട്ടനിലേയ്ക്ക് കടത്തുക എന്ന ലക്ഷ്യത്തോടെയാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഭരണം നടത്തിയിരുന്നത്. അങ്ങനെ ജനങ്ങളുടെ പേടിസ്വപ്നമായി ഇന്ത്യൻ പൊലീസ് മാറി. അതേ സമയം ഇംഗ്ലണ്ടിൽ അവർ രൂപീകരിച്ച പൊലീസ് സേന തികച്ചും ജനസൗഹാദപരമായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടിട്ടും പഴയ രീതി ഇവിടെ നിലനിന്നിരുന്നു. നമ്മുടെ പൊലീസ് സേനയിലും മാറ്റം സംഭവിച്ചില്ല. ഈ സാഹചര്യത്തിലാണ് കേരളത്തിൽ കമ്യൂണിറ്റി പൊലീസിംഗ് എന്ന ആശയം 2006 ൽ ജസ്റ്റിസ് കെ.റ്റി. തോമസ് കമ്മിഷൻ മുന്നോട്ട് വച്ചത്. അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ ഉമ്മൻ ചാണ്ടി കമ്മിഷൻ റിപ്പോർട്ടിനെ അംഗീകരിച്ചു. 2007-ൽ ശ്രീ കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയും ശ്രീ ഉമ്മൻ ചാണ്ടി പ്രതിപക്ഷ നേതാവുമായിരുന്ന സമയത്താണ് പദ്ധതി നടപ്പിലാക്കിയത്. ജനമൈത്രി പൊലീസിന്റെ ആദ്യത്തെ വിശകലനയോഗത്തിൽ അധ്യക്ഷത വഹിച്ചതും അന്ന് പ്രതിപക്ഷനേതാവായിരുന്ന ശ്രീ ഉമ്മൻചാണ്ടി തന്നെ.

*ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിശകലനയോഗത്തിൽ എല്ലാവരെയും സഹകരിപ്പിച്ചു എന്നാണോ ഇതുകൊണ്ട് അർത്ഥമാകുന്നത്?*

അതെ. ഭരണപക്ഷവും പ്രതിപക്ഷവും നിർലോഭം സഹകരിച്ചു. ജനമൈത്രി പൊലീസ് നടപ്പാക്കിയ സംസ്ഥാനങ്ങളിലെ പൊലീസ് മേധാവികൾ, പരിചയസമ്പന്നരായ മറ്റു പ്രഗത്ഭർ എന്നിവരെല്ലാം ആ യോഗത്തിൽ പങ്കെടുത്തു. മാധ്യമങ്ങളുടെ പൂർണ്ണ പിന്തുണയും ഇക്കാര്യത്തിലുണ്ടായിരുന്നു.

*കുറ്റകൃത്യങ്ങൾ തടയാൻ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടോ?*

തീർച്ചയായും. തോക്ക് ചൂണ്ടി നീതി നടപ്പാക്കാൻ ഇവിടെ പറ്റില്ല. കാരണം ഇതൊരു ജനാധിപത്യ രാജ്യമാണ്. സമൂഹത്തിൽ കുറ്റവാളികൾ എന്തു കൊണ്ടുണ്ടാകുന്നു എന്നത് നാം പഠിക്കേണ്ട വസ്തുതയാണ്. കുറ്റകൃത്യമനോഭാവത്തിൽ നിന്നും അവരെ മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിയണം. സ്കൂൾ പരിസരങ്ങളിൽ കുറ്റകൃത്യങ്ങളിലേർപ്പെടുന്ന കുട്ടികളെ നേർവഴിയ്ക്കു നടത്താൻ ജനമൈത്രി സുരക്ഷാപദ്ധതിയ്ക്ക് ഒരു വലിയ അളവുവരെ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ സഹകരണം പല കുറ്റകൃത്യങ്ങളും മുളയിലേ നുള്ളാൻ സഹായകരമാകുന്നു.

*പൊലീസിലെ സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ച്?*

തികച്ചും അപര്യാപ്തമാണ്. കൂടുതൽ സ്ത്രീകൾ ഈ മേഖലയിലേക്ക് കടന്നുവരണം. പൊലീസിൽ കുറഞ്ഞത് 33 ശതമാനമെങ്കിലും സ്ത്രീ പ്രാതിനിധ്യം ഉണ്ടാകണം. എന്നാൽ മാത്രമെ സ്ത്രീയുടെ ശബ്ദം ശ്രവിക്കാൻ കഴിയുകയുള്ളൂ. അവരെ സേവിക്കുവാൻ കഴിയുകയുള്ളൂ.

> സ്ത്രീകൾക്കെതിരായി അക്രമമുണ്ടായാൽ ഏറ്റവുമടുത്ത പൊലീസ് സ്റ്റേഷനിൽ എത്രയും പെട്ടെന്ന് പരാതി രജിസ്റ്റർ ചെയ്യാൻ മടിക്കരുത്. ഒരാവശ്യം വന്നാൽ വിളിക്കേണ്ട നമ്പരുകൾ വിരൽത്തുമ്പിലോ മനസ്സിലോ കരുതി വയ്ക്കുക. (ക്രൈം സ്റ്റോപ്പർ 1090, വനിതാ ഹെൽപ്പ് ലൈൻ 1091, ഹൈവേ പൊലീസ് ഹെൽപ്പ് ലൈൻ 9846100100, റെയിൽവേ ഹെൽപ്പ് ലൈൻ- 9846 200 100, സ്വന്തം സ്ഥലത്തെ ബീറ്റ് ഓഫീസറുടെ നമ്പർ, പോലീസ് സ്റ്റേഷൻ നമ്പർ തുടങ്ങിയവ അറിഞ്ഞു വയ്ക്കുക)

ഇപ്പോൾ ജനമൈത്രി പൊലീസ് സ്റ്റേഷനുകളിൽ ഓരോ വുമൺ ഹെൽപ് ഡെസ്ക് ഉണ്ട്. ഇത് പുരുഷന്മാരിൽ പോലും പൊലീസ് സ്റ്റേഷനുകളെക്കുറിച്ചുള്ള മുൻവിധികൾ മാറ്റി മറിച്ചു. കൂടാതെ സ്ത്രീകൾ ഭയമില്ലാതെ പൊലീസ് സ്റ്റേഷനുകളിൽ കയറിച്ചെന്ന് അനീതികൾക്കെതിരെ പരാതികൾ നൽകി. സ്ത്രീകൾ കൂടുതൽ കടന്നുവന്നാൽ പൊലീസിന്റെ മാനുഷിക മുഖം എന്താണെന്ന് ലോകത്തിനു കൂടുതൽ ബോധ്യപ്പെടും.

*ഏറെ വെല്ലുവിളികളും സംഘർഷങ്ങളും നിറഞ്ഞതാണല്ലോ ക്രമസമാധാന പാലനം. മന:സംഘർഷങ്ങൾ എങ്ങനെ മറികടക്കുന്നു?*

ആത്മസമർപ്പണം ആത്മസംഘർഷങ്ങളെ മറികടക്കാൻ സഹായിക്കുന്നു. പ്രശ്നങ്ങളെ സമചിത്തതയോടെ നേരിടുക. വരാൻ പോകുന്ന പ്രതിസന്ധി മുൻകൂട്ടി കണ്ടറിഞ്ഞ് കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക.

*നീലക്കൊടുവേലിയുടെ കാവൽക്കാരി എന്ന നോവലിന് ഇടശ്ശേരി അവാർഡു കിട്ടിയിട്ടുണ്ട്. എഴുത്തുകാരി എന്ന നിലയിലുള്ള പ്രതീക്ഷകളും താത്പര്യങ്ങളും?*

നാലു കവിതാസമാഹാരങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ താത്പര്യമുള്ള മേഖലയാണ് കവിതയെഴുത്ത്. കുട്ടികൾക്ക് വേണ്ടി ആറു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കഴിഞ്ഞ ഏഴുവർഷമായി ഒരു നോവലിന്റെ പണിപ്പുരയിലാണ്. രാമായണത്തിന്റെ ചുവടുപിടിച്ചുള്ള നോവൽ. മാതൃഭൂമി ബുക്സ് ആണ് ഇത് പ്രസിദ്ധീകരിക്കുന്നത്.

കുട്ടിക്കാലത്തു തന്നെ ലോകക്ലാസ്സിക്കുകളും മലയാളത്തിലെ മിക്ക എഴുത്തുകാരെയും വായിക്കാൻ കഴിഞ്ഞത് മഹാഭാഗ്യമായി ഞാൻ കരുതുന്നു. കോളേജ് പഠനകാലത്ത് ബാലചന്ദ്രൻ ചുള്ളിക്കാട്, അയ്യപ്പപ്പണിക്കർ തുടങ്ങിയ പ്രതിഭകളുടെ കവിതകൾ വായിച്ചിരുന്നു.

*കുടുംബജീവിതത്തെക്കുറിച്ച്...*

കേരള യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളറായ ഡോ.കെ.മധുകുമാറാണ് ഭർത്താവ്. ഏക മകൾ ഹൈമ എം.ബി.ബി.എസിനു പഠിക്കുന്നു.

*സ്ത്രീകൾക്കെതിരെ പെരുകുന്ന അതിക്രമങ്ങളെക്കുറിച്ച്?*

സ്ത്രീ പുരുഷ സമത്വം കുടുംബത്തിൽ നിന്നു തന്നെ ആരംഭിക്കണം. പരസ്പരം വ്യക്തിത്വത്തെ ബഹുമാനിക്കുവാൻ രണ്ടുപേർക്കും കഴിയണം. സ്ത്രീകൾക്ക് അവരുടേതായ സ്വാതന്ത്ര്യം കൊടുത്താൽ സ്ത്രീ സുരക്ഷയെക്കുറിച്ച് വേവലാതിപ്പെട്ട് ഹൃദയാഘാതം വന്നു മരിക്കുന്ന പുരുഷന്മാരുടെ എണ്ണം നന്നായി കുറയും. കാരണം വീട്ടിലെ സ്ത്രീകൾ ഒറ്റയ്ക്ക് പുറത്തു പോയാൽ ഇന്ന് ഏറ്റവുമധികം സമ്മർദ്ദം അനുഭവിക്കുന്നത് കുടുംബത്തിലെ പുരുഷന്മാരാണ്. അതിനാൽ സ്ത്രീയ്ക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്ന സാഹചര്യമൊരുക്കിയാൽ പുരുഷന്റെ പകുതി സമ്മർദം കുറയും.

ഇരയാക്കപ്പെട്ട സ്ത്രീയെ ഇന്നു നാം കാണുന്നത് ഒരു മ്യൂസിയത്തിൽ വയ്ക്കേണ്ട കാഴ്ച വസ്തുവിനെ പോലെയാണ്. സമൂഹവും മാധ്യമങ്ങളും ഇതിൽ കുറ്റക്കാരാണ്.

*അന്തർദേശീയ വനിതാദിനത്തിൽ കേരളീയ വനിതകളോട് പറയാനുള്ളത്?*

സ്വന്തം കാലിൽ നിൽക്കുക. സ്വന്തം വ്യക്തിത്വം നിലനിർത്തുക. ഇരയാക്കപ്പെട്ട ഒരു സ്ത്രീയുണ്ടെങ്കിൽ അവളോടൊപ്പം നിൽക്കുക. അവർക്കുവേണ്ടി നിലകൊള്ളുക. അല്ലെങ്കിൽ സ്ത്രീ ശാക്തീകരണം ജീവനില്ലാത്ത ഒരു വാക്കായി അവശേഷിക്കും.

സ്ത്രീകൾക്കെതിരായി ഒരക്രമമുണ്ടായാൽ ഏറ്റവുമടുത്ത പൊലീസ് സ്റ്റേഷനിൽ എത്രയും പെട്ടെന്ന് പരാതി രജിസ്റ്റർ ചെയ്യാൻ മടിക്കരുത്. ഒരാവശ്യം വന്നാൽ വിളിക്കേണ്ട നമ്പരുകൾ വിരൽത്തുമ്പിലോ മനസ്സിലോ കരുതി വയ്ക്കുക. *(ക്രൈം സ്റ്റോപ്പർ 1090, വനിതാ ഹെൽപ്പ് ലൈൻ 1091, ഹൈവേ പൊലീസ് ഹെൽപ്പ് ലൈൻ 9846100100, റെയിൽവേ ഹെൽപ്പ് ലൈൻ- 9846 200 100, സ്വന്തം സ്ഥലത്തെ ബീറ്റ് ഓഫീസറുടെ നമ്പർ, പോലീസ് സ്റ്റേഷൻ നമ്പർ തുടങ്ങിയവ അറിഞ്ഞു വയ്ക്കുക)* ■

മേരി റോയ് / സിനി കെ. തോമസ്

# തളരാത്ത പോരാട്ടവീര്യം

**വ്യവസ്ഥിതിയെയും സാമൂഹിക സാഹചര്യങ്ങളെയും തിരുത്തി ചരിത്രത്തിന്റെ താളുകളിൽ ഇടംപിടിച്ച സാമൂഹ്യപ്രവർത്തകയാണ് മേരി റോയി. സമൂഹത്തിൽ തനിച്ചാകുമെന്നറിഞ്ഞിട്ടും അവർ നടത്തിയ പോരാട്ടം സമൂഹത്തിലെ ഒരു വിഭാഗം സ്ത്രീകൾക്ക് സാമ്പത്തിക ഭദ്രതയേകി. പുരുഷ കേന്ദ്രീകൃത സമൂഹത്തിലെ ഭരണഘടനാ വിരുദ്ധ കീഴ്‌വഴക്കങ്ങളെയും പ്രാദേശിക നിയമങ്ങളെയും മറികടന്ന് ഭരണഘടന സ്ത്രീകൾക്ക് നൽകുന്ന അവകാശങ്ങളെ പുനസ്ഥാപിച്ചു കിട്ടുന്നതിനായി അവർ നടത്തിയ നിയമ യുദ്ധം ചരിത്രത്തിൽ ഇടം നേടി. പോരാട്ടവഴിയിൽ മേരി റോയി നേരിട്ട പ്രശ്നങ്ങളും തരണം ചെയ്തരീതികളും വനിതാദിനത്തിൽ അവർ ഓർമ്മിക്കുന്നു**

*മേരി റോയ് ചരിത്രത്തിന്റെ ഭാഗമാകുന്നത് കാൽ നൂറ്റാണ്ടു നീണ്ട നിയമപോരാട്ടം വഴിയാണ്. പുരുഷ കേന്ദ്രീകൃത സമൂഹത്തിലെ കുടുംബം എന്ന സ്ഥാപനത്തിൽ നിന്ന് തുടങ്ങുന്നു ആ പോരാട്ടം. ജയിക്കുമെന്നുറപ്പില്ലാത്ത പോരാട്ടത്തിന് എന്തായിരുന്നു വഴികാട്ടി?*

ജയിക്കുമെന്ന് ഉറപ്പില്ലാത്ത പോരാട്ടം തന്നെയായിരുന്നു അത്. അങ്ങനെയൊരു ഫയർ എന്റെ ഉള്ളിൽ പ്രവേശിച്ചത് ഊട്ടിയിലെ എന്റെ പിതാവിന്റെ വീട്ടിൽ നിന്നാണ്. ആ ഫയറിനെ ഹൊറർ ഇൻ മീ എന്ന് വിശേഷിപ്പിക്കുന്നതാകും ശരി. വീട്ടിൽ നിന്ന് ഇറങ്ങണമെന്ന് ആവശ്യപ്പെടുന്നത് എന്റെ അമ്മ തന്നെയാണ്. സ്വത്തിനു വേണ്ടിയുള്ള സഹോദരന്റെ ആശങ്ക മനസ്സിലാക്കാം. പക്ഷേ പെൺകുട്ടിയായയതു കൊണ്ട് പിതാവിന്റെ സ്വത്തിന് അവകാശമില്ലെന്നും അതു കൊണ്ട് വീട്ടിൽ നിന്നിറങ്ങണമെന്നും സ്വന്തം അമ്മ ആവശ്യപ്പെടുന്നത് പറക്കമുറ്റാത്ത രണ്ടു കൊച്ചു കുട്ടികളുമായി ഭർത്തൃഗൃഹം വിട്ടുവന്ന സ്വന്തം മകളോടാണ്. സ്വന്തം അമ്മ ഇറങ്ങാൻ ആവശ്യപ്പെടുമ്പോൾ ഉണ്ടാകുന്ന ആഘാതം വലുതായിരുന്നു. അതാണ് അഗ്നിയായി കത്തിയെരിഞ്ഞത്.

*അതൊരു പോരാട്ടത്തിലെത്തിച്ചു?*

എന്നു പറയാം. പക്ഷേ പോരാട്ടം ഉടനെയുണ്ടായില്ല. സമൂഹത്തിൽ നിലനിന്ന ഒരു വലിയ അനീതിയിലേക്കും അതിന് ലഭിക്കുന്ന നിയമ പരിരക്ഷയിലേക്കും ഈ സംഭവം വിരൽചൂണ്ടിയായി. സമൂഹത്തിൽ പെൺകുട്ടികളുടെ സ്ഥാനം എന്തെന്ന് ഞാൻ തിരിച്ചറിഞ്ഞു. കേരളത്തിൽ സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങളിൽ പെൺകുട്ടികൾക്ക് സ്ഥാനമോ അവകാശമോ ഇല്ലെന്ന് തിരിച്ചറിഞ്ഞു. പുരുഷ കേന്ദ്രീകൃത സമൂഹത്തിൽ അമ്മമാർക്ക് ആൺകുട്ടികളെ മാത്രമേ സ്നേഹിക്കാൻ കഴിയൂ. കാരണം അവർ പുരുഷന്റെ തണലിലും സംരക്ഷണയിലുമാണ്. ആൺകുട്ടികളെ കാണുന്നതു പോലെ പെൺകുട്ടികളെ കാണാൻ അവർക്ക് കഴിയില്ല. പ്രത്യേകിച്ച് കേരളത്തിൽ.

*ഭർത്താവിനൊപ്പമുള്ള ജീവിതം മതിയാക്കി രണ്ടു കുഞ്ഞുങ്ങളുമൊത്ത് പിതാവിന്റെ അടുത്തേക്ക് വരുന്ന മേരി റോയ് കരുതിയിരുന്നോ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവാണ് കാത്തിരിക്കുന്നതെന്ന്?*

ഒരു പുതിയ ജീവിതം തുടങ്ങണമെന്ന് ഞാൻ ആഗ്രഹിച്ചു. ശുഭാന്തമല്ലാത്ത വിവാഹ ജീവിതം പാതി വഴിയിൽ ഉപേക്ഷിച്ച് (ഞാൻ ഡിവോഴ്സ് ചെയ്തില്ല.) തിരിച്ചു വരുമ്പോൾ ജീവിതം പൊരുതി നേടണമെന്ന് അറിയാമായിരുന്നു. പക്ഷേ പ്രതീക്ഷ ഉണ്ടായിരുന്നു. എന്റെ കുട്ടികൾക്കും ഇത് പുതിയ തുടക്കമാകും എന്നു കരുതി. ഒരു ജോലി സമ്പാദിക്കുക എന്നത് പ്രയാസമുള്ള കാര്യമായിരുന്നില്ല. പക്ഷേ തിരിച്ചുവരവ് കുട്ടികളെ വളർത്താനുള്ള ജീവിതയുദ്ധത്തിലല്ല; നിയമ യുദ്ധത്തിലാണ് എന്നെ കൊണ്ടെത്തിച്ചത്.

*പിതാവിന്റെ സ്വത്തിലുള്ള അവകാശത്തിനു വേണ്ടി വർഷങ്ങൾ നീണ്ട പോരാട്ടം അല്ലേ? നമ്മുടേതു പോലൊരു വ്യവസ്ഥിതിയിൽ ഇത്തരമൊരു പോരാട്ടം വെറുമൊരു സ്വത്തുതർക്കമായി വ്യാഖ്യാനിക്കപ്പെടാൻ സാധ്യത കൂടുതലല്ലേ? അല്ലാതൊരു പ്രതികരണം സമൂഹത്തിൽ നിന്ന് ലഭിച്ചിരുന്നോ?*

ആദ്യപോരാട്ടം സിറിയൻ ക്രിസ്ത്യൻ സ്ത്രീകൾക്ക് പിതാവിന്റെ സ്വത്തിൽ അവകാശം ലഭിക്കുന്നതിനു വേണ്ടിയായിരുന്നു. എനിക്ക് സ്വത്ത് ലഭിക്കുന്നതിനായിരുന്നില്ല. സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുമെന്ന് അറിഞ്ഞു കൊണ്ടു തന്നെയാണ് ഞാൻ പോരാടിയത്. ജയിക്കുമെന്ന് പ്രതീക്ഷയില്ലായിരുന്നു. അഥവാ ജയിക്കാൻ സുപ്രീം കോടതി വരെ പോകണമെന്ന് അറിയാമായിരുന്നു. പക്ഷേ ഞാൻ പോരാടിയത് ഭരണഘടന ഉറപ്പു നൽകുന്ന സമത്വത്തിനു



മേരി റോയ്

വേണ്ടിയായിരുന്നു. എന്റെ പോരാട്ടം സമൂഹത്തിലെ സ്ത്രീകൾക്ക് വേണ്ടിയായിരുന്നു. സ്ത്രീകൾക്കെതിരെ ഭരണഘടനാവിരുദ്ധമായി നിലനിന്ന നിയമത്തിനെതിരെയായിരുന്നു.

*ജയിക്കുമെന്ന് ഉറപ്പില്ലായിരുന്നു. പക്ഷേ കേസ് ജയിച്ചാൽ ഈ പോരാട്ടത്തിനുണ്ടാകുന്ന സാമൂഹിക പ്രസക്തി ചിന്തിച്ചിരുന്നോ?*

അനീതിക്കെതിരെ പ്രതികരിക്കുക മാത്രമാണ് അന്ന് ഞാൻ ചെയ്തത്. ഞാൻ പോരാടുന്നത് ലിംഗസമത്വത്തിനുവേണ്ടിയാണെന്ന ബോധം എനിക്ക് എന്നുമുണ്ടായിരുന്നു. സ്ത്രീ എന്ന നിലയിൽ ഞാൻ സ്വന്തം കുടുംബത്തിൽനിന്നു നേരിട്ടത് എന്റെ മാത്രം അനുഭവമായിരുന്നില്ല. ഇന്നു പോലും വളരെ യാഥാസ്ഥിതികമാണ് കേരളം. ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങളിലേക്ക് സമൂഹത്തിന്റെ ശ്രദ്ധ തിരിക്കാൻ കേസ് സഹായിച്ചു. അതിന്റെ പ്രയോജനം ലഭിച്ചത് സ്ത്രീകൾക്കാണ്. സ്ത്രീകൾക്ക് സ്വന്തം അസ്തിത്വത്തെ കുറിച്ചുള്ള ബോധം പകർന്നു നൽകുന്നതായിരുന്നു സുപ്രീം കോടതി വിധി.

*നിയമയുദ്ധം ഊട്ടിയിൽ നിന്നേ ആരംഭിച്ചില്ല എന്ന് പറഞ്ഞുവല്ലോ? കേസിലേക്ക് പോകാൻ എന്തെങ്കിലും തയാറെടുപ്പുകൾ നടത്തിയിരുന്നോ?*

തീർച്ചയായും. നിയമയുദ്ധത്തിന് ആധാരമായ സംഭവം ഉണ്ടായത് ഊട്ടിയിലാണ്. എന്നാൽ പോരാട്ടം തുടങ്ങിയത് കോട്ടയത്താണ്. ആദ്യം സ്കൂൾ തുടങ്ങി സ്വന്തം കാലിൽ നിൽക്കാനാണ് ഞാൻ ശ്രമിച്ചത്.

> ഞാൻ പോരാടുന്നത് ലിംഗസമത്വത്തിനുവേണ്ടിയാണെന്ന ബോധം എനിക്ക് എന്നുമുണ്ടായിരുന്നു. സ്ത്രീ എന്ന നിലയിൽ ഞാൻ സ്വന്തം കുടുംബത്തിൽനിന്നു നേരിട്ടത് എന്റെ മാത്രം അനുഭവമായിരുന്നില്ല. ഇന്നു പോലും വളരെ യാഥാസ്ഥിതികമാണ് കേരളം.

ഊട്ടിയിലെ കാലാവസ്ഥ എന്റെ ആരോഗ്യത്തിന് യോജിച്ചതായിരുന്നില്ല. കളത്തിപ്പടിയിൽ സ്ഥലം വാങ്ങി സ്കൂൾ സ്ഥാപിച്ചതിനു ശേഷമാണ് നിയമയുദ്ധത്തിന് ഞാൻ ഒരുങ്ങിയത്.

*പക്ഷേ കോട്ടയം പോലൊരു സ്ഥലത്ത് 40 വർഷം മുമ്പ് സ്കൂൾ തുടങ്ങി വിജയിപ്പിക്കുക എളുപ്പമാണോ? കളത്തിപ്പടി അക്കാലത്ത് ഒരു പട്ടണം പോലുമല്ലല്ലോ?*

കോട്ടയത്ത് റോട്ടറി ക്ലബിന്റെ ഹാളിൽ ഏഴ് വിദ്യാർത്ഥികളുമായി തുടങ്ങിയതാണ് എന്റെ സ്കൂൾ. ഒരു സ്ഥാപനം എന്നതിനെക്കാൾ അതൊരു ആശയമായിരുന്നു. ധാരാളം വിദ്യാർഥികളെ പ്രതീക്ഷിച്ച് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനമായിരുന്നില്ല അത്. പള്ളിക്കൂടം എന്ന പേരിൽ അത് വലുതായത് പിന്നീടാണ്. കളത്തിപ്പടി പോലെ ഗ്രാമം മാത്രമായ ഒരു സ്ഥലത്ത് സ്കൂൾ തുടങ്ങി വിജയിപ്പിക്കുക ഇപ്പോൾ പോലും എളുപ്പമല്ല. എന്റെ സ്കൂൾ ഒരു പരീക്ഷണമായിരുന്നു. റാങ്കിനും മാർക്കിനും അപ്പുറം കുട്ടികളുടെ കാഴ്ചപ്പാടും വ്യക്തിത്വവും രൂപപ്പെടുത്തുന്ന ഒരിടം. എന്നിട്ടും അഭ്യസ്തവിദ്യരും തുറന്ന കാഴ്ചപ്പാടുമുള്ള കുറച്ചുപേർ പരീക്ഷിക്കാൻ

തയ്യാറായി. എന്റെ ആശയത്തിനോട് യോജിച്ച ചില നല്ല അധ്യാപകരെ എനിക്കു കിട്ടി. സ്കൂളിന്റെ വിജയത്തിൽ അത് വളരെ പ്രധാനമാണ്.

*എങ്കിലും പള്ളിക്കുടം ഒരിക്കലേ സൃഷ്ടിക്കപ്പെട്ടുള്ളു. മറ്റൊരു ശാഖ എന്തു കൊണ്ട് തുടങ്ങിയില്ല?*

പള്ളിക്കുടം വെറുമൊരു സ്കൂളല്ല. ഒരു ഐഡിയോളജിയാണ്. പരീക്ഷയെ ഭയക്കാതെ കുട്ടികളുടെ സമഗ്ര വളർച്ച മുന്നിൽ കണ്ട് ആരംഭിച്ച സ്ഥാപനമാണത്. ബിസിനസ്സ് എന്ന രീതിയിൽ ചിന്തിച്ചിരുന്നെങ്കിൽ കൂടുതൽ സ്കൂളുകൾ ആരംഭിക്കാമായിരുന്നു. പക്ഷേ ഐഡിയോളജിയുടെ സാക്ഷാത്കാരം എന്ന നിലയിൽ ഒരു സ്കൂളിനെ നിലനിർത്തുക വളരെ പ്രയാസമാണ്. അതുകൊണ്ട് തന്നെയാണ് പല പള്ളിക്കുടം മോഡൽ സംരംഭങ്ങളും വിജയിക്കാതെ പോയതും.

കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ നിന്നായിരിക്കണം എന്നതാണ് പള്ളിക്കൂടത്തിന്റെ പ്രധാന തത്വം. രണ്ടാംക്ലാസ്സു വരെ പള്ളിക്കൂടം മലയാളം മീഡിയമാണ്. കുട്ടികൾ ഒരക്ഷരം പോലും ഇംഗ്ലീഷ് പഠിക്കുന്നില്ല. മൂന്നാം ക്ലാസ്സുമുതൽ കുട്ടികൾ ഇംഗ്ലിഷ് പഠിച്ചു തുടങ്ങുന്നതും വ്യത്യസ്ത രീതിയിലാണ്. പക്ഷേ, ഇക്കാരണത്താൽ മറ്റ് സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിച്ച് മൂന്നാം ക്ലാസ്സിൽ ഇവിടെ അഡ്മിഷൻ തേടുന്നവരുണ്ട്. ഇപ്പോൾ ആ

**കേരളത്തിലെ പുരുഷന്മാർ തറവാടിനോടും ഭൂസ്വത്തിനോടും വല്ലാത്ത അഭിനിവേശം കാട്ടുന്നു. അത് കേരളത്തിന്റെ പ്രശ്നമാണ്. അമ്മമാർ അതിനെ പ്രോത്സാഹിപ്പിക്കുന്നതായാണ് എനിക്ക് തോന്നുന്നത്.**

സ്ഥിതിക്കും മാറ്റം വന്നിട്ടുണ്ട്.

സമഗ്ര വ്യക്തിത്വ വികസനമാണ് ഞാൻ ലക്ഷ്യം വച്ചത്. ജീവിതമാർഗം കണ്ടെത്തേണ്ടത് കുട്ടികളാണ്. എന്റെ വിദ്യാർഥികളിലൊരാൾ വിദേശത്ത് വളരെ മികച്ച എഞ്ചിനീയറായിരുന്നു. ഇപ്പോൾ അത് അവസാനിപ്പിച്ച് കൃഷി ചെയ്ത് സന്തോഷമായി ജീവിക്കുന്നു. അങ്ങനെ ഏറെപ്പേരുണ്ട്. ഈ ധൈര്യമാണ് അവരുടെ വിദ്യാഭ്യാസം. സ്വന്തം മേഖല സ്വയം കണ്ടെത്തുകയാണവർ. പള്ളിക്കുടം ഒരു ഐഡിയോളജിയായതു കൊണ്ട് സംഭവിക്കുന്നതാണത്.

*പള്ളിക്കുടം സ്ഥാപിച്ചതിനു ശേഷമാണോ കേസു കൊടുക്കുന്നത്?*

അതെ. സിറിയൻ ക്രിസ്ത്യൻ സ്തീകൾക്ക് അനുകൂലമായി സുപ്രിം കോടതി വിധിയുണ്ടായതിനു ശേഷമാണ് എങ്കിൽ എനിക്ക് അവകാശപ്പെട്ട സ്വത്തെവിടെ എന്ന് അന്വേഷിച്ച് വീണ്ടും കേസു കൊടുത്തത്. അതും വർഷങ്ങൾ നീണ്ടു. അമ്മ ജീവിച്ചിരിക്കെ സ്വത്തു ഭാഗിക്കാനാവില്ല എന്നതായിരുന്നു കാരണം. 92 ാമത്തെ വയസ്സിൽ അമ്മ മരിച്ചു കഴിഞ്ഞാണ് ഞാൻ വീണ്ടും നിയമയുദ്ധത്തിനൊരുങ്ങിയത്. കോട്ടയം ജില്ലാക്കോടതി വിധിച്ചിട്ടും സ്വത്ത് ലഭിച്ചില്ല. അവസാനം ആമീനും മറ്റ് അധികാരികളും ബലമായി സ്വത്ത് ഭാഗം വച്ച് കെട്ടിടത്തിന്റെ ഭിത്തി പൊളിച്ച് അതിരുകൾ നിർണയിക്കുകയായിരുന്നു.

*നിയമപരിരക്ഷ ലഭിച്ചപ്പോൾ സമൂഹം അംഗീകരിച്ചോ കൂടുതൽ ഒറ്റപ്പെടുത്തിയോ?*

കേരളം ഇന്നും വളരെ യാഥാസ്ഥിതികമാണ്. സ്ത്രീയുടെ സമരങ്ങളും വിജയങ്ങളും ഒരു പുരുഷ കേന്ദ്രീകൃത സമൂഹം അംഗീകരിക്കില്ല. ഒരിക്കൽ സുപ്രീംകോടതി നിർത്തലാക്കിയ നിയമം പുനരാവിഷ്കരിക്കാൻ ആലോചനകളുണ്ടായി. എല്ലാം അവസാനിച്ചതായി ഞാൻ കരുതി. പക്ഷേ അതിന് അനുമതി ലഭിച്ചില്ല. കേരളത്തിലെ പുരുഷന്മാർ തറവാടിനോടും ഭൂസ്വത്തിനോടും വല്ലാത്ത അഭിനിവേശം കാട്ടുന്നു. അത് കേരളത്തിന്റെ പ്രശ്നമാണ്. അമ്മമാർ അതിനെ പ്രോത്സാഹിപ്പിക്കുന്നതായാണ് എനിക്ക് തോന്നുന്നത്. അത് ഉണ്ടാകരുത്. എന്റെ സഹോദരൻ ഞാൻ കോടതിയെ കബളിപ്പിച്ചെന്നു പറഞ്ഞ് എനിക്ക് ഇപ്പോഴും എനിക്ക് കത്തുകളയയ്ക്കുന്നു (കത്ത് കാണിക്കുന്നു). സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങളുടെ ഈ മനോഭാവം എനിക്ക് ഇനിയും മനസ്സിലായിട്ടില്ല.

*മേരി റോയിയുടെ പോരാട്ടം പുരുഷാധിപത്യത്തിനെതിരായ പോരാട്ടം കൂടിയായിരുന്നു?*

അന്നത്തെ സിറിയൻ ക്രിസ്ത്യൻ സ്തീകളുടെ അവസ്ഥ ഓർത്തു നോക്കുക. എല്ലാം സഹിച്ച് അവരും ഈ വ്യവസ്ഥിതിയുടെ സംരക്ഷകരായി. അതിന് കാരണം കുടുംബത്തിൽ നിന്ന് ലഭിക്കാതെ പോയ പിന്തുണയല്ലേ? നിയമത്തിന്റെ പരിരക്ഷ സ്ത്രീക്ക് ലഭിച്ചപ്പോൾ അതിനെതിരായി ധാരാളം ആലോചനകളുണ്ടായി ഇവിടെ. ഇന്ന് സ്ത്രീകൾക്ക് നിയമത്തിന്റെ പരിരക്ഷയുണ്ട്.

*(10 മിനിട്ട് അനുവദിച്ച സംഭാഷണം നീണ്ടുപോയി. മേരി റോയ് ക്ഷീണത്തോടെ എഴുന്നേറ്റു.) ഈ പോരാട്ടത്തിൽ എപ്പോഴെങ്കിലും തളർന്ന് പോയിട്ടുണ്ടോ?*

അവർ ചിരിച്ചു; ഇപ്പോൾ ക്ഷീണമുണ്ട്; പ്രായത്തിന്റെ തളർച്ചയുണ്ട്. പോരാട്ടത്തിനിടയിൽ ഞാൻ ഒരിക്കലും തളർന്നിട്ടില്ല.

*പെൺകുട്ടികളോട് പറയാനുള്ളത്?*

അനീതിയെ വഹിക്കേണ്ട ആവശ്യമില്ല. വിവാഹം സ്വന്തം കാലിൽ നിന്നതിനു ശേഷം മാത്രമേ ആകാവൂ. ■


## Statement about ownership and other particulars of Samakalika Janapadham Monthly

(Form IV – See rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | Mini Antony IAS |
| | Whether citizen of India | : | Yes |
| | Address | : | Director, Information and Public Relations Department, Govt. Secretariat, Thiruvananthapuram |
| 4. | Publisher's Name | : | Mini Antony IAS |
| | Whether citizen of India | : | Yes |
| | Address | : | Director, Information and Public Relations Department, Govt. Secretariat, Thiruvananthapuram |
| 5. | Editor's Name | : | Mini Antony IAS |
| | Whether citizen of India | : | Yes |
| | Address | : | Director, Information and Public Relations Department, Govt Secretariat, Thiruvananthapuram |

6. Name and Address of individual who own the newspaper Government of Kerala

I, Mini Antony, declare that the particulars given above are true to the best of my knowledge and belief.

Sd/-

Mini Antony IAS
Publisher

Thiruvananthapuram
01.03.2015

■ ഇ കെ പത്മനാഭൻ

# അരങ്ങിനെ നെഞ്ചേറ്റി ഒരു നാട് ഒഴുകിയെത്തി



സംഗീതവും ഫുട്ബോളും പോലെ നാടകവും കോഴിക്കോടിന്റെ ലഹരിയാണ്. ദീപ്തവും സമ്പന്നവുമായ നാടകചരിത്രമുള്ള ഈ നാട് കണ്ണും മനസ്സും നാടകത്തിന് പകർന്നു നൽകിയ ദിനങ്ങളായിരുന്നു അവ. 2015 ഫെബ്രുവരി 16 മുതൽ 21 വരെയുള്ള ആറ് ദിനങ്ങളിലായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരുക്കിയ ദേശീയ നാടകോത്സവം നാടകാചാര്യൻമാരുടെ കർമഭൂമിയായിരുന്ന മണ്ണ് ഹൃദയത്തിലേറ്റുവാങ്ങി. 16 ന് വൈകിട്ട് നാടകോത്സവം കൊടിയേറിയതുമുതൽ 21 ന് രാത്രി വൈകി യവനിക വീഴും വരെ പ്രധാന വേദി

## കോഴിക്കോട് ആസ്ഥാനമായി മലബാർ കൾച്ചറൽ കോംപ്ലെക്സ് ആരംഭിക്കും: മന്ത്രി കെ.സി. ജോസഫ്

കലാസാംസ്കാരിക പ്രവർത്തനങ്ങളുടെ പുനരുജ്ജീവനത്തിനും പരിപോഷണത്തിനുമായി കോഴിക്കോട് ആസ്ഥാനമായി മലബാർ കൾച്ചറൽ കോംപ്ലെക്സ് ആരംഭിക്കുമെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ്. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് നടക്കുന്ന ദേശീയ നാടകോത്സവം ടാഗോർ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോഴിക്കോട് ജില്ലയുടെ നാടക പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തനമാരംഭിക്കുന്ന തിയേറ്റർ കോംപ്ലക്സിനാവശ്യമായ സഹായങ്ങൾ നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

നാടകത്തിന്റെ നിലനിൽപ്പിനൊപ്പം അതിന്റെ ഭാവി ചർച്ചചെയ്യുക എന്ന ഒരു വലിയ പരിശ്രമത്തിന്റെ ഭാഗമായാണ് ഓരോ വർഷവും ദേശീയ നാടകോത്സവം സംഘടിപ്പിക്കുന്നത്. 1957 ലെ കേരളത്തിലെ രാഷ്ട്രീയ മാറ്റത്തിൽ കെ.പി.എ.സിയുടെ സ്വാധീനവും നമ്മുടെ നാടക പാരമ്പര്യവും വലുതാണെന്നും മന്ത്രി പറഞ്ഞു.

നാടകങ്ങൾ കേരളത്തിലെ സാമൂഹ്യ മണ്ഡലത്തിലുണ്ടാക്കിയ ചലനങ്ങൾ വലുതാണ്. കാവാലത്തിന്റെ തനത് നാടകവേദി ഇതിനു മികച്ച ഉദാഹരണമാണ്. കെ.ടി. മുഹമ്മദിന്റെ ഇത് ഭൂമിയാണ് നാടകത്തിനിടെയുണ്ടായ അതിക്രമത്തിനിടയിൽ നാടകപ്രവർത്തകർ ചോരയൊലിപ്പിച്ചുകൊണ്ട് അഭിനയിച്ചു പൂർത്തിയാക്കിയ നിരവധി വേദികൾക്ക് കേരളം സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നും മന്ത്രി ഓർമിപ്പിച്ചു. എന്നാൽ ടിവി സീരിയലുകളിലെ നടൻമാർക്ക് ലഭിക്കുന്ന പ്രതിഫലത്തിന്റെ പത്തിലൊന്ന് പോലും നാടകനടീ-നടൻമാർക്ക് ലഭിക്കുന്നില്ല. കോഴിക്കോടിന്റെ കലാസ്വാദനത്തിന്റെയും കലാപാരമ്പര്യത്തിന്റെയും തെളിവുകളായി പി.എം. താജ്, തിക്കോടിയൻ, കുതിരവട്ടം പപ്പു, ശാന്താദേവി തുടങ്ങി നിരവധി പ്രമുഖരുടെ നിരതന്നെ നമുക്ക് മുമ്പിലുണ്ടെന്നും മന്ത്രി പറഞ്ഞു.



**ദേശീയ നാടകോത്സവത്തിന് സാംസ്കാരിക വകുപ്പു മന്ത്രി കെ.സി.ജോസഫ് തിരി തെളിക്കുന്നു**

യായ ടാഗോർ സെന്റിനറി ഹാൾ അങ്കണം ഉത്സവപ്പറമ്പുപോലെ ജനനിബിഡമായി. യവനിക ഉയരുന്നതിന് മണിക്കൂർ മുമ്പ് തന്നെ ഓഡിറ്റോറിയങ്ങൾക്കു മുമ്പിൽ നാടകപ്രേമികൾ കാത്തുനിൽക്കുന്ന കാഴ്ച കോഴിക്കോടിന്റെ മഹിതമായ നാടകപാരമ്പര്യത്തിന്റെ സാക്ഷ്യമായി.

വൈകിട്ട് 4 മണി മുതൽ 3 വേദികളിലായി മൂന്ന് നാടകങ്ങളാണ് ദിവസവും അരങ്ങിലെത്തിയത്. ഒരു വേദിയിൽ നിന്ന് അടുത്തതിലേക്ക് ഓരോ നാടകം കഴിയുമ്പോഴും ആസ്വാദകർ ഒഴുകി. നിറഞ്ഞുകവിഞ്ഞ സദസ്സിൽ ഇടംകിട്ടാതെ പലപ്പോഴും അനേകർക്ക് തറയിൽ ഇരുന്നും ഇടനാഴിയിൽ നിന്നും നാടകം കാണേണ്ടി വന്നു. അപ്പോഴും ഒരാൾപോലും അസ്വസ്ഥനായില്ല. എവിടെയും അപശബ്ദമുയർന്നില്ല. അനിയന്ത്രിതമായ ആസ്വാദകസഹസ്രം അരങ്ങിലെ കലാകാരൻമാർക്ക് ഊർജപ്രവാഹമായി. ഇന്ത്യയുടെ വിവിധ നാടുകളിൽ നിന്നെത്തിയ നാടക സംഘങ്ങൾക്ക് അത്ഭുതകരമായ അനുഭവമായി. മണിപ്പൂരിയും ബംഗാളിയും തെലുങ്കും പഞ്ചാബിയും ഹിന്ദിയുമെല്ലാം ഒരുപോലെ അവർ ആസ്വദിച്ചു. സംസാരഭാഷയുടെ പരിമിതികൾ അരങ്ങുഭാഷയുടെ ഔന്നത്യവും ദൃശ്യാവതരണത്തിന്റെ മികവും കൊണ്ട് അപ്രസക്തമായി. അരങ്ങിലെ രസാനുഭവങ്ങൾ നടീനടന്മാരുടെ ശരീരഭാഷകളിലൂടെ പ്രേക്ഷകരുടെ ഹൃദയത്തിലെത്തി. അഭിനയത്തികവിന്റെ അവാച്യനിമിഷങ്ങളെ സദസ്സ് ആരവങ്ങളോടെ സ്വീകരിച്ചു. മികച്ച അവതരണങ്ങൾക്ക് ഒടുവിൽ സദസ്യർ ഒന്നാകെ എഴുന്നേറ്റ് നിന്ന് കരഘോഷം മുഴക്കി അഭിനന്ദിക്കുന്ന കാഴ്ചകൾ നാടകത്തെ നെഞ്ചേ



**ജലം**

റ്റുന്ന ഒരു ജനതയുടെ ആത്മഹർഷമായി മാറി.

നാടക അവതരണത്തിനായി നിരവധി തവണ കേരളത്തിലെത്തിയ സംഘങ്ങൾക്കും കോഴിക്കോട്ടുകാരുടെ ഈ നാടകാഭിനിവേശം ആഹ്ളാദവും ആശ്ചര്യവുമുണർത്തുന്നതായി. നാടകം കാണാൻ മാത്രമല്ല, അരങ്ങിന്റെ അനുഭവങ്ങൾ പങ്കുവെക്കാനും ചർച്ച നടത്താനുമെല്ലാം ഈ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ദിവസവും കാലത്ത് മുതൽ നടന്ന മുഖാമുഖവും നാടക രംഗത്തെ ചരിത്രവും പുതിയ കാലത്തിലെ പ്രവണതകളും ചർച്ച ചെയ്ത സെമിനാറുകളുമെല്ലാം പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

സ്ത്രീകളുടെ സജീവ സാന്നിധ്യമാണ് കോഴിക്കോടിന്റെ ഏറ്റവും വലിയ സവിശേഷതയായി മണിപ്പൂരി സംഘത്തിലെ ഡോ. തനിൻ ലീമ കണ്ടത്. ഇത്ര സജീവമായ സദസ്സ് തന്നെ ആവേശഭരിതയാക്കിയെന്ന് അവർ പറഞ്ഞു. ഭാഷ അറിയാതിരുന്നിട്ടും സദസ്യർ ഒന്നാകെ നാടകം കണ്ട് ആസ്വദിക്കുന്നുവെന്നത് അപൂർവമായ ഒരനുഭവമാണ്. മലയാള നാടകസംഘങ്ങളിൽ വിവിധ തലമുറകളിൽപ്പെട്ടവർ നാടകത്തിനായി ഒന്നിച്ച് പ്രവർത്തിക്കുന്നുവെന്നത് മറ്റിടങ്ങളിൽ ഏറെയൊന്നും കാണാനാവാത്തതാണെന്നും അവർ പറഞ്ഞു.

ബുദ്ധിജീവികളും നാടകപ്രവർത്തകരും മാത്രമല്ല സാധാരണക്കാരായ തൊഴിലാളികളും കച്ചവടക്കാരും വീട്ടമ്മമാരുമെല്ലാം നാടകം കാണാൻ ഒഴുകിയെത്തിയ അനുഭവം ദ ഉജ്ജഗർ ഡ്രമാറ്റിക് അസോസിയേഷൻ നാടകസംഘത്തിലെ സഹിൽ അഹുജയും എടുത്തുപറഞ്ഞു. പുതുതലമുറയുടെ സജീവസാന്നിധ്യം കോഴിക്കോട് നാടകോത്സവത്തിന്റെ എടുത്തുപറയേണ്ട പ്രത്യേകതയായി ദില്ലി നാഷണൽ സ്കൂൾ ഓഫ് ഡ്രാമ റിപ്പർട്ടറി സംവിധായകൻ ഡോ. വാമൻ കേന്ദ്ര നിരീക്ഷിക്കുന്നു. പരീക്ഷണനാടകമായിട്ടും തങ്ങളവതരിപ്പിച്ച സൈക്കോസിസ് കോഴിക്കോട്ടുകാർ ഇരുകൈയും നീട്ടി സ്വീകരിച്ചത് വലിയ പ്രചോദനമായി മാറിയെന്ന ആവേശമായിരുന്നു ഹൈദരാബാദ് സംഘത്തിലെ ദിപ് ജ്യോതിക്ക് പങ്കുവെക്കാനുണ്ടായിരുന്നത്.

നാടകോത്സവം ഉണർത്തിവിട്ട ആവേശം മലയാള നാടകവേദിക്ക് നവോന്മേഷം പകരുമെന്ന പ്രതീക്ഷയാണ് പ്രമുഖ നാടകപ്രവർത്തകനും ബ്യാരി സിനിമയിലൂടെ ദേശീയ അവാർഡ് ജേതാവുമായ കെ പി സുവീരൻ പ്രകടിപ്പിച്ചത്. തിരുവനന്തപുരം അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് സമാനമായ ജനപങ്കാളിത്തവും ഉത്സവപ്രതീതിയുമായി നാടകോത്സവം എല്ലാക്കാലത്തേയും മികച്ച നിലവാരത്തിലേക്ക് ഉയർന്നു. മലയാള നാടകവേദിയുടെ ഭാവി പ്രതീക്ഷാനിർഭരം തന്നെയാണെന്നതിന്റെ തെളിവാണ് കോഴിക്കോട്ടെ സജീവമായ അരങ്ങുകളെന്നും സുവീരൻ അഭിപ്രായപ്പെട്ടു. ■


■ **എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹികനീതി വകുപ്പു മന്ത്രി




# സാംസ്കാരിക പ്രതിഫലനം

ദേശീയ നാടകോത്സവത്തിന് വേദിയാകാൻ കിട്ടിയ അപൂർവ അവസരത്തെ കോഴിക്കോട്ടെ നാടകപ്രേമികളും പ്രവർത്തകരും ആസ്വാദകരും ഹൃദയംകൊണ്ട് സ്വീകരിച്ചു. പ്രൗഢമായ നാടക പാരമ്പര്യം മലബാറിനുണ്ട്. അത് കേരളത്തിന്റെ സാമൂഹ്യവും സാംസ്കാരികവുമായ നവോത്ഥാനത്തോട് വേർപിരിയാനാവാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നതാണ്. കേരളത്തിന്റെ ചരിത്രഗതി പോലും മാറ്റിയ നാടകകൃത്തുക്കൾക്ക് ജന്മം നൽകാൻ മലബാറിനു കഴിഞ്ഞു. നവോത്ഥാന കാലത്തും നവോത്ഥാനാനന്തര കാലത്തും അമൂല്യ സംഭാവന നൽകാൻ മലബാർ നാടകവേദിക്ക് സാധ്യമായി.

നാഷനൽ തിയേറ്റർ ഫെസ്റ്റിവൽ എന്ന് പറയുമ്പോൾ അത് വളരെ ബൃഹത്തായ ഇന്ത്യൻ തിയേറ്ററിന്റെ പരിഛേദം ആകണമെന്ന് പൊതുവേ എല്ലാവരും പ്രതീക്ഷിക്കും. എന്നാൽ ഇന്ത്യൻ നാനാത്വം പോലെ തന്നെയാണ് ഇന്ത്യൻ നാടകവേദിയുടെ വൈപുല്യമാർന്ന നാനാത്വവും. അതുകൊണ്ടുതന്നെ ഇത്രയും വൈവിധ്യമായ തിയേറ്റർ സംസ്കാരം പുലർത്തുന്ന ഇന്ത്യൻ നാടകവേദിയുടെ യഥാർഥ പ്രാതിനിധ്യം പലപ്പോഴും ഫെസ്റ്റിവലുകൾക്ക് ഉണ്ടാവണം എന്നില്ല. ഭാഷ, സംസ്കാരം, രാഷ്ട്രീയം, ഫോക്ക്‌ലോർ, പ്രാദേശികത്തനിമകൾ ഒക്കെ തികച്ചും പ്രാദേശികമായ തിയേറ്റർ സംസ്കാരം തന്നെ ഇന്ത്യയിൽ രൂപപ്പെടുത്തിയിട്ടുണ്ട്.

സ്വാതന്ത്ര്യ സമരകാലത്ത് കൽക്കത്തയായിരുന്നു ഇന്ത്യൻ തിയേറ്റർ പ്രസ്ഥാനത്തിന്റെ ആസ്ഥാനം. പ്രൊസീലിയർ തിയേറ്റർ എന്ന ആ പ്രസ്ഥാനം ഇന്നില്ല. പകരം സമകാലിക നാടക പ്രസ്ഥാനങ്ങൾ നിരവധി പരിവർത്തനങ്ങളോടെ രൂപമെടുത്തു. പ്രൊസീലിയർ ശൈലി മാറിയിട്ട് പുതിയ വേദികൾ തേടുന്ന നാടകവേദി തന്നെ രൂപമെടുത്തു. അവയുടെ വൊക്കാബുലറി വ്യത്യസ്തമാണ്. ഇഡിയം വ്യത്യസ്തമാണ്. ഭാഷ വ്യത്യസ്തമാണ്. അൽക്കാസി പോലെയുള്ളവരുടെ അദ്ഭുതപ്പെടുത്തുന്ന



റിക്ഷാ അമാസങ് നങ്മെ

സ്വാധീനം അതിലുണ്ടായി. കൃത്യവും ശാസ്ത്രീയവുമായ നിലപാടുകൾ സമകാലിക നാടകങ്ങൾ സ്വീകരിച്ചുവെന്ന് നമുക്ക് കാണാൻ കഴിയും. അവ നിരന്തര പരീക്ഷണങ്ങൾക്ക് വിധേയമാണ്.

ചരിത്രപരമായ പരിപ്രേക്ഷ്യത്തിൽ ഇന്ത്യൻ നാടകത്തെ വിലയിരുത്തുമ്പോഴും ആധുനിക നാടക പ്രസ്ഥാനങ്ങൾക്ക് പ്രസക്തി വർദ്ധിക്കുകയാണ്. രത്തൻ തെയ്യത്തിനെയും കാവാലത്തിനെയും പോലുള്ള മഹാപ്രതിഭകൾ തനത് സാംസ്കാരിക പാരമ്പര്യത്തിന്റെ പ്രയോക്താക്കളായ ജീവിച്ചിരിക്കുന്ന നാടകാചാര്യന്മാരാണ്. ഏതെങ്കിലും സാംസ്കാരിക ഫ്രെയ്മിനുള്ളിൽ തിയേറ്ററിനെ അവർ ഒതുക്കിയില്ല.


ദേശീയ നാടകോത്സവത്തിലേക്കുള്ള തെരഞ്ഞെടുപ്പ് ഒരു ക്യൂറേറ്റോറിയൽ പ്രോസസ്സിലൂടെ കടന്നുവന്നാൽ മാത്രമേ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമാവുകയുള്ളൂ. അവയെ വേണ്ടരീതിയിൽ പൊസിഷൻ ചെയ്യണം. ഓരോ നാടകത്തിന്റെയും തെരഞ്ഞെടുപ്പിന് ഓരോ കാരണം ഉണ്ടാവും. എന്തുകൊണ്ട് എന്നുള്ളത് ഒരു ചിന്താപദ്ധതിക്ക് (തോട്ട് പ്രോസസ്) വിധേയമാണ്. ഇന്ത്യൻ നാടകവേദി പരിവർത്തനത്തിന്റെ ശക്തമായ ഒരു ദിശയിലെത്തിയ ഈ സന്ദർഭത്തിൽ മാസ്റ്റേഴ്സിന്റെ നാടകത്തിന് പ്രസക്തിയേറെയുണ്ട്. വരും വർഷങ്ങളിൽ പാരമ്പര്യ നാടകവേദിയെ വിസ്മരിക്കാതെ തന്നെ കൂടുതൽ കൂടുതൽ സമകാലിക നാടകങ്ങളുടെ അവതരണത്തിനായിരിക്കും നാടകപ്രേമികൾ കാതോർക്കുക. ഇന്നിന്റെ ചലനങ്ങൾ, ഇന്നിന്റെ ചിന്തകൾ ഇന്നിന്റെ വൊക്കാബുലറിയും ഇഡിയവും ഒക്കെച്ചേർന്ന് അർഥപൂർണമായ അവതരണ വേദികൾ നമുക്കുണ്ടാവണം. കേവലം അനുഷ്ഠാനം പോലെയോ പൂരം കൊണ്ടാടും പോലെയോ അല്ലാതെ ആസ്വാദനവും, ചിന്തയും ചർച്ചയും സംർഗാത്മക സംവാദവും അവ ഉണർത്തിവിടണം.

കോഴിക്കോടിന്റെ പ്രാദേശികത്തനിമയെ, സാംസ്കാരികതയെ, തിയേറ്റർ പാരമ്പര്യത്തെ ബഹുമനിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ജില്ലാ നാടകോത്സവം ദേശീയോത്സവത്തിന് മുന്നോടിയായി സംഘടിപ്പിച്ചത് പുതുമയാണ്. വലിയ ഒരു സംസ്കാരത്തോടുള്ള ആദരവാണ്. കോഴിക്കോടിന്റെ തിയേറ്റർ സംസ്കാരം ഷോകേസ് ചെയ്യാനുള്ള അവസരവുമായി.

ആർട്ടിസ്റ്റിക് റിസർജൻസ് ലക്ഷ്യമാക്കിയ കലാപരമായ തീരുമാനങ്ങളിലൂടെയുള്ള ഇത്തരം ഫെസ്റ്റിവലുകൾ പ്രാദേശിക സംസ്കാരങ്ങളുടെ ഉറച്ച കയ്യൊപ്പുകൾ ചാർത്താനും മാറ്റങ്ങളെ ആവാഹിച്ച് അവതരിപ്പിക്കാനും കെൽപ്പുള്ളതാവണം. കേരളീയ പാരമ്പര്യ നാടകാസ്വാദന ശീലം പലപ്പോഴും സെൻസിബിലിറ്റിയെ അറ്റാക്ക് ചെയ്യാൻ അനുവദിക്കുന്നതല്ല. കാരണം അവർ പലപ്പോഴും ശീലങ്ങളുടെ തടവുകാരാണ്. അതുകൊണ്ടുതന്നെ അസ്വസ്ഥത കാണിക്കും. ഫെസ്റ്റിവലുകൾ അങ്ങനെയുള്ള അസ്വസ്ഥതകളുടെ വേദികളാവാതെ വ്യത്യസ്തമായ നല്ല നാടകങ്ങളുമായി പുതിയ ചെറുപ്പക്കാർ സർഗാത്മക മനസ്സോടെ നമ്മുടെ മുന്നിലെത്തുമ്പോൾ അവരെ പ്രോത്സാഹിപ്പിക്കുക എന്നത് നമ്മുടെ സാംസ്കാരിക ഉത്തരവാദിത്തമാണ്. ഓരോ ഫെസ്റ്റിവലും തിയേറ്റർ സംസ്കാരത്തിന് പുതിയ ഈടുവയ്പാകണം. ഫെസ്റ്റിവൽ കഴിഞ്ഞാൽ ഈ ഫെസ്റ്റിവൽ എന്തു സമ്മാനിച്ചു എന്ന കണക്കെടുപ്പിൽ ഇന്ത്യൻ നാടക വേദിയുടെ ചലനാത്മക മുഖം അതിന്റെ വൈവിധ്യത്തോടെയും സൗന്ദര്യത്തോടെയും അനുഭൂതിയുടെ ഉന്മാദത്തോടെയും ആസ്വാദകരിൽ ഉണ്ടാവണം. ■



മൊമെന്റ് ജസ്റ്റ് ബിഫോർ ഡത്ത് എന്ന നാടകത്തിൽ നിന്ന്



ഗബർഗി ചോർ



എ. വിൻസന്റ്
(1928 – 2015)

# ചരിത്രത്തിനൊപ്പം ചില മായാചിത്രങ്ങൾ

ഛായാഗ്രാഹകൻ, സംവിധായകൻ എന്നീ നിലകളിൽ മായാത്ത മുദ്രകൾ പതിപ്പിച്ചാണ് അലോഷ്യസ് വിൻസന്റ് എന്ന സിനിമാലോകത്തിന്റെ വിൻസന്റ് മാഷ് കഴിഞ്ഞ ഫെബ്രുവരി 25-ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്. വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രേമാതുരയായ യക്ഷി ഭാർഗവിക്കുട്ടിയുടെ കഥ പറഞ്ഞ ഭാർഗവീനിലയം, ഭീതിയുണർത്തുന്നതിനുപകരം പ്രേക്ഷകരുടെ കണ്ണുനനയിക്കുന്ന അനശ്വര പ്രണയകഥയായി വെള്ളിത്തിരയിലെത്തിയപ്പോൾ അതിനെ സമാനതകളില്ലാത്ത ചലച്ചിത്രക്ളാസിക്കാക്കി മാറ്റിയത് വിൻസെന്റിന്റെ സംവിധാനമികവു കൂടിയായിരുന്നു.

1928-ൽ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന കോഴിക്കോട് ജനിച്ച വിൻസന്റ് ചെറുപ്പത്തിൽതന്നെ ഛായാഗ്രാഹകകലയോട് അഭിനിവേശം പുലർത്തിയിരുന്നു. ഈ അടങ്ങാത്ത തൃഷ്ണ അദ്ദേഹത്തെ മദ്രാസിലെ കേൾവികേട്ട ജമിനി സ്റ്റുഡിയോവിലെത്തിച്ചു. അവിടെ പ്രശസ്ത ഛായാഗ്രാഹകനായിരുന്ന കമൽ ഘോഷിന്റെ കീഴിൽ ഛായാഗ്രഹണത്തിന്റെ സൂക്ഷ്മതലങ്ങൾ കരതലാമലകമാക്കിയ വിൻസന്റ് നിരവധി തമിഴ്, തെലുങ്ക് സിനിമകൾക്ക് ക്യാമറ ചലിപ്പിച്ചു. താമസിയാതെ മാതൃഭാഷയിലെ സിനിമകളിലേക്ക് തിരിഞ്ഞു. ചുരുങ്ങിയ കാലയളവിൽതന്നെ തെക്കേയിന്ത്യയിലെ ഏറ്റവും തിരക്കേറിയ ഛായാഗ്രാഹകരിലൊരാളായി മാറാൻ അദ്ദേഹത്തിനു കഴിഞ്ഞു. ക്യാമറയുടെ സ്ഥാനം, ആംഗിളുകൾ എന്നിവയിൽ ധീരമായ ചുവടുവെയ്പുകളാണ് അദ്ദേഹം നടത്തിയത്. പിൽക്കാലത്തു കടന്നുവന്ന പല പുതുതലമുറ ഛായാഗ്രാഹകർക്കും നിത്യപ്രചോദനമാകാൻ വിൻസന്റ് മാഷിനു കഴിഞ്ഞു.

വിൻസന്റ് മാഷെക്കുറിച്ചു ഓർക്കുമ്പോൾ ഭാർഗവീനിലയത്തെക്കുറിച്ചു തന്നെയാകും ആദ്യം ഓർമ വരിക. സംവിധായകനെന്ന നിലയിലുള്ള ആദ്യചിത്രം തന്നെ അവിസ്മരണീയമാക്കാൻ കഴിഞ്ഞു. ബേപ്പൂർ സുൽത്താന്റെ മാന്ത്രികവശ്യത തുളുമ്പുന്ന കഥയ്ക്ക് പക്ഷെ ക്യാമറ ചലിപ്പിച്ചത് വിൻസന്റ് മാഷല്ല, ഭാസ്കർ റാവുവാണ്. പി. ഭാസ്കരന്റെയും ബാബുരാജിന്റെയും കൂട്ടുകെട്ടിൽ പിറന്ന ഇതിലെ പ്രണയ, വിരഹ ഗാനങ്ങൾ ഇന്നും മലയാളിയുടെ ചുണ്ടിൽ തങ്ങിനിൽക്കുന്നു.

മുപ്പതോളം സിനിമകൾ മലയാളത്തിൽ എ. വിൻസന്റ് സംവിധാനം ചെയ്തു. എം.ടി വാസുദേവൻ നായരുടെ ക്ളാസിക് രചനയായ മുറപ്പെണ്ണ്, നദി, തുലാഭാരം, ഗന്ധർവക്ഷേത്രം, അശ്വമേധം, അച്ചാണി, ത്രിവേണി, നഗരമേ നന്ദി തുടങ്ങി വിജയം വരിച്ച നിരവധി ചിത്രങ്ങൾ അവയിലുണ്ട്. ആ കാലത്തെയും സാമൂഹികപ്രശ്നങ്ങളെയും സംബോധന ചെയ്ത ചിത്രങ്ങളായിരുന്നു അവയെല്ലാം. ■

ഗോപി നാരായണൻ



# ഇതിഹാസ വഴിയിൽ

## ഖസാക്കിന്റെ ഇതിഹാസത്തിലൂടെ മലയാള സാഹിത്യത്തിൽ നവഭാവുകത്വത്തിന് വഴിതുറന്ന ഒ.വി വിജയൻ ഓർമയായിട്ട് ഒരു ദശകം പിന്നിടുന്നു

## (1930 – 2005)



പരിചയപ്പെട്ട അന്നുമുതൽ എനിക്ക് ഏട്ടനും ഏടത്തിയുമായിരുന്നു ഒ.വി. വിജയനും പത്നി തെരേസാ വിജയനും. ഏട്ടൻ കടന്നുപോയിട്ട് പത്തു വർഷമായെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ആ സാന്നിധ്യം മലയാളി ഇന്നും വായനയിലൂടെ അനുഭവിക്കുന്നുണ്ട്. ആ രചനകളിലൂടെ അദ്ദേഹത്തിന്റെ പ്രസക്തി അറിയുന്നു. എങ്കിലും എനിക്ക് ആ നഷ്ടം നികത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കാരണം കൃതികളേക്കാളേറെ ഒ.വി.വിജയൻ എന്ന വ്യക്തിയുമായിട്ടാണ് ഞാൻ അടുത്തത്. നിഴൽപോലെ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ആ കാലം ജീവിതത്തിൽ കിട്ടിയ ധന്യനിമിഷങ്ങളായിരുന്നു. ഗൃഹപാഠങ്ങൾ ചെയ്യാത്തതിന് ശകാരിക്കുന്ന ഗുരുവായും നേർവഴി ഉപദേശിക്കുന്ന അച്ഛനായും ഭാവി പ്രവചിക്കുന്ന ജ്യോതിഷിയായും ഏട്ടൻ എന്റെ മുന്നിൽ അവതരിക്കാറുണ്ട്. പ്രകൃതിയും അതിലെ ചരാചരങ്ങളും വിജയന് ജീവവായുപോലെയായിരുന്നു. ആ സാന്നിധ്യത്തിനുവേണ്ടിയാണ് അദ്ദേഹം പുസ്സി (വളർത്തുപൂച്ച) യെ ഓമനിച്ചത്. കൂമൻകാവും അറബിക്കുളവും അപ്പുക്കിളിയും മുങ്ങാംകോഴിയുമൊക്കെ അദ്ദേഹം പ്രകൃതിയിൽനിന്ന് കടഞ്ഞെടുത്ത കഥാപാത്രങ്ങളാണ്. കരിമ്പനകളെപോലും അദ്ദേഹം കഥാപാത്രങ്ങളാക്കി. ഇന്ന് മാതൃഭാഷയും പുഴയും മണ്ണും പർവതങ്ങളും നശിക്കുന്നതു കാണുമ്പോൾ ആ ആത്മാവ് കരയുകയാവും.

ജീവിച്ചിരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ ഹൃദയം അസ്വസ്ഥതകൾ പുകയുന്ന ഒരു ഞെരിപ്പോടായിരുന്നു. മകനെ മലയാളം പഠിപ്പിക്കാൻ കഴിയാത്തത് വലിയൊരു അപരാധമായി ഏട്ടന് തോന്നിയിരുന്നു. മകൻ മലയാളത്തിലുള്ള ഖസാക്കിന്റെ ഇതിഹാസം വായിച്ചിട്ടില്ല. അതുകൊണ്ടുതന്നെ മലയാളിക്ക് ഒ.വി.വിജയൻ ആരായിരുന്നുവെന്ന് മക അറിഞ്ഞുവോ? ബന്ധങ്ങളെ കൂട്ടിയിണക്കാൻ കഴിഞ്ഞതുപോലെ സംസ്കാരങ്ങളെ കൂട്ടിയിണക്കാൻ കഴിയില്ലെന്ന് അദ്ദേഹം മനസ്സിലാക്കാൻ വൈകി.

ഒ.വി വിജയൻ ആദ്യമായി എഴുതിയ കഥ ഇംഗ്ലീഷിലായിരുന്നു. 'ഫാദർ ഗോൺസാൽവെസ്' എന്ന ശീർഷകത്തിലെഴുതിയ ആ കഥ ഭാഷയുടെ ഒഴുക്ക് എവിടെയൊക്കെയോ തടഞ്ഞുനിന്നതുമൂലം പൂർത്തീകരിക്കാനായില്ല. അന്യന്റെ ഭാഷ, അന്യന്റെ അനുഭവം, അന്യന്റെ ചരിത്രം-ഈ തിരിച്ചറിവ് ഉണ്ടായ നിമിഷം പേന അടച്ചുവച്ച് ഒരു തീരുമാനമെടുത്തു; ഇനി കഥയെഴുതുന്നുണ്ടെങ്കിൽ അത് മലയാളത്തിൽ മാത്രം. 'പറയൂ ഫാദർ ഗോൺസാൽവെസ്' എന്ന കഥയുടെ ജനനം അങ്ങനെയായിരുന്നു. അതിൽപ്പിന്നെ ഇംഗ്ലീഷിലേക്കു തിരിഞ്ഞു നോക്കിയിട്ടേയില്ല. അക്കാലത്ത് മലയാളം അദ്ദേഹത്തിന് അത്ര വഴങ്ങുന്ന ഭാഷയായിരുന്നില്ല. വീട്ടിൽ എല്ലാവരും വിദ്യാഭ്യാസം നേടിയിരുന്നതുകൊണ്ട് അവർ പരസ്പരം സംസാരിച്ചിരുന്നത് ഇംഗ്ലീഷിലായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ഒന്നാംറാങ്കോടെ വിജയിച്ച ഒരാൾക്ക് മലയാളത്തിൽ ഇത്തിരി കോട്ടം സംഭവിക്കുക സ്വാഭാവികം മാത്രം. ആദ്യകഥയിൽ ആ കോട്ടം ഏറെക്കുറെ പ്രകടമായിരുന്നു. മലയാളത്തിലെ പദപരിമിതികളെ തരണം ചെയ്യാൻ താൻ കഠിനാധ്വാനം ചെയ്തിട്ടുണ്ടെന്ന് യാതൊരു മടിയുംകൂടാതെ അദ്ദേഹം പറഞ്ഞിട്ടുണ്ട്.

“മലയാളം ഒരു പിന്നോക്ക ഭാഷയല്ല, ഒരു ഭാഷയും പിന്നോക്ക ഭാഷയല്ല. അലസമനസ്സുകൾ മാത്രമാണ് പിന്നോക്കാവസ്ഥയ്ക്കു കാരണം. ” അദ്ദേഹം ഒരിക്കൽ പറഞ്ഞു.

ഭാഷയുടെ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് കണ്ടെത്തിയ എഴുത്തുകാരനാണ് അദ്ദേഹം. ഓരോ വാക്കും ഓരോ അനുഭവമാണ് പകരുന്നത്. അത് കാലത്തെ അതിജീവിക്കുന്നതാണെന്ന് തെളിഞ്ഞിരിക്കുകയാണ് ഖസാക്കിന്റെ സ്വീകാര്യത തലമുറകൾ മറികടക്കുമ്പോൾ. കവിതയും ഗദ്യവും സമന്വയിക്കുന്ന സംഗമതീരങ്ങളിലൂടെ യാത്രചെയ്യുന്ന അനുഭൂതിയാണ് വായനക്കാരനുണ്ടാവുക. ഖസാക്കിന്റെ ഇതിഹാസം പാലക്കാടൻ ഗ്രാമജീവിതത്തിന്റെ സ്വാഭാവികത ചോർന്നുപോകാത്ത ആഖ്യാനം മാത്രമായി ആരും കരുതുന്നില്ല. അതൊരു മിത്തായിട്ടാണ് അംഗീകരിക്കപ്പെടുന്നത്. ഭാഷയും ഭാവനയും ചേർന്നാണ് ആ മിത്തിന് രൂപം നൽകിയിട്ടുള്ളത്.

ഭാഷയുടെ തരാതരം മനസ്സിലാക്കിയ എഴുത്തുകാരനാണ് വിജയൻഎന്ന് ഒരവസരത്തിൽ പണ്ഡിതനായ കവി ഒ.എൻ.വി. കുറുപ്പ് അഭിപ്രായപ്പെട്ടത് 'കടൽതീരത്ത്' എന്ന കഥയിലെ വെള്ളായിയപ്പന്റെ ഭാഷയെ ഉദ്ധരിച്ചുകൊണ്ടായിരുന്നു. വെള്ളായിയപ്പന്റെ അപരിഷ്കൃത ഭാഷയും ആൽമരത്തിന്റെ (മധുരം ഗായതി) ദേവഭാഷയും രമയുടെ (പ്രവാചകന്റെ വഴി) കുലീന ഭാഷയും രവിയുടെ തത്ത്വഭാഷയും അപ്പുക്കിളിയുടെ പൊട്ടഭാഷയും (ഖസാക്കിന്റെ ഇതിഹാസം) സൃഷ്ടിച്ചെടുക്കുമ്പോൾ അവിടെ കാണാനാവുക കേവല മർത്യഭാഷയുടെ സുതാര്യതയാണ്.

ഊട്ടുപുലായ്ക്കൽ വേലുക്കുട്ടി വിജയൻ എന്ന ഒ.വി വിജയൻ 1930 ജൂലായ് രണ്ടിന് പാലക്കാട് ജനിച്ചു. പാലക്കാട് വിക്ടോറിയ കോളേജിലും മദ്രാസ് പ്രസിഡൻസി കോളേജിലുമായുള്ള വിദ്യാഭ്യാസത്തിനുശേഷം പത്രപ്രവർത്തകനായും കാർട്ടൂണിസ്റ്റായും ദൽഹി ജീവിതം. ശങ്കേഴ്സ് വീക്കിലി, സ്റ്റേറ്റ്സ്മാൻ, ദി ഹിന്ദു എന്നീ പത്രങ്ങളിലൊക്കെ അദ്ദേഹത്തിന്റെ ചിന്തോദ്ദീപകമായ കാർട്ടൂണുകൾ പ്രത്യക്ഷപ്പെട്ടു. 1969-ലാണ് മലയാള നോവലിന്റെ പാത അടിമുടി മാറ്റിമറിച്ച ഖസാക്കിന്റെ ഇതിഹാസം പ്രസിദ്ധീകരിക്കുന്നത്. പിന്നീട് ധർമപുരാണം, മധുരംഗായതി, പ്രവാചകന്റെ വഴി, ഗുരുസാഗരം, തലമുറകൾ തുടങ്ങിയ ഏറെ ചർച്ച ചെയ്യപ്പെട്ട നോവലുകൾ. കടൽത്തീരത്ത് പോലുള്ള കഥകളും ഇന്നും വായനക്കാർക്ക് തീവ്രാനുഭവം പകരുന്നു. ഖസാക്കുൾപ്പെടെയുള്ള നോവലുകൾ ഇംഗ്ളീഷിലും പരിഭാഷകൾ ഉണ്ടായി. പദ്മഭൂഷൺ, കേന്ദ്ര, കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, സംസ്ഥാന സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരം എന്നിവ നേടി. 2005 മാർച്ച് 30-ന് അന്തരിച്ചു. ■

അരവിന്ദ്

# അപ്രത്യക്ഷമാകുന്ന നിലാവുള്ള രാത്രികൾ



**നാ**ളെ മുതൽ മാനത്ത് അമ്പിളിമാമനില്ലെങ്കിൽ...? നിലാവില്ലാത്ത ആ രാത്രികൾ യാഥാർഥ്യമാകുന്ന സമയം അതിവിദൂരമല്ല. ചക്രവാളത്തിൽ സൂര്യനസ്തമിക്കുമ്പോൾ തെളിയുന്ന ആ ചന്ദ്രകല അധികകാലമുണ്ടാകില്ലെന്ന് മുന്നറിയിപ്പ് നൽകുന്നു നമ്മുടെ ബഹിരാകാശ ശാസ്ത്രജ്ഞർ. കാലം കഴിയുന്തോറും ഭൂമിയിൽ നിന്ന് അകന്നു പോകയാണ് നമ്മുടെ സ്വന്തം ഉപഗ്രഹം. 450 കോടി വർഷങ്ങൾക്ക് മുൻപ് ഭൂമിയിൽ നിന്നുള്ള ദൂരത്തേക്കാൾ 18 മടങ്ങ് അകലെയാണ് ഇപ്പോൾ ചന്ദ്രൻ. ഈ നില തുടർന്നാൽ സൗരയുഥത്തിലെ അസ്ഥിത്വം ഭൂമിക്ക് നഷ്ടമാകുമെന്ന് ശാസ്ത്രജ്ഞർ ഭയക്കുന്നു. സ്വരചേർച്ചയിൽ കഴിഞ്ഞിരുന്ന ചന്ദ്രൻ എന്നെന്നേക്കുമായി ഭൂമിയെ വിട്ടുപോകുമത്രെ. അതേ സമയം മറ്റൊരു ഗൗരവചർച്ച ചന്ദ്രനില്ലാത്ത ഭൂമി എങ്ങനെയാവും എന്നതിനെക്കുറിച്ചാണ്. ചാന്ദ്രസാന്നിധ്യമില്ലാതായാൽ ഭൂമിയിലെ പകലുകളുടെ ദൈർഘ്യം കൂടും. ഇപ്പോൾ തന്നെ ഓരോ നൂറ്റാണ്ടിലും ദിവസങ്ങളുടെ ദൈർഘ്യം രണ്ടു മില്ലിസെക്കൻഡ് വീതം കൂടുന്നുണ്ട്. മുൻപുള്ള ഡെവോനിയൻ കാലത്തിലേതു പോലെ ഇനി ഒരു വർഷം നാനൂറു ദിവസമുണ്ടാകും. 24 മണിക്കൂറിനു പകരം 21.8 മണിക്കൂറാകും ദിനദൈർഘ്യം. അതുമല്ല ദിവസം എട്ടുമണിക്കൂറായി കുറഞ്ഞാൽ വർഷം 1400 ദിവസങ്ങൾ വരെയുണ്ടാകും. ഋതുക്കളുടെ തീവ്രതയും വർധിക്കുമെന്നാണു ശാസ്ത്രകാരൻമാരുടെ കണക്കുകൂട്ടൽ. ഭൂമിയുടെ ഭ്രമണവേഗത കുറയുന്നതോടെ ശൈത്യകാലത്ത് അതിശൈത്യമുണ്ടാകും. വേനൽക്കാലം ചുട്ടുപൊള്ളുകയും ചെയ്യും. ഋതുക്കളുടെ ഈ മാറ്റം അതിജീവിക്കാൻ ഭൂമിയിലെ ജീവജാലങ്ങൾക്ക് കഴിയില്ലെന്നും അവർ പറയുന്നു. ഇതുകൊണ്ടും തീരുന്നില്ല പ്രശ്നങ്ങൾ. കടലിലെ തിരമാലകൾ ഇല്ലാതാകും. ചന്ദ്രന്റെ ഗുരുത്വാകർഷണ ശക്തി കുറയുന്നതോടെ ശക്തമായ തിരമാലകൾ സമുദ്രത്തിൽ നിന്ന് അപ്രത്യക്ഷമാകും. ഇതിനൊപ്പം തന്നെ ഗ്രഹണങ്ങൾ പഴങ്കഥയാകും. കൂടുതൽ ദൂരത്തിലാകുന്നതോടെ സൂര്യനെ ചന്ദ്രന് മറയ്ക്കാനാകില്ല. ഇതോടെ സൂര്യനെയും ചന്ദ്രനെയും ഒരേ വലുപ്പത്തിൽ കാണാൻ കഴിയുന്ന അപൂർവ അവസരം നമുക്ക് നഷ്ടമാകും. കഴിയുന്നതും വേഗം ഇനിയുള്ള ഗ്രഹണങ്ങൾ കണ്ടുതീർക്കൂവെന്നാണു ശാസ്ത്രജ്ഞർ വാദിക്കുന്നത്. ഇനി ആശ്വസിക്കാനും വകയുണ്ട്. അത്ര വേഗമൊന്നും ഭൂമിയുമായുള്ള ബന്ധം ചന്ദ്രൻ ഉപേക്ഷിക്കില്ല. 500 കോടി വർഷങ്ങളെങ്കിലും വേണ്ടിവരും അത്തരമൊരു പ്രക്രിയയ്ക്ക്.

# ക്യാൻസറിനു മരുന്ന് ഗോമൂത്രം

**വെ**ച്ചൂർ അർക്ക എന്ന ബ്രാൻഡിനെക്കുറിച്ച് കേട്ടിട്ടുണ്ടോ. പൂക്കോട് കോളേജ് ഓഫ് വെറ്റിനറി സയൻസ് തയാറാക്കുന്ന ഗോമൂത്ര മരുന്നാണ് വെച്ചൂർ അർക്ക. അർബുദത്തിനുപയോഗിക്കുന്ന മരുന്നുകളുടെ പ്രവർത്തനം ശരീരത്തിൽ ത്വരിതപ്പെടുത്തുന്നതിനും പ്രതിരോധശേഷി വർധിപ്പിക്കുന്നതിനുമായാണ് ഗോമൂത്രം ശാസ്ത്രീയമായി വാറ്റിയെടുത്ത് മരുന്നായി ഉപയോഗിക്കുന്നത്. അതിരാവിലെ പശുക്കളിൽനിന്ന് മണ്ണിൽ വീഴാതെ നേരിട്ട് മൂത്രം ശേഖരിക്കുകയും ഇവ സംസ്കരിച്ചെടുക്കുകയുമാണ് ചെയ്യുന്നത്. മൂത്രം സംസ്കരിക്കുന്ന സാങ്കേതികവിദ്യയ്ക്കായി മുംബൈയിൽ നിന്ന് പ്രത്യേക ഗോമൂത്ര ഡിസ്റ്റിലേഷൻ യൂണിറ്റാണ് ഉപയോഗിക്കുക. 20 ലിറ്റർ ശേഷിയുള്ള ഈ യൂനിറ്റിൽനിന്ന് ഒരേസമയം അഞ്ചുമുതൽ 15 ലിറ്റർവരെ ഗോമൂത്രം സംസ്കരിച്ചെടുക്കാം. ഒരു ലിറ്റർ ഗോമൂത്രത്തിന്റെ 60 ശതമാനവും ഉപയോഗിക്കാൻ പറ്റും. മൂത്രം രണ്ടു തവണ വാറ്റിയെടുത്തു തണുപ്പിക്കും. പിന്നീട് ഇതിലെ അമോണിയ, യൂറിയ എന്നിവ പൂർണമായി നീക്കംചെയ്യും. ചില ധാതുക്കളും ആന്റി ഓക്സിഡന്റും ആണ് പിന്നെ ബാക്കിയാവുക. ഇതാണ് അർബുദചികിത്സയ്ക്ക് ഗുണകരമാകുന്ന വസ്തുവായി മാറുന്നത്. സംസ്കരിച്ചെടുത്ത മൂത്രത്തിന് ഗന്ധമുണ്ടാവില്ല. നാരങ്ങനീരോ മറ്റോ ചേർത്ത് ഇത് ആർക്കും കുടിക്കാം. കാലിത്തീറ്റയോ മറ്റു കൃത്രിമ ആഹാരപദാർഥങ്ങളോ കൊടുക്കാത്ത പശുക്കളിൽനിന്നുള്ള മൂത്രമാണ് ഇതിനായി ശേഖരിക്കുന്നത്. സാധാരണ പച്ചപ്പുല്ലും മറ്റു സസ്യങ്ങളും മാത്രമാണ് ഇവയ്ക്ക് കൊടുക്കുക. ചില മരുന്നുകളിൽ ചേർക്കാനായി ഗോമൂത്രം സാധാരണ ഇവിടെനിന്ന് കൊണ്ടുപോകാറുണ്ട്. കോട്ടക്കൽ ആര്യവൈദ്യശാല പ്രതിമാസം നാലായിരം ലിറ്റർ വെച്ചൂർ പശുവിന്റെ മൂത്രമാണ് ലിറ്ററിന് ആറുരൂപ നിരക്കിൽ ശേഖരിക്കുന്നത്.

# ധാരാവിയിലെ ബിനാലെ





രണ്ടാഴ്ചക്കാലം ധാരാവിയിലെ ചേരികളിൽ ഉത്സവമായിരുന്നു. ഒറ്റമുറി വീടുകളിൽ നിന്ന് പാട്ടും നൃത്തവുമായി സന്ധ്യകളിൽ അവർ തെരുവുകളിലിറങ്ങി. മനോഹരമായ 22 ഇൻസ്റ്റലേഷനുകൾ കൊണ്ട് ചെറുവഴികൾ അലങ്കരിച്ചു. ഏഷ്യയിലെ ഏറ്റവും വലിയ ചേരിനിവാസികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങളായിരുന്നു ബിനാലെയുടെ പ്രധാന പ്രമേയം. തെരുവോരത്തെ പണിക്കെട്ടിടങ്ങളിൽ വൈകുന്നേരങ്ങളിൽ അവർ ഒത്തുകൂടി ആശയങ്ങൾ പങ്കുവച്ചു. കലാവാസനയുള്ളവർ ജോലി ഉപേക്ഷിച്ച് മുന്നോട്ടുവന്നു. നഗരങ്ങളുടെ നിറപ്പകിട്ടിനു താഴെ കുപ്പത്തൊട്ടികളായ ചേരികളുണ്ടെന്ന് ബോധ്യപ്പെടുത്തുകയായിരുന്നു അവരുടെ ലക്ഷ്യം. രണ്ടുവർഷത്തെ ഒരുക്കം വേണ്ടി വന്നു അവർക്ക് ബിനാലെയ്ക്ക് തയാറെടുക്കാൻ. 2001 മുതൽ ചേരികളിലെ വിവിധ പ്രശ്നങ്ങളിൽ ഇടപെടുന്ന സ്നേഹ എന്ന എൻജിഒയാണ് മുഖ്യ സംഘാടകർ. സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾക്കെതിരേ പ്രതികരിച്ച് ദേശീയ ശ്രദ്ധ നേടിയ സംഘടനയാണ് സ്നേഹ. മൂന്നു വർഷം മുൻപ് ഇത്തരമൊരു ബിനാലെ നടത്തിയിരുന്നു. ബ്രിട്ടണിലെ ബയോമെഡിക്കൽ റിസേർച്ച് ചാരിറ്റിയായ വെൽക്കം ട്രസ്റ്റാണ് ധാരാവിയിലെ ബിനാലെ സ്പോൺസർ ചെയ്തതത്. ചേരികളിലെ വർക്ക്ഷോപ്പുകളിലാണ് ഇൻസ്റ്റലേഷനുകൾ നിർമിച്ചത്. മുന്നൂറോളം പാട്ടകൾ കൊണ്ട് നിതാന്ത് ഹിർലേകർ നിർമിച്ച ഇൻസ്റ്റലേഷൻ മാധ്യമശ്രദ്ധയാകർഷിക്കുകയും ചെയ്തു. വ്യവസായവൽക്കരണത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്ന ചിത്രങ്ങളായിരുന്നു ഈ ഇൻസ്റ്റലേഷന്റെ പ്രത്യേകത.

## ദന്തക്ഷയം; ലോകത്തെ 'ഏറ്റവും വലിയ' രോഗം



ലോകത്ത് ഏറ്റവുമധികം പേരെ ബാധിക്കുകയും ഭൂരിഭാഗവും ചികിത്സ തേടാതിരിക്കുകയും ചെയ്യുന്ന രോഗം പല്ലുകളുടെ അപചയമാണ്. ജേർണൽ ഓഫ് ഡെന്റൽ റിസേർച്ചിന്റെ സർവെ പ്രകാരം ലോകത്ത് 240 കോടി ജനങ്ങൾക്ക് ദന്തക്ഷയമുണ്ട്. കടുത്ത വേദന നല്കുന്നുണ്ടെങ്കിലും ഇവരൊന്നും ചികിത്സ തേടുന്നില്ലെന്നാണ് ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു. ദന്തക്ഷയം ബാല്യകാല രോഗം മാത്രമാണെന്നാണു പലരുടെയും വിചാരം. എന്നാൽ പ്രതിവർഷം 19 ലക്ഷം പേർക്ക് പുതുതായി ദന്തക്ഷയമുണ്ടാകുന്നു. ഇതിനു കാരണമാകുന്ന ഭക്ഷണ രീതികളെക്കുറിച്ചും റിപ്പോർട്ടിൽ പരാമർശമുണ്ട്. മധുര ഭക്ഷണം പരമാവധി ഒഴിവാക്കണമെന്നും ഇടയ്ക്കിടെയുള്ള ബേക്കറി ഭക്ഷണങ്ങൾ ഒഴിവാക്കണമെന്നും സർവേ റിപ്പോർട്ടിൽ പറയുന്നു.



# ഷെഹനായി മാന്ത്രികനും കായിക പ്രതിഭയ്ക്കും ഇനി ഭൂമി സ്വന്തം

**ഷെ**ഹനായിയിൽ വിസ്മയമായ സംഗീതജ്ഞൻ ഉസ്താദ് ഹസൻഭായിക്ക് ഈ ഭൂമിയിൽ തല ചായ്ക്കാൻ ഒരിടമായി. റവന്യു സർവേ അദാലത്തിൽ സർക്കാറിന്റെ

വാരിക്കൂട്ടിയ മെഡലുകൾ സുരക്ഷിതമായി സൂക്ഷിക്കാൻ നായന്മാർമൂല ടി.ഐ.എച്ച്.എസ്.എസിലെ ഈ വിദ്യാർത്ഥിയ്ക്ക് ഇതുവരെ ഒരിടമുണ്ടായി



**സംഗീതജ്ഞൻ ഉസ്താദ് ഹസൻഭായിക്ക് റവന്യു സർവേ അദാലത്തിൽ അനുവദിച്ച സ്ഥലത്തിന്റെ രേഖ റവന്യൂ മന്ത്രി അടൂർ പ്രകാശ് നൽകുന്നു.**

കാരുണ്യ ഹസ്തം തുണയായി. തെക്കിൽ വില്ലേജിൽ അഞ്ചുസെന്റ് സ്ഥലമാണ് റവന്യൂ മന്ത്രി അടൂർ പ്രകാശ് ഉസ്താദിന് അനുവദിച്ചത്. കേരള സംഗീത നാടക അക്കാദമിയുടെ ഈ വർഷത്തെ ഗുരുപൂജ അവാർഡ് ജേതാവ് കൂടിയായ ഹസ്സൻഭായി പത്തുവർഷത്തോളമായി വാടക വീടുകളിലാണ് താമസിച്ചുവരുന്നത്. ലോക പ്രശസ്ത ഷെഹനായ് മാന്ത്രികനായിരുന്ന ഉസ്താദ് ബിസ്മില്ലാ ഖാന്റെ കേരളത്തിലെ ഏക ശിഷ്യനാണ്. ഹസ്സൻഭായി. ബിസ്മില്ലാഖാനിൽ നിന്ന് വരദാനമായി ലഭിച്ച ഷെഹ്നായിയുമായാണ് കേരളത്തിനകത്തും പുറത്തും അദ്ദേഹം കച്ചേരി നടത്തുന്നത്. മുപ്പതോളം സംഗീതോപകരണങ്ങളിൽ പ്രാവീണ്യവുമുണ്ട് ഈ സംഗീതോപാസകന്.

ഭൂമി കിട്ടിയാൽ വീടു വയ്ക്കാൻ സഹായം ചെമ്മനാട് പഞ്ചായത്ത് അധികൃതർ വാഗ്ദാനം ചെയ്തിട്ടുണ്ട്.വീട് പണിയാൻ സഹായിക്കാമെന്ന് ചില സുമനസ്സുകളും അറിയിച്ചുണ്ട്. കിടപ്പിലായ ഭാര്യയും അവിവാഹിതയായ മകളും മരണപ്പെട്ട മകളുടെ മൂന്ന് മക്കളും, മകനും അടങ്ങുന്നതാണ് ഉസ്താദിന്റെ കുടുംബം. ഹസൻഭായി കുട്ടികളെ സംഗീതം പഠിപ്പിച്ചുകിട്ടുന്ന തുച്ഛവരുമാനത്തിനെ ആശ്രയിച്ചാണ് ഇവർ ജീവിക്കുന്നത്. ഈ വരുമാനത്തിൽ നിന്ന് വലിയ പങ്ക് വീട്ടുവാടകയിനത്തിൽ പോകുന്നത് ഈ നിർധന കുടുംബത്തിന് താങ്ങാവുന്നതിനപ്പുറമാണ്. ഈ ബുദ്ധിമുട്ട് തിരിച്ചറിഞ്ഞാണ് സർക്കാർ ഹസ്സൻഭായിക്ക് ഭൂമി അനുവദിച്ചത്. കാസർകോട് മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന റവന്യൂ-സർവ്വെ അദാലത്തിൽ റവന്യൂ മന്ത്രി അടൂർ പ്രകാശ് ഭൂമിയുടെ രേഖ ഉസ്താദിന് കൈമാറി.

ജ്യോതിപ്രസാദ് സംസ്ഥാന സ്കൂൾ കായിക മേളയിലെ വേഗം കൂടിയ ഓട്ടക്കാരനാണ്. കളിക്കളത്തിൽ നിന്ന് വാരിക്കൂട്ടിയ മെഡലുകൾ സുരക്ഷിതമായി സൂക്ഷിക്കാൻ നായന്മാർമൂല ടി.ഐ.എച്ച്.എസ്.എസിലെ ഈ വിദ്യാർത്ഥിയ്ക്ക് ഇതുവരെ ഒരിടമുണ്ടായിരുന്നില്ല. എന്നാൽ ദേശീയ-സംസ്ഥാന സ്കൂൾ കായികമേളകളിൽ മിന്നുന്ന പ്രകടനം കാഴ്ചവെച്ച ഈ കായികപ്രതിഭയ്ക്ക് ഇനി വാടക വീട്ടിൽ നിന്നും പടിയിറങ്ങാം. വീട് നിർമ്മിക്കാൻ അമ്പലത്തറ വില്ലേജിൽ ആറ് സെന്റ് സ്ഥലമാണ് സർക്കാർ നൽകിയത്. വീട് വെയ്ക്കാൻ സഹായം മടിക്കൈ പഞ്ചായത്ത് അധികൃതരും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കായികമേളയിൽ 100 മീറ്ററിലും 200 മീറ്ററിലും സ്വർണ്ണമെഡലും റാഞ്ചിയിൽ നടന്ന ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ 4x100 റീലേയിൽ സ്വർണ്ണമെഡലും 100 മീറ്ററിലും 200 മീറ്ററിലും വെങ്കലമെഡലും ജ്യോതി പ്രസാദ് കരസ്ഥമാക്കിയിട്ടുണ്ട്. അത്‌ലറ്റിക്സിൽ മകൻ ഓടി മുന്നേറുമ്പോഴും, സ്വന്തമായി ഇത്തിരി മണ്ണും തല ചായ്ക്കാൻ ഒരു വീടും, എന്ന ഈ കൗമാരക്കാരന്റെ മാതാപിതാക്കളെ എന്നും അലട്ടിയിരുന്ന ദുഃഖത്തിനാണ് സർക്കാർ സാന്ത്വനമേകിയത്. മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന റവന്യു-സർവ്വെ അദാലത്തിൽ റവന്യൂ മന്ത്രി അടൂർ പ്രകാശ് ജ്യോതിപ്രസാദിന് ഭൂമി അനുവദിച്ചു.

ഇങ്ങനെ സമൂഹത്തിന്റെ വിവിധതലങ്ങളിൽ നിസ്സഹായരായ ആയിരങ്ങൾക്ക് കരുതലിന്റേയും വികസനത്തിന്റേയും സ്നേഹസ്പർശവുമായാണ് റവന്യു സർവേ അദാലത്തിൽ മന്ത്രി അടൂർപ്രകാശ് എത്തിയത്.

*എം. മധുസൂദനൻ, അസിസ്റ്റന്റ് എഡിറ്റർ*
*കാസർകോട് ഇൻഫർമേഷൻ ഓഫീസ്*



ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന ന്യൂസ് ബുള്ളറ്റിൻ വികസന സമന്വയം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മന്ത്രി കെ.സി. ജോസഫിനു നൽകി പ്രകാശനം ചെയ്തപ്പോൾ. പി.ആർ.ഡി. സെക്രട്ടറി റാണി ജോർജ്ജ്, ഡയറക്ടർ മിനി ആന്റണി എന്നിവർ സമീപം

# സാഹിത്യമധുരം നുണഞ്ഞ് എഴുത്തുവഴിയിലെ യൗവനം

**ഡോ**. കെ.എം. ജോർജ് ജൻമശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസും ഡോ. കെ.എം. ജോർജ് ഫൗണ്ടേഷനും സംയുക്തമായി കോഴഞ്ചേരി മാരാമൺ റിട്രീറ്റ് സെന്ററിൽ സംഘടിപ്പിച്ച ദ്വിദിന സാഹിത്യ ക്യാമ്പ് എഴുത്തുവഴിയിലെ യുവമനസുകൾക്ക് നവ്യാനുഭവമായി. പമ്പാതീരത്തു നടന്ന ക്യാമ്പിൽ എഴുത്തിന്റെ പുതുവഴികളെക്കുറിച്ചും മലയാളസാഹിത്യത്തിലെ മാറ്റങ്ങളെക്കുറിച്ചും സാഹിത്യത്തിലെ പ്രഗത്ഭമതികളിൽ നിന്ന് അവർ കേട്ടറിഞ്ഞു. സാഹിത്യകാരുമായി സംവദിച്ചും അവരുടെ അനുഭവങ്ങൾക്ക് കാതോർത്തും യൗവനം സാഹിത്യത്തോടുള്ള തീക്ഷ്ണമായ പ്രണയത്തെ ജ്വലിപ്പിച്ചു.


മുതിർന്ന സാഹിത്യകാരൻമാരായ ഡോ. ജോർജ് ഓണക്കൂർ, ഡോ. ആറൻമുള ഹരിഹരപുത്രൻ, ഡോ. കെ.എം. വേണുഗോപാൽ, ബെന്യാമിൻ, യു.കെ. കുമാരൻ, റോസ്മേരി, ആർ. ശരത്, ഡോ. റോയിസ് മല്ലശേരി എന്നിവരാണ് ക്യാമ്പിനെത്തിയ സാഹിത്യ വിദ്യാർഥികളുമായും യുവ എഴുത്തുകാരുമായും സംവദിച്ചത്. പ്രമുഖ സാഹിത്യകാരൻ മുണ്ടൂർ സേതുമാധവനായിരുന്നു ക്യാമ്പ് ഡയറക്ടർ. ഡോ. കെ.എം. ജോർജിന്റെ സഹപാഠികൂടിയായിരുന്ന ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മലയാള ഭാഷയെ സമൂഹത്തിന് അനുഗ്രഹമായി ഉയർത്തണമെന്ന് മാർ ക്രിസോസ്റ്റം പറഞ്ഞു. ഇംഗ്ലീഷ് ഭാഷ അത്യാവശ്യമാണെങ്കിലും അതിന് മലയാളികൾ അമിത പ്രാധാന്യം നൽകുന്നു. വല്യമ്മയോട് കൊച്ചുമക്കൾ സംസാരിക്കാതിരിക്കാനുള്ള സംസ്കാരമാണ് ഇംഗ്ലീഷ് നിർബന്ധിച്ച് പഠിപ്പിക്കുന്നതിലൂടെ സംഭവിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജില്ലാ കളക്ടർ എസ്. ഹരികിഷോർ അധ്യക്ഷത വഹിച്ചു. ജീവിതത്തിൽ വിജയം വരിക്കാൻ ഇംഗ്ലീഷ് വേണമെന്നത് തെറ്റിദ്ധാരണയാണെന്നും മാതൃഭാഷയിലൂടെ ഇത് സാധ്യമാണെന്നും കളക്ടർ അഭിപ്രായപ്പെട്ടു. ഡോ.കെ.എം. ജോർജിന്റെ വിദ്യാർഥിയായിരുന്ന മുതിർന്ന മാധ്യമപ്രവർത്തകൻ കെ.എൻ. രവീന്ദ്രൻ അദ്ദേഹത്തിന്റെ ഓർമകൾ പങ്കുവച്ചു.

ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പും ഡോ. കെ.എം. ജോർജ് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച ഡോ. കെ.എം. ജോർജ് ജൻമശതാബ്ദി ആഘോഷ പരിപാടിയുടെ ഭാഗമായാണ് സാഹിത്യ ക്യാമ്പ് സംഘടിപ്പിച്ചത്. ജന്മശതാബ്ദി ആഘോഷം കോഴഞ്ചേരിയിൽ നടന്ന ചടങ്ങിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയായിരുന്നു ഉദ്ഘാടനം ചെയ്തത്. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ ആറന്മുള സത്രത്തിൽ സംഘടിപ്പിച്ച ഡോ. കെ.എം. ജോർജിന്റെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങൾ അടങ്ങിയ ഫോട്ടോകളുടെ പ്രദർശനത്തിനും മികച്ച പ്രതികരണമാണ് പൈതൃക ഗ്രാമമായ ആറന്മുളയിൽ നിന്ന് ലഭിച്ചത്. തിരുവനന്തപുരത്ത് താമസമാക്കിയ ഡോ. കെ.എം. ജോർജിന്റെ മകളുടെ പക്കലുള്ള അപൂർവ ഫോട്ടോകളാണ് പ്രദർശനത്തിനായി പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസിന് കൈമാറിയത്.

*പ്രതീഷ് ഡി. മണി,*
*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ*
*പത്തനംതിട്ട ഇൻഫർമേഷൻ ഓഫീസ്*



ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത സാഹിത്യ ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു



# മലയോരത്തിന്റെ മനസ്സുനിറച്ച് ക്ഷീര കർഷകസംഗമം



**ക്ഷീരകർഷക സംഗമം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു**

**ക**ണ്ണൂർ ജില്ലയിൽ കർണാടകയുമായി അതിർത്തി പങ്കിടുന്ന മലയോര ഗ്രാമമായ മണിക്കടവിന്റെ മനസ്സു നിറച്ചാണ് സംസ്ഥാന ക്ഷീരകർഷക സംഗമം അരങ്ങേറിയത്.

രണ്ടു വർഷത്തിനുള്ളിൽ ക്ഷീരോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സംസ്ഥാനത്തിനു കഴിയണമെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. സംസ്ഥാനത്തെ ക്ഷീരകർഷകർ ഇത് വെല്ലുവിളിയായി ഏറ്റെടുക്കണം- മുഖ്യമന്ത്രി പറഞ്ഞു.

പാലുൽപാദനത്തിൽ സംസ്ഥാനം രാജ്യത്ത് മൂന്നാം സ്ഥാനത്ത് എത്തിയതായി കൃഷിവകുപ്പ് മന്ത്രി കെ പി മോഹനൻ പറഞ്ഞു. നേരത്തേ ഏഴ് ലക്ഷം ലിറ്ററായിരുന്ന അന്യസംസ്ഥാന പാൽവരവ് ഇപ്പോൾ രണ്ട് ലക്ഷമായി കുറഞ്ഞതായി ക്ഷീരവികസന വകുപ്പ് മന്ത്രി കെ സി ജോസഫ് പറഞ്ഞു. ലോകത്തിലെ ഏറ്റവും ഉയരം കുറഞ്ഞ പശുവെന്ന ഗിന്നസ് റെക്കോർഡ് സ്വന്തമാക്കിയ വെച്ചൂർ ഇനത്തിൽപ്പെട്ട മാണിക്യം സംഗമത്തിലെ പ്രധാന ആകർഷണമായി. ആറ് വയസ്സുകാരി മാണിക്യത്തിന്റെ ഉയരം 61.1 സെന്റീമീറ്റർ മാത്രമാണ്. വയനാട് സിവിൽ സ്റ്റേഷനിലെ ഡയറി സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രദർശന സ്റ്റാളും ശ്രദ്ധേയമായി.

ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഒരുക്കിയ സ്റ്റാളിന്റെ ഉദ്ഘാടനം മന്ത്രി കെ.പി. മോഹനൻ നിർവഹിച്ചു. മന്ത്രി കെ.സി. ജോസഫ്, അഡ്വ. സണ്ണി ജോസഫ് എം.എൽ.എ., ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി. സുഗതൻ തുടങ്ങിയവർ സംബന്ധിച്ചു.

***ശ്രീജിത് കൃഷ്ണൻ,*** *സബ് എഡിറ്റർ, കണ്ണൂർ*

# രാഷ്ട്രപതിയുമായി ഒരു മാധ്യമ കൂടിക്കാഴ്ച

**ഇ**ന്ത്യയുടെ പ്രഥമ പൗരൻ ആലപ്പുഴയിലെ മാധ്യമപ്രവർത്തകർക്ക് മുന്നിൽ മനസ്സ് തുറന്നു. 'കേരളം ഒരുപാട് ഇഷ്ടമാണ്, ആലപ്പുഴയുടെ കായൽ സൗന്ദര്യവും; കേരളത്തിൽ വീണ്ടും വരും...' രാഷ്ട്രപതി പ്രണബ് മുഖർജി പറഞ്ഞു.

ആലപ്പുഴയിലെ മാധ്യമപ്രവർത്തകരും രാഷ്ട്രപതിയുമായുള്ള കൂടിക്കാഴ്ചയിലാണ് കേരളത്തോടുള്ള പ്രത്യേക സ്നേഹം പ്രഥമ പൗരൻ വെളിപ്പെടുത്തിയത്. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പാണ് കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കിയത്.

ആലപ്പുഴ പ്രസ് ക്ലബ് പ്രസിഡന്റ് ജാക്സൺ ആറാട്ടുകുളം രാഷ്ട്രപതിയ്ക്ക് പൂച്ചെണ്ട് നൽകി. തുടർന്ന് രാഷ്ട്രപതിയുമൊത്ത് ഫോട്ടോ സെഷൻ. അതിനു ശേഷം ഓരോരുത്തരെയും പ്രത്യേകം പരിചയപ്പെടാനും അദ്ദേഹം മറന്നില്ല. രാഷ്ട്രപതിയുടെ അഡീഷണൽ സെക്രട്ടറി ഡോ. തോമസ് മാത്യു ഒപ്പമുണ്ടായിരുന്നു.

വിശിഷ്ട വിഭവങ്ങൾ നിറഞ്ഞ വിരുന്നും മാധ്യമപ്രവർത്തകർക്കായി രാഷ്ട്രപതി ഭവനിൽ ഒരുക്കി. വിശാല പൂന്തോട്ടമായ മുഗൾ ഗാർഡൻ സന്ദർശിക്കാനും അവസരം ഒരുങ്ങി.



**ആലപ്പുഴയിലെ മാധ്യമസംഘം രാഷ്ട്രപതിക്കൊപ്പം**

പി.ആർ.ഡി ന്യൂഡൽഹി ഡെപ്യൂട്ടി ഡയറക്ടർ പി.ആർ. റോയി, ഇൻഫർമേഷൻ ഓഫീസർ ഡോ. സി വേണുഗോപാൽ, അസിസ്റ്റൻറ് എഡിററർ കെ. ദീപ, ആലപ്പുഴ ജില്ല ഇൻഫർമേഷൻ ഓഫീസിലെ അസിസ്റ്റൻറ് എഡിററർ എ. അരുൺ കുമാർ, ഫോട്ടോഗ്രാഫർ പി. ഡാലു, ആലപ്പുഴ പ്രസ് ക്ലബ് സെക്രട്ടറി കെ.ജി മുകുന്ദൻ തുടങ്ങിയവർ നേതൃത്വം നല്കി.

***കെ.ദീപ,*** *അസി.എഡിറ്റർ,*

*ഇൻഫർമേഷൻ ഓഫീസ്, കേരളഹൗസ്,ന്യൂഡൽഹി*

■ എം. ശ്രീനാഥൻ

# അണി

മലയാളഭാഷയിൽ നാമവും ക്രിയാധാതുവും ക്രിയാനാമവും വിശേഷണവുമൊക്കെയായി ഉപയോഗിക്കുന്ന വാക്കാണ് അണി. അണിയുകയെന്ന അകർമകക്രിയയിലെയും അണിയിക്കുകയെന്ന സകർമകക്രിയയിലെയും ക്രിയാധാതുവാണിത്. അലങ്കരിക്കുക, ധരിക്കുക, ഒരുങ്ങുക എന്നിങ്ങനെയാണ് 'അണിയുക'കൊണ്ട് അർഥമാക്കുന്നത്. 'മെയ്യിൽ പറ്റുക' 'ചേരുക' എന്നീ വിവക്ഷകളും 'അണി'ക്കുണ്ട്. അണിയൽ അലങ്കാരമാണ്. പുഷ്പംകൊണ്ട് ദേഹവും ഗൃഹവും അലങ്കരിക്കലാണത്. ആഭരണം, വസ്ത്രം എന്നീ അർഥങ്ങളുമുണ്ട് അണിയലിന്. അണിയൽ ചമയലാണ്. ആഭരണാദികൾ കൊണ്ടലങ്കരിക്കുകയാണ് ചമയൽ. ഒപ്പം, ഒരുങ്ങലും വേഷം കെട്ടലുമാണത്. അണിയലം അണിയാനുള്ള വേഷവും ആഭരണവുമാണ്. അണിവും അണിയൽ തന്നെ. ശരീരത്തിന്റെ മാറ്റുകൂട്ടുന്നതിന് ബാഹ്യമായി പലവസ്തുക്കളും ശരീരത്തിൽ പറ്റിച്ചുചേർത്താണല്ലോ ഒരുങ്ങുക. ' അണിഞ്ഞൊരുങ്ങി', 'ചമഞ്ഞൊരുങ്ങി' എന്നീ പ്രയോഗങ്ങളിലും അണിയുകവഴിയുള്ള ഒരുക്കത്തെയാണ് സൂചിപ്പിക്കുന്നത്. അണിക്ക് അഴകെന്നും ആഭരണമെന്നും അർഥമുണ്ട്. അഴകും ആഭരണവും തമ്മിലുള്ള ബന്ധവും അണിയിലുണ്ട്. 'കൂട്ടം' നിരനിരയായി നിറുത്തൽ, സേനയുടെ നില, സൈനികവകുപ്പ് എന്നീ അർഥങ്ങളോടൊപ്പം സൂചിയുടെ അഗ്രം, വണ്ടിചക്രത്തിന്റെ ആണി, ആയുധത്തിന്റെ മുന എന്നീ അർഥങ്ങളും അണിക്കുണ്ട്.


മേല്പറഞ്ഞതിൽ നിന്ന് ശരീരത്തെ അലങ്കരിക്കുന്നതാണ് പ്രാധാന്യമെന്ന് കണ്ടു. ബാഹ്യ ശരീരത്തിന്റെ കാന്തി വർധിപ്പിക്കാനുള്ളതാണ് ഒരുക്കം. സൗന്ദര്യവസ്തുക്കൾകൊണ്ടോ, വേഷഭൂഷാദികൾകൊണ്ടോ ഉള്ള അലങ്കാരമാണത്. ശരീരത്തിന്റെ അലങ്കാരവുമായി ബന്ധപ്പെടുത്തി അണിയുക, അണിയിക്കുക എന്നീ രണ്ടു ക്രിയാരൂപങ്ങളെയും മനസ്സിലാക്കാം. കാതിലണിയുന്നതാണ് കാതണി. സ്വർണമണിഞ്ഞവൾ സുന്ദരിയായി വാരിയണിഞ്ഞവൾ വയസ്സറിയിച്ചു, കാതണി ഉത്സവം എന്നിങ്ങനെ വ്യത്യസ്ത പ്രയോഗങ്ങൾ അണിയുമായി ബന്ധപ്പെട്ട് നിലവിലുണ്ട്.

സൈന്യവുമായി ബന്ധപ്പെട്ട് പറയാറുള്ള അണിക്ക്, പട്ടാളവേഷമണിഞ്ഞ് നിരനിരയായി നിൽക്കുന്ന പട്ടാളക്കൂട്ടവുമായാണ് ബന്ധം. ചട്ടത്തിനും ചിട്ടയ്ക്കുമനുസരിച്ച് പ്രവർത്തിക്കേണ്ടവരാണ് സൈന്യത്തിലെ 'അണി'. വ്യക്തിക്കല്ല പ്രാധാന്യം, ചിട്ടക്കാണ്. രൂപത്തിലും പ്രവൃത്തിയിലും ഐക്യത നിർബന്ധമാണ് സൈന്യത്തിൽ. ഒരേ മനസ്സും ഒരേ ശരീരവുമായി പടയാളികളുടെ കർമം നിർവഹിക്കാനുള്ളതാണ് അണി.

മലയാളത്തിൽ ഇന്ന് ഏറ്റവും സജീവമായി പ്രയോഗത്തിലുള്ള വാക്കാണ് അണി. എന്നാലതൊന്നും മുമ്പ് പറഞ്ഞ അർഥങ്ങളിലല്ല. ശബ്ദതാരാവലിയിൽ പ്രവേശനം ലഭിക്കാത്ത ഒരു പ്രയോഗമാണിത്. അനുയായികളുടെ കൂട്ടായ്മയായ അണിയാണിവിടെ ഉദ്ദേശിക്കുന്നത്. ഒരു പ്രസ്ഥാനത്തിന്റെ പക്ഷത്തുള്ളവർ, പാർട്ടിയുടെ അനുചരരാണ്. നേതാവിന്റെയോ പാർട്ടിയുടെയോ പിന്നാലെ  പോകുന്നവരാണ്. ഒരു ആചാര്യനെ അല്ലെങ്കിൽ പ്രസ്ഥാനത്തെ അനുസരിക്കുന്ന അനുയായികളും അനുയായിനികളും ചേർന്നതാണ് ഓരോ പാർട്ടിയുടെയും അണി. പാർട്ടികളുടെ പരിവാരമാണ് അണി. പാർട്ടിക്കൊപ്പമുള്ള അനുയാത്രികരാണവർ.

സൈന്യവും പാർട്ടി പ്രസ്ഥാനങ്ങളും ഒന്നല്ല. സൈന്യവുമായി ബന്ധപ്പെട്ട നിരയിൽനിന്ന് പ്രസ്ഥാന നിരയിലേക്കെത്തുമ്പോളും സൈനികമായ ചിട്ടവട്ടങ്ങൾക്കധികം അയവു വരുന്നില്ല. സൈന്യത്തിലുള്ള വേഷത്തിന്റെയും ചലനത്തിന്റെയും ഏകമാനതകൾക്ക് പ്രസ്ഥാനത്തിൽ ചില സന്ദർഭങ്ങളിൽ അയവുകാണാം. എങ്കിലും അടിസ്ഥാനപരമായി പരിണാമം സംഭവിക്കുന്നില്ല. സൈന്യത്തിന്റെയും പാർട്ടിയുടെയും ഭിന്നതയ്ക്കപ്പുറം നിലനിൽക്കുന്ന ആന്തരിക സമാനതയായി നിലയുറപ്പിക്കുകയാണ് 'അണി'യെന്നുപറയാം. അണിയിൽ നിന്ന് വിമതനിലേക്കുള്ള അകലമാണ് അണിയുടെ മൂല്യം പ്രസ്ഥാനത്തിൽ നിർണയിക്കുന്നത്. വിമതൻ അണിയല്ല, ശത്രുവാണ്. പക്ഷവിരുദ്ധനും വെറുക്കപ്പെട്ടവനുമാണ്. അനിഷ്ടമായത് ചെയ്യുന്നവനും യോജിപ്പില്ലാത്തവനുമാണ്. അണിയിൽ നിന്ന് കുതറിമാറിയവരോ പാർട്ടി അനുശാസിക്കുന്ന ചട്ടങ്ങളും ചിട്ടകളും അനുസരിക്കാത്തവരുമൊക്കെയാകാം വിമതർ. അനുചരനല്ലാത്തവർ അനുയായിയുമല്ല. അവരൊക്കെ വെറുക്കപ്പെട്ടവർതന്നെ. അണിയുടെ  ചിട്ടവട്ടത്തിലല്ലാത്തവർ ശിക്ഷയ്ക്കു വിധേയരാണ്. സൈന്യത്തിലായാലും പ്രസ്ഥാനത്തിലായാലും വ്യവസ്ഥ ഒന്നുതന്നെ. പ്രസ്ഥാനവും സൈന്യവും തമ്മിലുള്ള ആന്തരികബന്ധം ഇത്രയും ദൃഢമാണെന്നത് നമ്മെ അദ്ഭുതപ്പെടുത്തിയേക്കാം. സൈന്യം ഭരണകൂട അവയവും പ്രസ്ഥാനം ഭരണകൂട വിരുദ്ധവുമായിരിക്കുമ്പോൾപ്പോലും അണി സമാനമായ അർഥം പങ്കിടുന്നു.

അണിദ്വാരം, അഞ്ചു ഹസ്തമുള്ള അറുത്തൂട്ടിവാതിലാണ്. മേൽക്കട്ടി കെട്ടിയ അലങ്കരിച്ച പന്തലാണ് അണിപ്പന്തൽ. മനോഹരമായ ചന്ദ്രബിംബമാണ് അണിമതി. അണിമർമം അണിമർമം തന്നെ. ഭംഗിയുള്ള കിരീടത്തെ അണിമവൂലി എന്നാണ് പറയുക. അതിസൂക്ഷ്മമായ  ഭാവമാണ് അണിമാവ്.അണുത്വവും അഷ്ടൈശ്വര്യങ്ങളിൽ ഒന്നാമത്തേതുമാണത്. ചെറുതാകണമെന്നു തോന്നിയാൽ അങ്ങനെയാകാനുള്ള സിദ്ധിയെയും അണിമാവെന്നു പറയും. അണിഷ്ട അണുവാണ്. അണിമാണ്ഡവ്യൻ വിദ്വാനായ ഒരു ബ്രാഹ്മണ ഋഷിയാണ്. ■



■ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# കരുതലുമായി ജനസമ്പർക്കം വീണ്ടും

ജനങ്ങളുടെ ആവശ്യങ്ങൾക്കും ആവലാതികൾക്കും കാലതാമസം കൂടാതെ പരിഹാരം കാണുകയെന്നതാണ് ജനസമ്പർക്കപരിപാടിയുടെ ലക്ഷ്യം. ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ ലക്ഷ്യപ്രാപ്തിക്ക് രണ്ടു തവണ ജനസമ്പർക്ക പരിപാടി അവതരിപ്പിച്ചു. അത് വൻവിജയമായിത്തീർന്ന പശ്ചാത്തലത്തിലാണ് മൂന്നാമത്തെ ജനസമ്പർക്ക പരിപാടി നടത്താൻ തീരുമാനിച്ചിരിക്കുന്നത്. അടുത്ത മാസം മുതൽ കരുതൽ 2015 എന്ന പേരിൽ 14 ജില്ലകളിലും ജനസമ്പർക്കപരിപാടി നടത്തുന്നതാണ്. സർക്കാർ നടപടികളിലെ കാലതാമസം ആവശ്യക്കാരന്റെ പ്രതീക്ഷയ്ക്ക് മങ്ങലേൽപ്പിക്കുന്ന ഒരു സാഹചര്യം നിലവിലുണ്ട്. അത് പരമാവധി കുറയ്ക്കുന്നതിന് ജനസമ്പർക്കപരിപാടിക്ക് സാധിക്കുന്നുണ്ട്.

ജനങ്ങൾക്കിടയിൽ നിൽക്കുമ്പോൾ ലഭിക്കുന്ന ആത്മവിശ്വാസവും സംതൃപ്തിയും പറഞ്ഞറിയിക്കാനാകാത്തതാണ്. അവരുടെ സങ്കടങ്ങൾ കേട്ട് പരിഹാരം കാണാൻ കഴിയുമ്പോൾ ഒരു ഭരണാധികാരിയെന്ന നിലയിൽ ഞാൻ കുറേക്കൂടി ജനങ്ങൾക്കടുത്തേക്ക് എത്തുന്നതായാണ് തോന്നുന്നത്.

ആദ്യം നടത്തിയ ജനസമ്പർക്കത്തിൽ 5,51,352 പരാതികൾ ലഭിക്കുകയുണ്ടായി. അതിൽ 3,10,183 പരാതികൾക്ക് പരിഹാരം കാണാനും 23.84 കോടി രൂപ ധനസഹായം അനുവദിക്കാനും കഴിഞ്ഞു. തുടർന്ന് നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ആദ്യം കിട്ടിയ പാതികൾ 3,19,611 ആണ്. ഇവയ്ക്കുവേണ്ടി 44.05 കോടി രൂപ അനുവദിക്കുകയുണ്ടായി. തുടർന്നു കിട്ടിയ പരാതികളും വലിയ തോതിൽ പരിഹരിക്കാൻ കഴിഞ്ഞു.

ജനസമ്പർക്കപരിപാടിയെക്കുറിച്ച് ധാരാളം ആക്ഷേപങ്ങളുണ്ടായി. ഒരു മുഖ്യമന്ത്രി ക്ലർക്കിന്റെ പണി ചെയ്യുകയാണെന്നായിരുന്നു പ്രധാന ആക്ഷേപം. എന്നാൽ  ജനസമ്പർക്ക പരിപാടികളിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിച്ചിരുന്ന അനേകം സർക്കാർ ഉത്തരവുകളെ ജനോപകാരപ്രദമായ രീതിയിൽ മാറ്റിയെടുക്കാൻ എനിക്ക് കഴിഞ്ഞു. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളെ  ബുദ്ധിമുട്ടിക്കാതെ അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയെന്നത് പരമപ്രധാനമാണ്.

അടുത്ത ജനസമ്പർക്ക പരിപാടി – കരുതൽ 2015 ഏപ്രിൽ 20 ന് ആരംഭിക്കുകയാണ്. ഇതുവരെ നടത്തിയ ജനസമ്പർക്കപരിപാടികളിലെ പാകപ്പിഴകൾ മുഴുവൻ പരിഹരിച്ചുകൊണ്ട് സഹായം ആവശ്യമുള്ളവർക്ക് ഏറ്റവും വേഗത്തിൽ അവ നൽകുന്നതിന് മുൻഗണന നൽകും. പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കും. ജനസമ്പർക്ക പരിപാടി ഒരു ഒറ്റയാൾ പ്രവർത്തനമല്ല. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഇത്തരത്തിൽ വിപുലമായൊരു ജനപങ്കാളിത്തപരിപാടി വിജയിപ്പിക്കാനാകൂ. ഉദ്യോഗസ്ഥരുടെ തുറന്ന സമീപനത്തോടെയുള്ള ജാഗ്രത്തായ പ്രവർത്തനവും പരിപാടിയുടെ വിജയത്തിനു പരമപ്രധാനമാണ്. ഐക്യരാഷ്ട്രസഭ പോലും അംഗീകരിച്ച  ഈ പരിപാടിയുടെ വിജയത്തിന് എല്ലാവിധ സഹകരണവും അഭ്യർഥിക്കുന്നു. ■